സീതാലക്ഷ്മീദേവ്

# മലയാളനാട്

ചീഫ് എഡിററർ
എസ്. കെ. നായർ
എഡിററർ
വി. ബി. സി. നായർ

(th November 1977 Phone: 2825, 3362

**ലേഖനം**

സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ
മാനസികാപഗ്രഥനത്തിലെ
സിദ്ധാന്തത്രയം
സെബാസ്റ്റ്യൻ, പുതുവീട്ട്
കേശവദേവ് എന്റെ നിത്യകാമുകൻ
സീതാലക്ഷ്മീദേവ്
വയലാർ അവാർഡ്

**കവിത**

വായില്ലാം കുന്നിലപ്പൻ
പി. ടി. നരേന്ദ്രമേനോൻ

**കഥ**

അവളുത്തേടി
ജോയി ജെ.കൈമാപറമ്പൻ
ഞാൻ (നീണ്ടകഥ)
ഉണ്ണികൃഷ്ണൻ

സമാന്തരങ്ങളിൽ സഞ്ചരിക്കുന്നവർ
ജാനമ്മ
വെറും ഭ്രാന്ത്
പി. സുബ്ബയ്യാപിള്ള

**നോവൽ**

കാമിനി പ്രിയ കാമിനി
ഏകലവ്യൻ
ധർമ്മപുരാണം
ഒ. വി. വിജയൻ
ഈ നാട്ടുകളുടെ ലോകം
കാക്കനാടൻ

**സ്ഥിരം പംക്തികൾ**

ഗ്രന്ഥനിരൂപണം
എം. ജി. കെ. നായർ
വായനക്കാരുടെ കത്തുകൾ
കാർട്ടൂൺ ഗോപൻ

മുഖചിത്രം
ഫോട്ടോ! ജേവ്

# സാഹിത്യവാരഫലം

**എം. കൃഷ്ണൻനായർ**

വിശ്വവിഖ്യാതനായ ഫ്രഞ്ച്പ്രബന്ധകാരൻ മൊണ്ടേൻ, (ഇംഗ്ളീഷുച്ചാരണം) കാമുകൻ കാമുകിയെ വിവാഹം കഴിക്കുന്നതിനെക്കുറിച്ച് വിചിത്രമായ ഒരഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അഭിപ്രായം സത്യം തന്നെ. പക്ഷേ, അതാ വിഷ്കരിച്ചരീതിയാണ് വിചിത്രം. മൊണ്ടേൻ പറയുന്നു: "Marrying your mistress is like shitting in your hat before you put it on your head" [കാമുകിയെ കല്യാണം കഴിക്കുന്നത് തൊപ്പി തലയിൽ വയ്ക്കുന്നതിനു മുമ്പ് അതിൽ വിസർജ്ജനം നടത്തുന്നതു പോലെയാണ്]. കാമോത്സുകതയ്ക്കും വൈഷമ്യകതപത്തിനും അമിതപ്രാധാന്യം കല്പിച്ച ഈ ഫ്രഞ്ചെഴുത്തുകാരൻ ദാമ്പത്യജീവിതത്തിന്റെ വൈരസ്യത്തിലേക്കാണ് കൈചൂണ്ടുന്നത്. വിവാഹം കഴിഞ്ഞാൽ കാമുകി ഭാര്യയാകുന്നു. ഭാര്യക്ക് ഭർത്താവിനെ ആഹ്ളാദിപ്പിക്കാൻ കഴിയുകയില്ല. അതുകൊണ്ട് സ്ത്രീയും പുരുഷനും ജീവിതകാലമത്രയും കാമുകിയും കാമുകനുമായി കഴിഞ്ഞുകൊള്ളണം. അതു സാദ്ധ്യമല്ല. സമ്മതിച്ചു. ഇനി അവർ ഷാ പറയുന്നതു പോലെ "ദാമ്പത്യജീവിതത്തിന്റെ ശാശ്വതനരകത്തിൽ" വീണെന്നു വിചാരിക്കുക. അവരെന്തു ചെയ്യണം? ഭർത്താവിന് വേറെ കാമുകിയാവാം. ഭാര്യക്കു കാമുകനും ആവാം. രണ്ടുപേരും തങ്ങളുടെ ബന്ധങ്ങൾ രഹസ്യമായി വച്ചേക്കണം. അത്രേയുള്ളൂ. ഇതു് എന്റെ അഭിപ്രായമല്ല. മൊണ്ടേന്റെ കാലത്തുള്ള യൂറോപ്യൻ സദാചാരം അങ്ങനെയായിരുന്നു. റോമൻ കവിയായ ഒവിഡ് The Art of Love (കാമകല) എന്നൊരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. അതിൽ കാമുകിയുടെ ഭർത്താവിനോട് കാമുകൻ ഇങ്ങനെ പറയുന്നു:— "മഹാ, നിനക്കു നിന്റെ ഭാര്യയെ സൂക്ഷിക്കണമെന്നില്ലെങ്കിൽ എനിക്കു വേണ്ടിയെങ്കിലും അങ്ങനെ ചെയ്യൂ. എങ്കിലേ എനിക്ക് അവളോടുള്ള ആഗ്രഹം വർദ്ധിക്കുകയുള്ളൂ." യേശുക്രിസ്തുവിനു മുൻപായിരുന്നു ഒവിഡിന്റെ കാലം. വ്യഭിചാരത്തെക്കുറിച്ച് അന്നുണ്ടായിരുന്ന മാനസികനിലതന്നെ മൊണ്ടേന്റെ കാലത്തുമുണ്ടായിരുന്നു എന്നല്ലേ നമ്മൾ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്. Madame, I love mysterious women, since you are one എന്നു് മർസൽ പ്രൂസ്റ്റ് എഴുതി അയച്ചതു് കാമുകിയ്ക്കാണ്; ഭാര്യയ്ക്കല്ല. Dearest,— I wish I had the gift of making rhymes, for me thinks there is poetry in my head and heart since I have been in love with you. You are a poem. Of what sort? Epic? Mercy on me, no! A sonnet? No; for that is too labored and artificial. You are a sort of sweet, simple, gay, pathetic ballad, which Nature is singing, sometimes with tears, sometimes with smiles and sometimes with intermingled smiles and tears" എന്നു് നതാനിയൽ ഹോതോൺ, സോഫിയഹോതോണിനു് എഴുതി അയച്ചു. അതു് അവരുടെ വിവാഹത്തിനു മുൻപായിരുന്നു. കല്യാണത്തിനുശേഷം ഇത്രമനോഹരമായ പ്രേമലേഖനം ആര്ക്ക് എഴുതാൻ കഴിയും? പരകളത്രാഭിഗമനവും അന്യപുരുഷാഭിഗമനവും ഏതു കാലത്തുമുണ്ടായിരുന്നു. ഇക്കാലത്തുമുണ്ട്. വിവാഹം കഴിഞ്ഞ പുരുഷന്മാരിൽ തൊണ്ണൂറുശതമാനവും അന്യസ്ത്രീകളുമായി വേഴ്ചനേടുന്നു. വിവാഹിതകളിൽ നല്ലൊരു ശതമാനം വ്യഭിചരിക്കുന്നുവെന്നു് ഡസ്സണ്ട് മോറിസ് എവിടെയോ എഴുതിയതു് ഇപ്പോൾ എന്റെ ഓർമ്മയിലെത്തുന്നു. അതുകൊണ്ട് ഇത്തരം വിഷയങ്ങൾ സാഹിത്യത്തിൽ ആവിർഭവിച്ചാൽ തെല്ലും അദ്ഭുതമുണ്ടാകേണ്ടതില്ല നമുക്ക്. കലാകൗമുദിയിൽ "അലിയാൻ ആഗ്രഹിക്കുന്ന ശില" എന്ന ചെറുകഥ എഴുതിയ ശ്രീ. ജോയി തിരുമൂലപുരവും ഈ പഴയ വിഷയം തന്നെ കൈകാര്യം ചെയ്യുന്നു. കഥയിലെ നായിക വിവാഹത്തിനുമുൻപു ഒരുത്തനെ സ്നേഹിച്ചിരുന്നു. അച്ഛനമ്മമാർ അവളെ മറ്റൊരുവനു വിവാഹം കഴിച്ചുകൊടുത്തു. അയാൾ അവളെ ഒരു പകരണമായിട്ടാണ് കരുതിയതു്. അവൾക്കതു് ഇഷ്ടപ്പെട്ടന്നില്ല. അതുകൊണ്ട് അപ്രതികാരമെന്നമട്ടിൽ അടുത്ത വീട്ടിലുള്ള ഒരു യുവാവിനെ ആക്രമിക്കുന്നു. "കിതപ്പോടെ അയാൾ എഴുന്നേററു നടക്കുമ്പോൾ (അവൾ) കിടന്നുകൊണ്ടുതന്നെ പറഞ്ഞു:— "നാളെയും വരണം. എന്നും എന്നും" നിംഫാമേനിയ അല്ല ഇതു് (nymphomania) പ്രതികാരനിർവഹണമാണത്രേ. ആയിരിക്കാം. എന്തായാലും ഇതു സാഹിത്യസൃഷ്ടിയല്ല. സാഹിത്യത്തിൽ വാക്കുകൾ പാരായണസന്ദർഭത്തിൽ അപ്രത്യക്ഷങ്ങളാവും. രസത്തോടെ വായിക്കുന്നവേളയിൽ നമ്മൾ പുസ്തകം കൈയിൽ വച്ചിരിക്കുന്നോ കടലാസ്സിൽ അക്ഷരങ്ങളുണ്ടോ അറിയുന്നില്ല. സാഹിത്യകാരൻ സൃഷ്ടിച്ച പ്രപഞ്ചം കാണുകയാണ് നമ്മൾ. അതല്ല ജോയി തിരുമൂലപുരത്തിന്റെ കഥയിലെ അവസ്ഥ. ചില മലയാളസിനിമകളിലെ "വിലനെ"പ്പോലെ ഭാഷ റൗഡിസം കാണിക്കുന്നു. "ബൈസപ്സ് മസിൽസ് പെരുക്കിക്കാണിച്ചുകൊണ്ട്, മീശപിരിച്ചുവച്ചുകൊണ്ട് അവൻ (ഭാഷ) നമ്മുടെ അടുക്കലെത്തുന്നു. അനുവാചകൻ പേടിച്ചുപേടിച്ച് പിറകോട്ടുമാറുന്നു. ഒരാഴ്ചമുൻപ് നോബൽസമ്മാനം നേടിയ സ്പാനിഷ്കവി ബിസെൻ ആലേക്സാന്ദ്രേ (Vicente Aleixandre) "സ്വർഗ്ഗനഗര"ത്തെ അഭിസംബോധനചെയ്തുകൊണ്ടു രചിച്ച കാവ്യത്തിൽ പറയുന്നു:— "Men have lived and died for a dream, for ever resplendent like a divine breath" — കല സ്വപ്നമാണ്. ഉജ്ജ്വലമായ സ്വപ്നം. അതിനെ ആരും ഇങ്ങനെ മലിനമാക്കരുതു്. El Poeta Canta por Todos എന്ന കാവ്യത്തിൽ ആലേക്സാന്ദ്രേ പറയുന്നു:— "അതാ അവിടെ എല്ലാവരുമുണ്ട്. അവർ കടന്നുപോകുന്നതു് നിങ്ങൾ കാണുന്നു. ഹായ് അവരുമായി ഒരുമിച്ചുകൂടി നിങ്ങളെത്തന്നെ അവരിൽ കണ്ടെത്തുവാൻ നിങ്ങൾക്ക് എന്തിഷ്ടമായിരിക്കും!" സാഹിത്യത്തിൽ നാം നമ്മളെത്തന്നെ കാണുന്നു. ജോയി തിരുമൂലപുരത്തിന്റെ കഥയിൽ നമ്മളില്ല. ഭാഷയെന്ന ചട്ടമ്പിയേയുള്ളൂ.

* * *

എമേഴ്സൺ എന്ന ചിന്തകൻ circles എന്ന പേരിൽ ഒരു പ്രബന്ധമെഴുതിയിട്ടുണ്ട്. ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്താണ് അതു വായിച്ചതു്. അതിനാൽ ലേഖനത്തിന്റെ വിശദാംശങ്ങളെക്കുറിച്ചു പറയാൻ വയ്യ. എല്ലാം ഓർമ്മയിൽനിന്നു് ഓടിപ്പോയിരിക്കുന്നു. എങ്കിലും പ്രധാനപ്പെട്ട ആശയം ഓർമ്മയുണ്ട്. എല്ലാം വൃത്തങ്ങളാണെന്നാണ് എമേഴ്സൺ സ്ഥാപിച്ചിട്ടുള്ളതു്. ആ വൃത്തങ്ങളിൽനിന്നു് പുറത്തുകടക്കാൻ വയ്യാത്ത മനുഷ്യൻ സ്വന്തം പ്രവർത്തനങ്ങൾക്ക് പരിധി കല്പിച്ചിരിക്കുന്നു എന്നാണ് എമേഴ്സൺ പറയുന്നതു്. അക്ഷിതാരകത്തെ നോക്കുക. (pupil of the eye) അതുപോലും വൃത്തം തന്നെ. പ്രകൃതി സൃഷ്ടിച്ച ഈ വൃത്തങ്ങളിൽനിന്നു്, മനുഷ്യൻ സ്വയം സൃഷ്ടിച്ച വൃത്തങ്ങളിൽനിന്നു് അവനെങ്ങനെ രക്ഷനേടും.? ശ്രീമതി മാനസി മാതൃഭൂമിയിലെഴുതിയ "ചതുരങ്ങൾ" എന്ന കഥയിൽ വൃത്തങ്ങൾ ചതുരങ്ങളായി മാറുന്നു. മാനസി എമേഴ്സന്റെ ആശയം കടംവാങ്ങി എന്നല്ല ഞാനുദ്ദേശിക്കുന്നതു്. ചിലപ്പോൾ അവർ ആ ലേഖനം തന്നെ കണ്ടി

രിക്കില്ല. സാഹിത്യത്തിൽ ഇന്ന ആശയം പരകീയം ഇന്നതു സ്വകീയം എന്നു അഭിപ്രായപ്പെടുന്നതു എളുപ്പമുള്ള കാര്യമല്ല. സദൃശങ്ങളായ ആശയങ്ങൾ എന്ന മട്ടിലേ ഞാനിതിനെക്കുറിച്ചു എഴുതുന്നുള്ളു. അതു പോകട്ടെ. ഈ ആശയത്തിനു കലാപരമായ രൂപംനൽകാൻ മാനസിക്കു കഴിഞ്ഞിട്ടുണ്ടോ എന്നതാണു് പ്രശ്നം. (ചോദ്യം എന്ന അർത്ഥത്തിൽ) മനുഷ്യന്റെ സർഗ്ഗാത്മകപ്രയത്നമാണല്ലോ ആശയങ്ങളെയും വികാരങ്ങളെയും സംവേദനങ്ങളെയും വാങ്മയചിത്രങ്ങളാക്കിമാററി കലയുടെ മണ്ഡലത്തിൽ കൊണ്ടുചെല്ലുന്നതു്. അതു സംഭവിച്ചാൽ നമ്മുടെ ഹൃദയം സ്പന്ദിക്കുന്നതുപോലെ കലാസൃഷ്ടി സ്പന്ദിക്കും. ആ സ്പന്ദം മാനസിയുടെ കഥയിൽ ഒട്ടുമില്ല. മലയാളത്തിലെ ചെറുകഥകൾ വായിക്കുക എന്നതു്— സമയത്തിന്റെ വ്യയം; ഒരുവ്യർത്ഥയത്നം.

* * *

മാതൃഭൂമിയിൽ "ഒരു കാലഘട്ടത്തിന്റെ മിഥ്യ" എന്ന പേരിൽ ശ്രീ. പി. എ. വാസുദേവൻ എഴുതിയ ലേഖനം കൗതുകത്തോടെയാണു് ഞാൻ വായിക്കാൻ തുടങ്ങിയതു്. രണ്ടോ മൂന്നോ ഖണ്ഡികകൾ വായിച്ചു. അവസ്സുപ്പുറം പോകാൻ സാധിച്ചില്ല. "ബൗദ്ധികവല്ക്കരണം", ശാസ്ത്രീയവല്ക്കരണം" "സാമൂഹികവല്ക്കരണം എന്നീ പ്രയോഗങ്ങളിലെ ലകാരത്തിന്റെ വിത്യാസമോ ककारത്തിനു നൽകിയിരിക്കുന്ന ഇരട്ടിപ്പോ പരിഗണിക്കേണ്ടതില്ല. ആ പ്രയോഗങ്ങൾ നോക്കൂ. വിശേഷണങ്ങളോടു "വത്" പ്രത്യയം ചേർത്തു് ആരെങ്കിലും ഇങ്ങനെയുള്ള വാക്കുകൾ നിർമ്മിക്കാറുണ്ടോ?

* * *

രാത്രി.നിദ്ര കവിയുടെ ക്ഷീണിച്ച കൺപോളകളെ പിടിച്ചടച്ചപ്പോൾ അദ്ദേഹം സ്വപ്നംകണ്ടു. വൃക്ഷങ്ങൾ നിറഞ്ഞ ഭൂവിഭാഗം. ആ മരങ്ങളിലാകെ പലതരത്തിലുള്ള പക്ഷികൾ. പച്ചപിടിച്ച ഭൂമി. മർമ്മരശബ്ദത്തോടെ ഒഴുകുന്ന കൊച്ചരുവി. പച്ചിലച്ചാർത്തുനിറഞ്ഞ മരത്തിനു താഴെ കവി ചൂടിൽനിന്നു രക്ഷപ്രാപിക്കാൻ ചെന്നിരുന്നു. എന്നിട്ടും ചൂടു്. അവിടെ ഒരു വെളുത്തപശുവന്നു. അതിന്റെ അടുത്തു് ഒരു കാളയും. അപ്പോൾ വായുവിനെ പിളർന്നുകൊണ്ടു് ഒരു കാക്ക അവിടെ പറന്നെത്തി. അതു് പശുവിന്റെ അകിട്ടിൽ മൂന്നുതവണ കൊത്തി മുറിവേല്പിച്ചു. മുറിവുണ്ടാക്കിയ പാടോടുകൂടി അതു് അല്പനേരം അവിടെനിന്നു. എന്നിട്ടു ദൂരെ കാളകൾ മേയുന്നിടത്തു് ചെന്നു. വളർന്നുള്ള അവിടത്തെ മണ്ണിൽ കിടക്കുകയും ചെയ്തു. ഈ സ്വപ്നം കണ്ട കവി സ്വപ്നവ്യാഖ്യാതാവിനെ വിളിച്ചു് അതു വ്യാഖ്യാനിക്കാൻ പറഞ്ഞു. സ്വപ്നവ്യാഖ്യാതാവു് മറുപടിനൽകി:— "ചൂടു് പ്രേമത്തിന്റെ ചൂടാണു്. പശു കവിയുടെ പ്രേമഭാജനം. കാള കവിതന്നെ. കാക്ക കൂട്ടിക്കൊട്ടുക്കുന്നവളാണു്. കാളയെ വിട്ടു് മററുകാളകളുടെ അടുത്തേക്കുപോയതു് പ്രേമഭാജനത്തിന്റെ വ്യഭിചാരത്തെ സൂചിപ്പിക്കുന്നു മുറിവുണ്ടാക്കിയ പാടുകൾ അവൾ വേശ്യയാണെന്നു് ഉദ്ഘോഷിക്കുന്നു." ഈ വ്യാഖ്യാനംകേട്ടു് കവിയുടെ കവിളുകൾ വിളർത്തു. രാത്രി അദ്ദേഹത്തിന്റെ മുൻപിൽ വീസ്താരമാർന്നുകിടന്നു. (ഒവിഡ്)

സ്വപ്നങ്ങൾ അബോധാത്മകങ്ങളായ ആഗ്രഹങ്ങളുടെ സാഫല്യങ്ങളെയാണു് കാണിക്കുന്നതെന്നു് ഫ്രായിഡ് പറയുന്നു. കവിയുടെ ആഗ്രഹത്തിന്റെ സാക്ഷാത്ക്കാരമായിരിക്കാമിതു്. ഇതുപോലെ ആഗ്രഹങ്ങൾകലർന്ന ചിന്തകൾ സാഹിത്യത്തിന്റെ രൂപമാർന്നു് ആവിർഭവിക്കാറുണ്ടു്. അങ്ങനെയുള്ള ഒരു സൃഷ്ടി "ജനയുഗ"ത്തിൽ കാണാം—ശ്രീ. തോമസ് പള്ളിപ്പുറമ്പൻ എഴുതിയ "പുഴയരികിലെ തടവുകാരൻ." ബസ്സു് വഴിയിൽ നിറുത്തിയപ്പോൾ സീററ് നഷ്ടപ്പെടാതിരിക്കാൻവേണ്ടി പേനയെടുത്തു് സീററിൽ വച്ചിട്ടു് യാത്രക്കാരൻ പോകുന്നു. തിരിച്ചുവന്നപ്പോൾ പേനയില്ല. അയാൾക്കു് ഇറങ്ങേണ്ടിടമായി. ബസ്സു് നിന്നു. അയാൾ റോഡിലേയ്ക്കു കാലെടുത്തുവച്ചു. ഒപ്പം ഒരു യുവതിയും. അവൾ അയാളെ വിളിച്ചു് പേന കൊടുത്തു. പണ്ടു് അവളുടെ അമ്മ ആശുപത്രിയിൽക്കിടന്നപ്പോൾ അയാൾ സഹായിച്ചുപോലും. അവിടെ കിടന്ന ആ വയസ്സി ആരെന്നു് ഡോക്ടർ




മലയാള നോവൽസാഹിത്യത്തിലെ
പ്രഥമപരീക്ഷണം!

**മലയാററൂർ രാമകൃഷ്ണന്റെ**

തികച്ചും വ്യത്യസ്ഥത പുലർത്തുന്ന
പുതുമയുള്ള നോവൽ

# മൃദുലപ്രഭു

അതീന്ദ്രിയനഭസ്സിന്റെ അത്യുന്നതങ്ങളിലേക്കു് നിങ്ങളുടെ ബോധമനസ്സിന്റെ നയനങ്ങളെ നയിക്കുന്ന ഈ നോവലിന്റെ കഥാതന്തു മലയാളഭാഷയിലെന്നും പുതുമയുള്ളതായിരിക്കും.

## മലയാളനാടിൽ

ഉടൻ പ്രസിദ്ധീകരണമാരംഭിക്കുന്നു.

ചോദിച്ചപ്പോൾ "അമ്മായി"യെന്നു് അയാൾ മറുപടി പറഞ്ഞതത്രേ. ആ "അമ്മായിയുടെ മകളാ"ണു് സ്നേഹംകൊണ്ടും കൃതജ്ഞതകൊണ്ടും അയാളെ ഇപ്പോൾ ബന്ധനസ്ഥനാക്കിയിരിക്കുന്നതു്. പള്ളിപ്പറമ്പന്റെ കഥ ഒരു രസത്തോടെ ആർക്കും വായിച്ചുപോകാം. അഭിലാഷംകലർന്ന ചിന്തകളെ ആരും സാഹിത്യമായി കൊണ്ടാറില്ലല്ലോ. അതിനാൽ നമ്മൾ മനനം അവലംബിക്കുന്നു. പള്ളിപ്പറമ്പനും അതിൽ പരിഭവിക്കില്ല. മനോഹരമായ ഉദ്യാനം. അതിലെങ്ങും ചേതോഹരങ്ങളായ പൂക്കൾ. "പൂ പറിക്കരുതു്" എന്നു് എഴുതിവച്ചിരിക്കുന്നു. ആരുമില്ല സുഹൃത്തേ. ആവശ്യമുള്ളിടത്തോളം അങ്ങോട്ടിയെടുത്തുകൊള്ളൂ. ഉദ്യാനപാലകൻ എത്തുന്നതിനുമുൻപു് ഓടിക്കൊള്ളൂ. നിയമമില്ലേ എന്നു ചോദിക്കരുതു്. നിയമം എപ്പോഴും ഉണ്ടു്. പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലായ്മയെയാണു് നിയമം പിടികൂടുന്നതു്. ആത്മഹത്യ കുററകരം. പക്ഷേ, അതിലെ വൈദഗ്ദ്ധ്യമില്ലായ്മയെ നിയമം വെറുതേ വിടില്ല. പള്ളിപ്പറമ്പന്റെ കഥയിലെ യാത്രക്കാരാ! കൈയിൽക്കിട്ടിയ റോസാപ്പൂവിനെ മണത്തുകൊള്ളൂ.

* * *

രാത്രിയും പകലും, കറുപ്പു് വെളുപ്പും ശിശിരവും വസന്തവും, ഭർത്താവും കാമുകനും—എന്തൊരു വൈരുദ്ധ്യം! രാത്രിയെ, കറുപ്പിനെ ശിശിരത്തെ എല്ലാവരും വെറുക്കുന്നു, ഭർത്താവിനെ ഭാര്യ വെറുക്കുന്നുണ്ടോ? "ഇല്ല എന്നു് ഉറക്കെപ്പറയുന്നവർ ഷേക്സ്പിയർ പറഞ്ഞതുപോലെ കൂടുതൽ പ്രതിഷേധിക്കുകയാണു്. "ഞാൻ എന്റെ ഭർത്താവിനെ അതിരററു സ്നേഹിക്കുന്നു" എന്നു പറയുന്ന ഭാര്യ അബോധമനസ്സിലുള്ളതിനെ മറച്ചുവയ്ക്കുകയാണു്. ഒരു വികാരവും ശാശ്വതമല്ല. ഭാര്യയ്ക്കു ഭർത്താവിനെ എന്നുമെന്നും സ്നേഹിച്ചുകൊണ്ടിരിക്കാൻ സാദ്ധ്യമേയല്ല. എന്നാൽ കാമുകൻ നിത്യനൂതനത്വം ആവഹിക്കുന്നാണു്. അയാൾ അവളുടെ പേരുവിളിച്ചാൽ കവി പറഞ്ഞതുപോലെ ആ പേരിനു മാധുര്യമുണ്ടാകും.

ഇവിടെ
പാറ മുഴങ്ങി തിറ വിളങ്ങി
വെടി പുഴങ്ങി, പല തരങ്ങൾ
പറയുമെത്ര പുത്രകങ്ങൾ തിങ്ങി വിങ്ങി
മധു വിഴങ്ങി മത്തരായി
പറയിപെററ മെയ്യുകണ്ടു
കലവിളട്ടമവരൊടൊന്നരുളുവാൻ
നിനക്കൊരൊററ നാക്കുമില്ല
വായുമില്ല രുചിയുമില്ല കുന്നിലപ്പ —!
വായയുണ്ടപ്പിറന്നവർക്കു;
വേദനാക്കിലഗ്നിഹോത്ര മന്ത്രമോതി,
ഉള്ളുറം മെടഞ്ഞുവന്നു
പറയനെത്ര മറയുണർത്തി,
പാണനാർ വിരുത്തമൂട്ടി,
ഭ്രാന്തനെത്ര കല്ലുരുട്ടി
കരളിലെത്ര തേൻ പുരട്ടി?
ഇവിടെ നിൻ പറമ്പി–
ലിറപുണ്ട മൈക്കിൽ നിന്നു
ചീറിട്ടും കസത്തിൽ,
ആടയററ കൂത്തുകൾ പുളയ്ക്കു–
മോലതീർത്ത കൊട്ടകത്തിൽ
ചെണ്ടയോടു വാററുപട്ട
തെറിവിളിയ്ക്കുമടിപിടിയ്ക്കു–
മിപ്പറമ്പിൽ
നിനക്കു നാക്കുമില്ല,
വായുമില്ല, മനവുമില്ല കുന്നിലപ്പ—!
പഴയ പുസ്തകത്തി–
ലൊന്നശത്തിയായ വരി തിരഞ്ഞു
തന്ത തൻെറ ചാത്തമൂട്ടുവാൻ
മററുടപ്പിറപ്പുചെന്ന
നാളിലൊക്കെയും
നിറവിളക്കുപോൽ വിടന്ന
വാക്കിലും നടപ്പിലും
കവിതയെത്ര കഥകളെത്ര
കണ്ടു പൂർവ്വികർ?

# മലയാളനാട് അത്ഭുതലോകം

"ഘൃണി, ഘൃണി" ആദ്യദത്തൻ പറഞ്ഞു "നാം ഇങ്ങനെ കയർത്താലോ?

എൻെറ മുഖവും കൈകളും മൃദുത്വം നഷ്ടപ്പെട്ടു് മരത്തോൾപോലെയിരുന്നു
എനിക്കൊന്നും മനസ്സിലായില്ല
എൻെറ യുവത്വം എവിടെപ്പോയി?
എൻെറ വർഷങ്ങളെവിടെ

വി. എസ്. നിർമ്മലയുടെ
കഥ "പാർവ്വതി"

△

എം. ഡി. രാജേന്ദ്രൻ
രാധാബാലകൃഷ്ണൻ
എന്നിവരുടെ കവിതകൾ

△

ഞെക്കിപ്പിഴിഞ്ഞ

## പി. ടി. നരേന്ദ്രമേനോൻ

ഇവിടെയിക്കറുത്ത മുറിയി–
ലൊററനാളമായി നീ
ഇളകിടാതിരുന്നതെന്തിനെന്നു
വെളിവുചൊൽക കുന്നിലപ്പ—!
മായയുള്ള പിള്ളകൾ
പിഴച്ചുവോ?
വഴി പിഴച്ചുവോ?
എന്തിനുമയായ്?
നിറന്ന അറിവുകൾ ചികഞ്ഞു
ഞങ്ങൾ കണ്ടെടുത്ത പിഴവു
പറയുവാനൊരുക്കമില്ലയോ,
കറുത്ത പൊളിവു കാണുവാൻ
ഒരുക്കമില്ലയോ,
തപസ്സുചെയ്കയോ,
നാട്ടിലൊററനാക്കുമില്ലയെന്ന
നാളിനെക്കിനാവുകാൺകയോ,
"വായിലൊററ വാക്കുതീർക്കവോ–
നശക്യരാക"യെന്നു മക്കളെ–
ശ്ശപിയ്ക്കുവാൻ തുടങ്ങയോ?
തേവരേ!
നിനക്കൊരൊററ നാക്കുമില്ല,
വാക്കുമില്ല, ചുക്കുമില്ല.

* പറച്ചിപെററ പന്തിരുകുലത്തിലെ ഒടുവിലത്തെ പിള്ളയായ വായില്ലാം കുന്നിലപ്പന്റെ പ്രതിഷ്ഠ വള്ളുവനാട്ടിലാണു്.

—o—



അയാൾ സ്പർശിച്ചാൽ അവൾ "താരുപോലെ മൃദുവാകും! അവളെ രോമാഞ്ചമായി മാററുവാൻ അയാളിൽ ഒരു നിഗൂഢശക്തിയുണ്ടു്. കാമുകനാണു് കാമുകിയുടെ കവിൾത്തടങ്ങളിൽ പനിനീർപ്പൂക്കൾ വിരിയിക്കുന്നതു്. അയാളുടെ വക്ഷസ്സിലാണു് ചൂടു്. ഭർത്താവു് മണലരണ്യമാണു്. അതേസമയം അയാളുടെ വക്ഷസ്സു് ധ്രുവങ്ങൾപോലെ ശൈത്യമാർന്നതാണു്. മനസ്സുകൊണ്ടെങ്കിലും ആകൃതി

സൗഭഗമുള്ള അന്യപുരുഷനെ സ്നേഹിച്ചിട്ടില്ലാത്ത ഭാര്യമാർ എത്രപേരുണ്ടു്? ഇതു് ഞാൻ പറയുമ്പോൾ പുരുഷൻെറ വാക്കുകളായി പലരും അവഗണിച്ചുവെന്നുവരും. അതുകൊണ്ടു് മലയാളനാട്ടിൽ ശ്രീമതി രമണീവാസവൻ എഴുതിയ "ഇനിയുറങ്ങു" എന്ന ചെറുകഥ വായിച്ചാലും.

* * *

ഈ ലോകത്തു് പരിവർത്തനം വരുത്തുന്നതു് വ്യക്തികളാണു്. മഹാത്മാഗാന്ധി' കാറൽമാർക്സ്, സോക്രട്ടീസ്, ഐൻസ്റ്റൈൻ, ലെനിൻ ഇവർ ജനിച്ചിട്ടില്ലായിരുന്നെങ്കിൽ ലോകം ഇന്നത്തെമട്ടിൽ പ്രത്യക്ഷമാവുകില്ലായിരുന്നു. വാല്മീകി, വ്യാസൻ, ഹോമർ, ഷെക്സ്പിയർ, ഡോസ്റ്റോവ്സ്കി (ദസ്തോയേഫ്സ്കി) ടോൾസ്റ്റോയി, തോമസ്മൻ ഇവരെല്ലാം ചരിത്രത്തിൻെറ ഗതിയെ മാററിവിട്ടവരാണു്. കേരള സംസ്കാരത്തിൻെറ ചക്ര

ചോദിച്ചപ്പോൾ "അമ്മായി"യെന്നു് അയാൾ മറുപടി പറഞ്ഞത്രേ. ആ "അമ്മായിയുടെ മകളാ"ണു് സ്നേഹംകൊണ്ടും കൃതജ്ഞതകൊണ്ടും അയാളെ ഇപ്പോൾ ബന്ധനസ്ഥനാക്കിയിരിക്കുന്നതു്. പള്ളിപ്പറമ്പന്റെ കഥ ഒരു രസത്തോടെ ആർക്കും വായിച്ചുപോകാം. അഭിലാഷംകലർന്ന ചിന്തകളെ ആരും സാഹിത്യമായി കൊണ്ടാടാറില്ലല്ലോ. അതിനാൽ നമ്മൾ മൗനം അവലംബിക്കുന്നു. പള്ളിപ്പറമ്പനും അതിൽ പരിഭവിക്കില്ല. മനോഹരമായ ഉദ്യാനം. അതിലെങ്ങും ചേതോഹരങ്ങളായ പൂക്കൾ. "പൂ പറിക്കരുതു്" എന്നു് എഴുതിവച്ചിരിക്കുന്നു. ആരുമില്ല സുഹൃത്തേ. ആവശ്യമുള്ളിടത്തോളം അത്തിയെടുത്തുകൊള്ളൂ. ഉദ്യാനപാലകൻ

ഇവിടെ
പറ മുഴങ്ങി തിറ വിളങ്ങി
വെടി പുഴങ്ങി, പല തരങ്ങൾ
പറയുമെത്ര പുത്രകങ്ങൾ തിങ്ങി വിങ്ങി.
മധു വിഴങ്ങി മത്തരായി
പറയിപെററ മെയ്യുകണ്ടു
കലവിക്കുട്ടമവരൊടൊന്നുരയ്ക്കുവാൻ
നിനക്കൊരൊററ നാക്കുമില്ല
വായുമില്ല രുചിയുമില്ല കുന്നിലപ്പ —!
വായയുണ്ടടപ്പിറന്നവർക്കു;
വേദനാക്കിലഗ്നിഹോത്ര മന്ത്രമോതി,
മുളമുറം മെടഞ്ഞുവന്നു
പറയനെത്ര മറയുണർത്തി,
പാണനാർ വിരുത്തമൂട്ടി,
ഭ്രാന്തനെത്ര കല്ലുരുട്ടി

വാളത്തെ വികസിപ്പിച്ച മഹാകവിയാണു് ജി. ശങ്കരക്കുറുപ്പു്. അദ്ദേഹത്തിന്റെ സർഗ്ഗവൈഭവത്തെ വ്യക്തമാക്കുന്ന ഒരു ഇംഗ്ളീഷ് പ്രബന്ധം ഹിന്ദുവിന്റെ വാരാന്ത്യപ്പതിപ്പിൽ വായിക്കാം. ഡോക്ടർ ലീലാവതിയാണു് ആ പ്രബന്ധം എഴുതിയതു്. കേരളത്തിന്റെ സാംസ്കാരികജീവിതത്തിൽ ജി. ശങ്കരക്കുറുപ്പു് എങ്ങനെയാണു് പരിവർത്തനമുളവാക്കിയതു്, അദ്ദേഹം എങ്ങനെ മററു കവികളിൽനിന്നു് ധ്രുവനക്ഷത്രംപോലെ അകന്നുനിൽക്കുന്നു എന്ന കാര്യങ്ങളെല്ലാം ലീലാവതി വൈദഗ്ദ്ധ്യത്തോടെ വ്യക്തമാക്കിത്തരുന്നു. ഇംഗ്ളീഷ്ഭാഷ ഭംഗിയായി എഴുതാൻമാത്രമല്ല, ചേതോഹരങ്ങളായ മലയാളകവിതകൾ ലയാത്മകമായി ഇംഗ്ളീഷിലേയ്ക്കു തർജ്ജമചെയ്യാനും ഡോക്ടർ ലീലാവതിക്കു കഴിവുണ്ടെന്നു് നാം ഈ ലേഖനത്തിൽനിന്നു മനസ്സിലാക്കുന്നു.

* * *

ഇതെഴുതുന്ന ആൾ പതിവായി വായിക്കാറുള്ള രണ്ടു് അമേരിക്കൻ ആഴ്ചപ്പതിപ്പുകളാണു് ന്യൂസ്‌വീക്കും "ടൈറ"ും. (News Week, Time) ഇന്ത്യൻ മാസികകളിൽ Mirror എന്ന മാസികയാണു് എനിക്കിഷ്ടം. രാഷ്ട്ര വ്യവഹാരത്തിന്റെ അതിപ്രസരമില്ലാത്തതുകൊണ്ടാണു് ഞാൻ ഇതിഷ്ടപ്പെടുന്നതു്. അതുകൊണ്ടു് ചിലപ്പോഴൊക്കെ ഇതു കാണാറുണ്ടു്. ഒക്ടോബർമാസത്തെ "മിററി"ലേക്കു് ഞാൻ വായനക്കാരുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ബ്രിട്ടീഷ് കവിയായ ഷെല്ലിയുടെ മരണത്തെക്കുറിച്ചു് അതിലൊരു ഉപന്യാസമുണ്ടു്. എസ്. നാഗേശ് എഴുതിയ ആ പ്രബന്ധത്തിൽ ഷെല്ലി ആത്മഹത്യചെയ്തതാണോ അതോ കൊല്ലപ്പെട്ടതാണോ എന്ന സംശയങ്ങൾ ഉന്നയിച്ചിരിക്കുന്നു. രണ്ടിനും യുക്തികൾ എടുത്തു നിരത്തുന്നുണ്ടു് നാഗേശ്. എന്നിട്ടു് കടൽക്കൊള്ളക്കാർ ഷെല്ലിയുടെ യാനപാത്രം തകർത്തതായിരിക്കാമെന്ന അഭ്യൂഹത്തോടു് ലേഖകൻ ചേർന്നുനിൽക്കുന്നു. മനോഹരമായ ഇംഗ്ളീഷിൽ എഴുതിയ ഈ പ്രബന്ധം ഏതു് അദ്ധ്യാപകന്റേതാണെന്നു് ഞാൻ അന്വേഷിച്ചു. അപ്പോഴാണു് അറിയുന്നതു് നാഗേശ് പതിനഞ്ചു വയസ്സു മാത്രമുള്ള കൊച്ചുകുട്ടിയാണെന്നു്. പ്രായം കൂടിയ ഞങ്ങൾക്കുപോലും കൊതിക്കത്തക്ക ബുദ്ധിസാമർത്ഥ്യവും രചനാവൈഭവവും പ്രദർശിപ്പിക്കുന്ന ഈ ബാലനു് എന്റെ അഭിനന്ദനം.

* * *

ടോയിൻബിയുടെ വിശ്വവിഖ്യാതമായ ചരിത്രപഠനത്തിന്റെ ആദ്യത്തെ പത്തു വാല്യങ്ങൾ സോമർവെൽ ഒററവാല്യമായി സംക്ഷേപിച്ചെഴുതി പ്രസാധനം ചെയ്തിട്ടുണ്ടു്. അതു പോരെന്നു കണ്ടിട്ടാവാം

(ശേഷം 63 ൽ)

# മലയാളനാട് അന്തർലോകം

"ഘ്യൂണി, ഘ്യൂണി" ആര്യദത്തൻ പറഞ്ഞു "നാം ഇങ്ങനെ കയർത്താലോ? ആരെങ്കിലും അതിരുകളെ കാത്തെങ്കിലല്ലേ പററൂ?"

"ആരും കാക്കേണ്ട. എന്തിനേയാണു് കാക്കുന്നതു്. എന്റെ അമ്മാവന്റെ കൊട്ടാരത്തെയോ, അവിടത്തെ വെപ്പാട്ടികളെയോ?"

"ശത്രു അതിരു ലംഘിച്ചാലോ, ഘ്യൂണി?"

"ലംഘിക്കട്ടെ ഈ മണ്ണും പാറയുമല്ലേ?" എനിക്കതിൽ ചേതമില്ല

"രാഷ്ട്രം"

"ഞാൻ രാഷ്ട്രമല്ല"

"ഘ്യൂണി"

"നോക്കൂ ആര്യദത്താ ഞാൻ ഞാനാണു്"

ഒ. വി. വിജയന്റെ
**"ധർമ്മപുരാണം"**
തുടരുന്നു. "അതിരുകൾ"

△

എം. കൃഷ്ണൻനായരുടെ
"സാഹിത്യവാരഫലം"

△

കാക്കനാടന്റെ
**"ഈ നായ്ക്കളുടെ ലോകം"**
തുടരുന്നു

എന്റെ മുഖവും കൈകളും മൃദുത്വം നഷ്ടപ്പെട്ടു് മരത്തോൾപോലെയിരുന്നു എനിക്കൊന്നും മനസ്സിലായില്ല എന്റെ യുവത്വം എവിടെപ്പോയി? എന്റെ വർഷങ്ങളെവിടെ

വി. എസ്. നിർമ്മലയുടെ
കഥ "പാർവ്വതി"

△

എം. ഡി. രാജേന്ദ്രൻ
രാധാബാലകൃഷ്ണൻ
എന്നിവരുടെ കവിതകൾ

△

ഉണ്ണികൃഷ്ണന്റെ
**'ഞാൻ'**
ഏകലവ്യന്റെ
"കാമിനി പ്രിയകാമിനി"
നോവലുകൾ തുടരുന്നു.

△

തിരുവരങ്ങിന്റെ നാടകസംരംഭത്തെക്കുറിച്ചു് ചിത്രങ്ങളോടുകൂടിയ ഒരു വലോകം

ബാലകൃഷ്ണന്റെ
"പാരമ്പര്യത്തിന്റെ കളിരു"
വി. കെ. ഭാമയുടെ കഥ
"മുത്തച്ഛിപ്പിയുടെ ദുഃഖം"

△

കൊളാബാവാല "ബോംബെയിലെ രാത്രികൾ", സീതാലക്ഷ്മീദേവിന്റെ "കേശവദേവ്" എന്റെ നിത്യകാമുകൻ"

△

വി. ബി. സി. നായരുടെ
"മുഖഭാഗചിത്രങ്ങൾ"
മംഗലശ്ശേരിയുടെ
"ചിത്രനിരൂപണം"

△

സബാസ്റ്റ്യൻ പുതുവീടിന്റെ
"മാനസികാപഗ്രഥനത്തിലെ സിദ്ധാന്തത്രയം" അവസാനിക്കുന്നു

സുന്ദരമായ സായം സന്ധ്യ. ആകാശത്തും ഭൂമിയിലും ദീപങ്ങൾ തെളിഞ്ഞു. തിരക്കുനിറഞ്ഞ തെരുവുകളിലൂടെ അന്നു് പതിവിലേറെ കാറുകളോടി. കവലകൾ തോറും കനത്ത ട്രാഫിക്കു് ബന്തോവസ്തു്. ഇടയ്ക്കിടെ പോലീസു് ജീപ്പുകൾ ഇരമ്പി പാഞ്ഞു. ഉച്ചയ്ക്കു് ഏഴുമണിക്കു് രാഷ്ട്രപതിയുടെ മോട്ടോർകേസു് രാജഭവനിൽ നിന്നു് പുറപ്പെടുന്നു. ഒരുമണിക്കൂർ നേരത്തേക്കു് മോട്ടോർകേസു് പോകുന്ന റൂട്ടുകൾ ക്ലിയർചെയ്തിരിക്കുന്നു.

സൈറൺവിളിച്ചുകൊണ്ടു് പൈലററു് കാർ, ഉടനു് സിററിപോലീസു്കമ്മീഷണറുടെ ജീപ്പു്, എസ്കോർട്ടുചെയ്യുന്ന മോട്ടോർ സൈക്കിളുകൾ, രാഷ്ട്രപതിയുടെ ലിമൂസിൻ, ഗവർണ്ണർ, സ്റ്റേയിററു് മന്ത്രിമാർ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെ കാറുകളുടെ നീണ്ട നിര.

തെരുവുകളുടെ ഇരുവശത്തും വീടുകളുടെ മട്ടുപ്പാവുകളിലും, ബാൽക്കണിയിലും, രാഷ്ട്രപതിയെ ഒരുനോക്കുകാണാൻ ജനങ്ങൾ തിങ്ങിനിറഞ്ഞു.

രാജഭവനിൽനിന്നു് സിററി ടൌൺഹാളിലേക്കു് നാലുകിലോമീററർദൂരമുണ്ടു് അത്രയും ദൂരത്തിലുടനീളം ഓരോ അടിക്കു് ഓരോ ട്യൂബുലൈററുകൾ കത്തി. ഇളം നീല വെളിച്ചത്തിൽ മുങ്ങിയ രാജപഥം. ട്രാഫിക്കു് പോലീസും സ്റ്റേയിററു് പോലീസും ജനങ്ങളെ നിയന്ത്രിച്ചു.

കോടീശ്വരന്മാരും തയ്യാറായി. നഗരം ഒരിക്കലും ദർശിച്ചിട്ടില്ലാത്ത ചടങ്ങു്. അഴകും അറിവും സമഞ്ജസമായി സമ്മേളിക്കുന്നു.

അക്കൊല്ലത്തെ മികച്ച ചലച്ചിത്രങ്ങൾക്കും, നടീനടന്മാർക്കും, സാങ്കേതികവിഭാഗക്കാർക്കും അവാർഡുദാനം. രാഷ്ട്രപതി ലവൻ പ്രധാന അതിഥി. നഗരത്തിനും ഇൻഡസ്ട്രിക്കും കൈവന്ന അപൂർവ്വ സൌഭാഗ്യം.

ഉച്ചതിരിഞ്ഞതോടെ എല്ലാ റോഡുകളും സിററിടൌൺഹാളിലേക്കു് ലക്ഷ്യമായി. കലാസാംസ്കാരിക രാഷ്ട്രീയപ്രമുഖരുടെ കാറുകൾ ടൌൺഹാളിനെ ലക്ഷ്യമാക്കി ചലിച്ചുകൊണ്ടിരുന്നു. നഗരവാസി

## ഏകലവ്യൻെറ നോവൽ ആരംഭിക്കുന്നു

തോരണം കെട്ടിത്തൂക്കിയ തെരുവുകളിൽ ഇടയ്ക്കിടെ കമാനങ്ങൾ. രാഷ്ട്രപതിയെ സ്വാഗതംചെയ്തുകൊണ്ടുള്ള ബാനറുകൾ. നഗരത്തിനു് കൈവന്ന അസുലഭസൌഭാഗ്യം,

സംഘാടകരുടെ ഓഫീസിലേക്കു് അനുനിമിഷം ഫോൺകാളുകൾ വന്നുകൊണ്ടിരുന്നു. ഒരുട്ടിക്കററു്, ഒരുട്ടിക്കററു് മാത്രം ബാക്കി. ഇരുനൂറു് ഉറുപ്പിക, മുന്നൂറു്, വേണ്ടിവന്നാൽ അഞ്ഞൂറും അറുനൂറും കൊടുക്കാൻ നഗരത്തിലെ ലക്ഷാധിപന്മാരും കൾ വിദേശനിർമ്മിതമായ ചലിക്കുന്ന കൊട്ടാരങ്ങൾകണ്ടു് വിസ്മയഭരിതരായി

ടൌൺഹാളും പരിസരവും പ്രകാശത്തിൽ മുങ്ങിത്തുടിച്ചു. വർണ്ണങ്ങളും നിറങ്ങളും പ്രകാശത്തിൽ അലിഞ്ഞുചേർന്നതോടെ ദേവലോകത്തിൻെറ പ്രതീതി. ഒഴുകികൊണ്ടിരുന്ന നിയോൺ ബൾബുകൾ അവാർഡിനർഹരായ കലാകാരന്മാരുടെ പേരുകൾ അനസ്യൂതം പ്രകാശിപ്പിച്ചുകൊണ്ടിരുന്നു

ആറുമണിയോടെ നടീനടന്മാർ എത്തി

ച്ചേരാൻ തുടങ്ങി. അവരെ ഒരുനോക്കുകാണാൻ തടിച്ചുകൂടിയിരുന്ന ആരാധകവൃന്ദം ഓരോ നടീനടന്മാരും കാറിൽ നിന്നിറങ്ങുമ്പോൾ വേലിയേററത്തിലെ തിരകൾ പോലെ അവർ തള്ളിക്കയറി, ഇഷ്ടപ്പെട്ട താരങ്ങൾ വന്നിറങ്ങുമ്പോൾ ജനങ്ങൾ ഉന്മാദരെപ്പോലെ ബഹളം വെയ്ക്കുകയും നൃത്തംചെയ്യുകയും വിസിലടിക്കുകയും ചെയ്തു ചിലർ അവർ അഭിനയിച്ച കഥാപാത്രങ്ങളുടെ പേരുകൾ വിളിച്ചുപറഞ്ഞു. നടീനടന്മാർ അകലെ നില്ക്കുന്ന ആരാധകരുടെ നേരെ കൈവീശി, കൈകൂപ്പി, നന്ദിപ്രകടിപ്പിച്ചു.

ക്യാമറകൾ തെരുതെരെ ഫ്ളാഷടിച്ചു. മൂവി ക്യാമറകളും ടി. വി ക്യാമറകളും ചലിച്ചുകൊണ്ടിരുന്നു.

"എവിടെ കാമിനി, അവർ വന്നുവൊ?"

ജനങ്ങൾ ഉത്ക്കണ്ഠയോടെ പരസ്പരം ചോദിച്ചു. അവക്കു് കാമിനിയെ കാണണം, ഒരുനോക്കു കാണണം അവരുടെ പ്രിയപ്പെട്ട ഹീറോയിൻ. അവരെ കരയിപ്പിക്കുന്ന, ചിരിപ്പിക്കുന്ന, ദുഃഖിതരും ആനന്ദ തുല്ലിതരുമാക്കുന്ന അതുല്യതാരം. അപൂർവ്വകലാകാരി.

കാർപാർക്കിൽ ഓരോ കാർ വന്നുനില്ക്കുമ്പോഴും അതു കാമിനിയുടെ ആണൊയെന്നു് അവർ പ്രത്യേകം തിരക്കി.

കാമിനിക്കു് രണ്ടാമത്തെതവണ, തുടർച്ചയായി, ഫിലിംഫെയർ അവാർഡു് ലഭിക്കുന്നു. അവർ അഭിനയിച്ച പടം ആഴ്ചയിൽനിന്നു് ആഴ്ചയിലേക്കു് മുന്നേറിക്കൊണ്ടിരിക്കുന്നു. അവരുടെയുടെ അഭിനയി

ക്കാൻ ഇളം തലമുറക്കാരായ നവാഗതർ സ്വപ്നം കാണുന്നു. അവരുടെ പടം സംവിധാനംചെയ്യാൻ സംവിധായകർ കൊതിക്കുന്നു.

തമിഴ് മലയാള ചലച്ചിത്രവിഹായസ്സിൽ ഉദിച്ചുയർന്ന അത്ഭുതനക്ഷത്രം. ചലച്ചിത്രവാടിയിലെ വാനമ്പാടി. ചെറുപ്പക്കാരുടെ ഇക്കിളി. ചെറുപ്പക്കാരികളുടെ സ്വപ്നദേവത. വൃദ്ധന്മാർപോലും കാമിനിയുടെ പടം തലയിണയ്ക്കടിയിൽ രഹസ്യമായി സൂക്ഷിക്കുന്നു.

"അതാ കാമിനിയുടെ കാർ."

"എവിടെ? ഒരു നൂറുചോദ്യങ്ങൾ. ജനങ്ങൾ ഇളകിവശായി. വി. കെ. പി. കാർ പാർക്കിലേക്കു കാറടുത്തപ്പോൾ ജനങ്ങൾ ഇരമ്പികയറി. പോലീസുകാർ ലാത്തിയോങ്ങി ജനത്തെ ഒതുക്കിനിർത്തി.

കാമിനി, കാമിനി, കാമിനി ആരാധകർ ഉന്മാദകരെപ്പോലെ ആർത്തുവിളിച്ചുകൊണ്ടിരുന്നു.

നീണ്ട, ഇളം നീല ഇംബാലകാറിൻെറ പിൻസീററിൽനിന്ന് ഇളം നീല കാഞ്ചിപുരം സാരിധരിച്ച്, തലയിൽ മുല്ലപൂമാല ചൂടി, അവതാറങ്ങി. ആർത്തുവിളിച്ചുകൊണ്ടിരുന്ന ആരാധകരുടെ നേരെ കൈകൂപ്പി പുഞ്ചിരിതൂകി.

സംഘാടകരുടെ സ്വാഗതസംഘം പ്രതിനിധികൾ കാമിനിയേയും മാതാപിതാക്കളെയും അനുജത്തിയേയും ടൌൺഹാളിൻെറ ഫോയറിലേക്ക് ആനയിച്ചു.

ഫോയറിൽവെച്ച് സുപ്രസിദ്ധ കമ്പയറായ ശ്രീ അബ്രഹാം മൈക്രോഫോണുമായി കാമിനിയെ സമീപിച്ചു.

"അഭിനന്ദനങ്ങൾ കാമിനി, അഭിനന്ദനങ്ങൾ. തുടർച്ചയായി രണ്ടാമത്തെ തവണയും അവാർഡ് ലഭിച്ച താങ്കൾക്ക് അഭിനന്ദനങ്ങൾ."

കാമിനി പുഞ്ചിരിതൂകി, സാരിയുടെ അററം പിടിച്ച് തോളിലൂടെയിട്ടു. അവരുടെ ഇടത്തും വലത്തുമായി നിന്നിരുന്ന മിസ്റ്റർ നായരും സഹധർമ്മിണിയും അഭിമാന പുരസ്സരം മന്ദഹസിച്ചു. തങ്ങളുടെ മകളുടെ പ്രസിദ്ധി നാടിൻെറ നാലതിരുകൾക്കപ്പുറം പരന്നിരിക്കുന്നു.

രണ്ടായിരത്തിലേറെ ഇരിപ്പടമുള്ള ടൌൺഹാൾ മുക്കാലും നിറഞ്ഞിരുന്നു. മുമ്പിൽ പട്ടുകുററൻ സ്റ്റെയിജ് ചൊകന്ന വെൽവെററ് തുണിയുടെ ചുളിവുകളും ഞൊറികളുമുള്ള തിരശ്ശീലയിൽ വജ്രങ്ങൾ വെട്ടിത്തിളങ്ങി. സ്റ്റെയിജിന് മുമ്പിൽ വർണ്ണപ്രകാശങ്ങളുടെ നീണ്ട നിരകൾ.

നിമിഷങ്ങൾ ഉതിന്നുവീണു. രാഷ്ട്രപതിയുടെ ആഗമനസമയം സമീപിച്ചുകൊണ്ടിരുന്നു.

ആഡിറേറാറിയത്തിലും ബാൽക്കണിയിലും ക്ഷണിക്കപ്പെട്ടിരുന്ന അതിഥികൾ നിറഞ്ഞു.

മുൻനിരകൾ വി. ഐ. പി. കൾക്ക് റിസർവ്വ് ചെയ്യപ്പെട്ടിരുന്നു. അതിൻെറ പിറകിലെ നിരകളിൽ പ്രമുഖ പൌരന്മാരും നടീനടന്മാരും സ്ഥലം പിടിച്ചിരുന്നു. ക്ഷണിക്കപ്പെട്ട കലാകാരന്മാർ രാഷ്ട്രീയ നേതാക്കന്മാർ, സ്റ്റെയിററ് കേന്ദ്രമന്ത്രിമാർ, പാർലിമെൻറ് അംഗങ്ങൾ, എം. എൽ. എ മാർ, വ്യവസായ ചക്രവർത്തികൾ, സ്റ്റുഡിയൊ ഉടമകൾ, പട്ടിലും പൊന്നിലും പൊതിഞ്ഞ മഹിളകൾ. ഒരുത്തി സൌന്ദര്യത്തിലും ഫാഷനിലും അപരയെ വെല്ലുവിളി നടത്തുന്നു. അവർ ഇരിപ്പടങ്ങളിലിരുന്നു പരസ്പരം താഴ്ന്നസ്വരത്തിൽ സംസാരിക്കുകയും അമർത്തിച്ചിരിക്കുകയും ചെയ്തു.

സമയം ഏഴര.

പിറുപിറുപ്പുകളുയർന്നു.

രാഷ്ട്രപതി എത്തിയിരിക്കുന്നു.

മുൻനിരകളിൽ ഒഴിഞ്ഞുകിടന്നിരുന്ന സീററുകളിൽ മന്ത്രിമാരും മററു വിശിഷ്ടാതിഥികളും ആസനസ്ഥരായി.

ബ്യൂഗിൾ വിളി മുഴങ്ങി. എല്ലാവരും, ഒന്നടക്കം എഴുന്നേററുനിന്നു. മന്ദഹാസമൊഴിഞ്ഞു, കൈകൂപ്പി, രാഷ്ട്രപതി ആഡിറേറാറിയത്തിലേക്ക് പ്രവേശിച്ചു.

യവനിക ചുരുൾ ചുരുളായി ഉയർന്നു. സ്റ്റേജിൽ അവാർഡിനർഹരായ കലാകാരന്മാർ സ്വാഗതപ്രസംഗം. കലാകാരന്മാരുടെ നവചിത്രങ്ങൾ, ഒടുവിൽ പരമവിശിഷ്ട അതിഥിയെ അവാർഡ് ദാനത്തിനായി സദയം സാദരം ക്ഷണിക്കപ്പെട്ടു.

കാമിനിയുടെ മനസ്സു പിടഞ്ഞു. തുടർച്ചയായി അവാർഡ് ലഭിക്കുന്നതിലല്ല, ആ അവാർഡ് സ്വീകരിക്കുന്നതു് രാഷ്ട്രപതിയിൻെറ ഏററവും ഉന്നതനായ അധികാരിയിൽനിന്നാണല്ലോയെന്നു് ഓർത്തപ്പോഴാണ്.

അവൾ മുമ്പിലേക്ക് നോക്കി. സ്റ്റെയിജിന് താഴെ നീണ്ട ആഡിറേറാറിയത്തിലും ബാൽക്കണിയിലും ഉപവിഷ്ടരായിരിക്കുന്ന പലരെയും അവൾ തിരിച്ചറിഞ്ഞു. തൻെറകൂടെ പല പടങ്ങളിലും അഭിനയിച്ച, അഭിനയിച്ചുകൊണ്ടിരിക്കുന്ന സുരേഷ്, സ്ഥിരം വില്ലനായ സോമൻ, ഡയറക്ടർമാർ, സോമസുന്ദരം, അണ്ണാമലച്ചെട്ടിയാർ, പരമേശ്വരൻനായർ രേവതി സ്ററുഡിയൊ ഉടമസ്ഥൻ ശ്രീനിവാസറാവു, കലൈ മകൾ പത്രാധിപർ കാമറെഡ്ഡി — അതാ തൻെറ പപ്പയും മമ്മിയുമിരിക്കുന്നു തൻെറ അനുജത്തി സുജാത മറെറാരു നടിയായ റോജാറാണിയുമായി സംസാരിക്കുന്നു.

കാമിനിയുടെ കണ്ണുകൾ വീണ്ടും ആരെയൊതേടിനടന്നു. എവിടെ സേതു? തൻെറ മനംകവർന്ന സേതുവെന്ന പുതുസംവിധായകൻ.

മമ്മി തൻെറനേരെ കൈയുയർത്തി കാണിക്കുന്നു. കാമിനിയും മന്ദഹസിച്ചു.

അവാർഡ് ദാനച്ചടങ്ങ് ആരംഭിച്ചിരിക്കുന്നു.

ഇതാ തെന്നിന്ത്യയിലെ അതുല്യനടൻ ശ്രീ. മുരുകേശൻ. തൻെറ സ്വതസിദ്ധമായ അഭിനയസിദ്ധികൊണ്ട് കഥാപാത്രങ്ങൾ പ്രേക്ഷകരുടെ മനസ്സുകളിൽ അനശ്വരങ്ങളാക്കിത്തീർത്ത ശ്രീ മുരുകേശൻ. ഈ വർഷത്തെ മികച്ച നടനുള്ള അവാർഡ്—

മുരുകേശൻ ഇരിപ്പടത്തിൽനിന്നെഴുന്നേററപ്പോൾ കരഘോഷമുയർന്നു.

കാമിനിക്ക് ശരീരം വിറക്കുന്നുണ്ടെന്ന് തോന്നി. ഹൃദയം അതിവേഗം മിടിക്കുന്നു. മുഖത്തും നെററിയിലും പൊടിഞ്ഞവിയർപ്പിൻെറ മുത്തുമണികൾ കൈലേസുകൊണ്ട് അവർ പെറുക്കിയെടുത്തു.

"എന്താ നെർവസ്സായൊ?" തൻെറ അരികെ ഇരുന്നിരുന്ന സംവിധായകൻ ശ്രീ കാന്ത് പതുക്കെ ചോദിച്ചു. മറുപടിപറയാൻ വാക്കുകൾ ലഭിക്കാതെ അവൾ അയാളുടെനേരെ നോക്കുകമാത്രം ചെയ്തു.

ഇതാ തൻെറ പേർ വിളിച്ചുപറയുന്നു.

കാമിനി. ഇന്ത്യൻ സിനിമയിലെ അപൂർവ്വ പ്രതിഭ. വെള്ളിത്തിരക്ക് ലഭിച്ച അമൂല്യനേട്ടം. ഒരു നോക്കിലൂടെ, ഒരു


# NBS NEWS

**അപൂർണ്ണം**
ഇ. വാസു

ജീവിതത്തിൻെറ അപൂർണ്ണത ആനിക്കുട്ടി എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ. നോവൽക്ക്ളബ്ബ് – 2 ലെ 5-ാമത്തെ നോവൽ. വില 3–50

**വള്ളത്തോൾ കവിയും വ്യക്തിയും**
ചെമ്മനം ചാക്കോ

മഹാകവി വള്ളത്തോളിൻെറ വ്യക്തിജീവിതത്തേയും സാഹിതീസപര്യയേയും പരാമർശിക്കുന്ന പ്രൗഢഗംഭീരമായ ഒരു പഠനം. വില 7–50

**ഗാന്ധിജയന്തി**
മേരി ബനീഞ്ഞാ

രാഷ്ട്രപിതാവിൻെറ സമ്പൂർണ്ണ ജീവചരിത്രം അതിൻെറ സമസ്ത ചൈതന്യങ്ങളോടുംകൂടി അവതരിപ്പിക്കുന്ന ഹൃദയംഗമമായ ഒരു മഹാകാവ്യം. വില 6–00.

**നളിനി: ഒരു പഠനം**
എം. ശിവദാസൻ

നളിനിയെപ്പററി വിവാദങ്ങൾ നടക്കുന്ന ഈ ഘട്ടത്തിൽ ഗ്രന്ഥകാരനെഴുതിയ ഈ കൃതി എല്ലാ ഭാഷാപ്രേമികളും അവശ്യം വായിക്കേണ്ടതാണ്. നളിനിയെ സമഗ്രമായ ഒരു പഠനത്തിലൂടെ ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. വില 7–50

**കുഞ്ഞിക്കാളി**
പി. നരേന്ദ്രനാഥ്

കമനീയങ്ങളായ കളർച്ചിത്രങ്ങളാൽ ഹൃദയംകവരുന്ന ഈ ബാലസാഹിത്യ കൃതി കുട്ടികൾ വായിച്ചിരിക്കേണ്ടതാണ്. വില 3–50

**നാഷനൽ ബുക്ക്സ്റ്റാൾ**
കോട്ടയം– 686001

വാക്കിലൂടെ വികാരത്തിന്റെ പ്രപഞ്ചം സൃഷ്ടിക്കുന്ന അതുല്യ കലാകാരി. തുടർച്ചയായ രണ്ടാമത്തെ തവണയും വിജയത്തിന്റെ കിരീടം ചൂടിയ സിനിമാപ്രപഞ്ചത്തിലെ പട്ടമഹിഷി.

മിസ് കാമിനി—

അവർ എഴുന്നേററപ്പോൾ ഓഡിറേറാറിയം നടുക്കത്തക്കവണ്ണം കരഘോഷമുയർന്നു. നിർത്താതെ നിമിഷങ്ങളോളം നീണ്ടുനിന്ന കരഘോഷം. ശാന്തരാകാൻ മൈക്കിലൂടെ അഭ്യർത്ഥിച്ചിട്ടും നിൽക്കാത്ത നിലക്കാത്ത കരഘോഷം. അതിഥികൾ നൽകിയ ബഹുമാനത്തിൽ അവർ വികാരവിവശയായി. പതറിയ അവർ നിമിഷങ്ങളോളം പ്രതിമയായി. അപ്പോഴാണ് രാഷ്ട്രത്തലവൻ തനിക്കുവേണ്ടി കാത്തുനില്ക്കുന്നുണ്ടെന്ന ബോധം മനസ്സിലുദിച്ചതു്.

കാമിനി മന്ദംമന്ദം പ്രധാന അതിഥിയുടെ സവിധത്തിലേക്ക് നടന്നുചെന്നു രാഷ്ട്രപതി പുഞ്ചിരിയോടെ അവളെ നോക്കുകയായിരുന്നു.

അവർ മുന്നിൽച്ചെന്ന് കൈകൂപ്പി. വദനമുയർന്നു. അധരങ്ങളിൽ നേരിയ മന്ദഹാസമുതിർന്നു. അവളുടെ വിറയാർന്ന കൈകൾ നീണ്ടു.

അവാർഡ് നൽകി. രാഷ്ട്രപതി കാമിനിയുടെ ചുമലിൽതട്ടി അഭിനന്ദിച്ചു.

"കീപ്പിററപ്പ് യങ്ങ് ലേഡി"

അവളുടെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. വികാരലോലയായി, നിശ്ശബ്ദമായി, അവൾ വിശിഷ്ടാതിഥിയുടെ നേരെ നോക്കി തലനമിച്ചു്, തുടർന്ന് മുമ്പിലേക്ക് നോക്കി കൈകൂപ്പി സ്വസ്ഥാനത്തു് വന്നിരുന്നു.

അവളുടെ ജീവിതത്തിലെ അനശ്വരമായ, അവിസ്മരണീയമായ ആ രംഗം മൂവി ക്യാമറകളും ടി. വി. ക്യാമറകളും ഒപ്പിയെടുത്തു രുന്നു.

(തുടരും)

വെയിൽ തണൽപ്പാളിപോലെ. അതിൽകിടന്നു കൈകാലിട്ടടിക്കുന്ന പകലിന്റെ അന്ധാസ്ഥിത്തിലൂടെ അയാൾ നടന്നു.

ഉച്ചതിരിഞ്ഞെന്നു പറഞ്ഞിട്ടെന്തു കാര്യം? സൂര്യന്റെ പിടിമുറുകിവരുന്നതുപോലെ. ഇടക്കിടെ വീശുന്ന കാററാശ്വാസമേകി. അതുകൂടിയില്ലെങ്കിൽ വിഷമിച്ചേനേ.

പടർന്നുപന്തലിച്ചാൽ കുറേനാൾ. അതിന്റെ താഴെനിന്നുകളയാം. ആലിന്റെ തണൽ കുററമററതല്ല. എന്നാലും വെയിലിൽനിന്നുള്ള താൽക്കാലികമായൊരു മോചനം: പിന്നെയൊരു സിഗററും പുകയ്ക്കാം. നിന്നോ ഇരുന്നോ സിഗററുവലിക്കുമ്പോഴുള്ള സുഖമൊന്നു പ്രത്യേകതന്നെ. നടക്കുമ്പോഴതു കിട്ടുകയില്ല. അവസാനത്തെ പുക ആഞ്ഞുവലിച്ചിട്ടു യാത്രതുടരാം.

അവസാനത്തെ പുക, അതോർത്തപ്പോൾ അയാളുറിയുറിച്ചിരിച്ചു. അവസാനത്തെ പുക പലതുമോർത്തിപ്പിക്കുന്നു.

കഥ

## ജോയി ജെ കൈമാപറമ്പൻ

പുകപടലങ്ങൾ രൂപനിർമ്മിതത്തെ ആയുസ്സുള്ള കീടങ്ങളായി ചുറ്റുമലയുന്നതുനോക്കി അയാൾ നിന്നു.

അവൾ ചോദിക്കുമായിരുന്നു!

"സാറെന്തിനാ ഈ സ്ട്രോക്കെറല്ലാം വലിച്ചുകൂട്ടുന്നേ?"

"വെറുതെ."

"വെറുതെയോ?"

"അതേ."

"എന്നാപ്പിന്നെ വലിക്കാതെ വെറുതെയിരുന്നുകൂടെ?"

അവൾ തമാശക്കാരിയാണ്. എപ്പോഴും പ്രസന്നതയുള്ളവളാ.

ഗ.ഗൻ വിട്ടുകയില്ലായിരുന്നു. ഇന്നലെവന്നു. ഇന്നും ലീവിലാണ്. എങ്കിലും അവനോടുപറഞ്ഞതങ്ങനെയല്ല. ലീ

വുകുറച്ചേയുള്ളു. അതുകൊണ്ടൊററദിവസമേ എടുത്തുള്ളു. നമുക്കിനിയും കാണാം. എന്തുപറഞ്ഞിട്ടും അവൻറകടുംപിടുത്തം. സാരമില്ലെടാ. എനിക്കുവേണ്ടിയല്ലേ. ലീവുനീട്ട്. ഇനിയെന്നാണു കാണുക. എനിക്കെപ്പോഴും വരാനൊക്കെ പററിയെന്നു വരുമോ?

അവൻറെ നിർബന്ധം തൻറെ മററാരഭിലാഷത്തിന്റെ കൊരവള്ളിയിൽ പിടി മുറുക്കുകയായിരുന്നല്ലോ പൊരുതി. ഒരുവിധം പിടിവിട്ടുവിച്ചുപോന്നെന്നു പറഞ്ഞാൽമതി.

ഗംഗനെന്ന ഉററസുഹൃത്തു്. അവൻ കത്തെഴുതിയിരുന്നു. അതനുസരിച്ചുവന്നു. വിദേശത്തു ജോലികിട്ടിപ്പോകുന്ന കൂട്ടുകാരനെ കാണാൻ മാത്രമായിട്ടല്ല താൻ വന്നതു്. ആയിരുന്നെങ്കിലി നടപ്പിൻെറയും കവയിൽകൊള്ളലിൻെറയുമാവശ്യമില്ല.

ഗംഗൻ പറഞ്ഞ സമയത്തിനിന്നു, റെയിൽവേസ്റ്റേഷനിലെത്താൻ കഴിയുന്ന കാര്യം കണ്ടറിയണം. അങ്ങനെ പറഞ്ഞതു തടിതപ്പാനാണു്. ഒരു മണിക്കൂർ നേരത്തെയെത്തണം ഗംഗൻ പറഞ്ഞു. വല്ലതുമൊക്കെ സംസാരിച്ചുകൊണ്ടിരിക്കാമല്ലോ. ശരി അങ്ങനെതന്നെയെന്നു പറഞ്ഞു പിരിഞ്ഞു.

സാരമില്ല, എത്തുക അസാധ്യംതന്നെ. പിന്നീടൊരു കത്തെഴുതാം. പറഞ്ഞു പിരിഞ്ഞതുപോലെ റെയിൽവേസ്റ്റേഷനിലെത്താനെനിക്കു കഴിഞ്ഞില്ല ഗംഗാ നിൻക്കൊന്നും തോന്നരുതു്.

അവനെപ്പോലുമറിയിക്കാത്ത രഹസ്യമാണുള്ളിൽ. അവളെയൊരിക്കൽകൂടി കാണാനാണല്ലോ താൻ ഉററ സുഹൃത്തിനെ വെട്ടിച്ചു രക്ഷപ്പെട്ടതു്.

പ്രേമ ഇപ്പോഴെങ്ങനെയിരിക്കും തടിച്ചു കാണുമോ?

ആ കിഴവനുണ്ടാകാതിരുന്നാൽ മതി. അയാളുണ്ടെങ്കിൽ—

"ങ്ങാ സാറോ? വാ ഇരിക്കു സാറേ. ഞാൻ വ്യാരിച്ചു ഞങ്ങളെയെക്കെ മറന്നു കാണെന്നു്."

തുടക്കമതായിരിക്കും.

പിന്നെ പലതരം പുരാണങ്ങൾ. അയാളെന്തെല്ലാം പറഞ്ഞിരിക്കുന്നു. ഒന്നുമോർമ്മയില്ല. ഓർമ്മയുള്ളതവളെമാത്രം.

അവൾ ചോദിച്ചു:

"സാറിനെന്നോടു സ്നേഹമാണെന്നല്ലേ പറഞ്ഞേ?"

"അതേ."

"സാറെന്നെകെട്ടോ?"

ആ ചോദ്യം അപ്രതീക്ഷിതമായിരുന്നു. കൽമേടിലെ പഞ്ചുവിനെപ്പോലെ വാക്കുകളുടെ പച്ചത്തലകൾക്കുവേണ്ടി പരതി കുറെ നിമിഷമിരുന്നു. കനത്ത ഇരുട്ടിൻെറ മാറിടത്തിൽ മുഖമമർത്തിനിന്ന ആകാശം. ഇരുട്ടിനു നേർത്ത കാററു മൃദുതപം നല്കിയിരുന്നു.

തൻെറ മഞ്ഞളിപ്പവൾ കാണുകയില്ലല്ലോ എന്ന ആശ്വാസമുണ്ടായിരുന്നു.

"എന്താ സാറു മിണ്ടാത്തേ?"

അവ വാക്കുകളാണെന്നല്ല തോന്നിയതു്. പൊട്ടിച്ചിരിയുടെ ഘനീഭൂതരൂപങ്ങൾ.

"വീട്ടിലെല്ലാം ചോദിച്ചിട്ടു്—"

"വീട്ടിലുള്ളവരു സമ്മതിക്കണം?"

"പിന്നെ വേണ്ടേ?"

"അവരാരെങ്കിലും തെരക്കാനിവിടെ വരും?"

"ങ്ങാ."

"കഷ്ടം."

വാക്കുകൾ വീണുടഞ്ഞു.

തുടർന്നൊന്നും പറയാൻ കഴിയാതെ അസ്വസ്ഥനായി ഇരുന്നു.

"ആകാവുന്നിടത്തോളം കാലം എന്തെങ്കിലുമൊക്കെപ്പറഞ്ഞു് കാര്യം കാണണം. പക്ഷേ, ഞാനത്ര മണ്ടിയാണെന്നു സാറു കരുതിയല്ലോ."

പിന്നീടവൾ ചിരിച്ചു. നേർത്ത കാററിലിളകുന്നൊരു കായൽത്തിരയുടെ സ്വരമായിരുന്നു. അതിൻെറ നിറമെന്തായിരിക്കുമെന്നൂഹിച്ചു.

എങ്കിലും അവളുടെ വിശ്വാസം തെററാണെന്നു സ്ഥാപിക്കാനാണു താൻ ശ്രമിച്ചതു്.

"പ്രേമ കരുതുന്നതുപോലല്ല. എനിക്കു നിന്നോടു വലിയ സ്നേഹമുണ്ടു്."

"സത്യം?"

"അതേ."

അവൾ മിണ്ടിയില്ല.

തൻെറ ജീവിതം കണ്ടുകൊണ്ടിരുന്നവൾ. വിലകൂടിയ വസ്ത്രങ്ങൾ. എപ്പോഴും സിഗററു. പോരെങ്കിൽ തൻെറ ഉദ്യോഗസ്ഥിതിയെപ്പററി അച്ഛനിൽനിന്നവളറിഞ്ഞിരിക്കും. തീരെ കഴിവില്ലാത്ത അവൾ തീരുമാനിച്ചിരിക്കും. എനിക്കദ്ദേഹത്തെ കിട്ടാനുള്ള യോഗ്യതയില്ല.

എന്നിട്ടും താനെന്തിനു നുണകൾ പറഞ്ഞു ഫലിപ്പിക്കാൻ നോക്കി? അന്നാനിമിഷത്തിലങ്ങനെ പറഞ്ഞെന്നുമാത്രം. ഒന്നുമുണ്ടായിട്ടല്ല.

താമസസ്ഥലത്തിനടുത്തൊരു വീടുണ്ടെന്നറിഞ്ഞു. ഒരു പെൺകുട്ടിയെ ആ പരിസരങ്ങളിൽ കണ്ടപ്പോൾ ആ വീടു വല്ലാതെ ശ്രദ്ധിച്ചു.

(ശേഷം 52–ൽ)



## സെബാസ്റ്റ്യൻ പുതുവീട്

# മാനസികാപഗ്രഥനത്തിലെ സിദ്ധാന്തത്രയം

വ്യക്തികളുടെയും, സമൂഹങ്ങളുടെയും അനുദിനജീവിതവ്യാപാരങ്ങൾക്കും, പെരുമാററങ്ങൾക്കും പ്രേരകമായ നിഗൂഢങ്ങളായ ചിത്തവൃത്തികളെ അനാവരണം ചെയ്യുന്നതിൽ ആധുനികമനഃശ്ശാസ്ത്രം ഒട്ടേറെ വിജയം വരിച്ചിട്ടുണ്ടെന്നതു് നിസ്തർക്കമാണു്. തന്മൂലം മനോവിജ്ഞാനീയം, ഭൗതികശാസ്ത്രങ്ങളുടെ നിലവാരത്തിലുള്ള പ്രവചനക്ഷമത കൈവരിച്ചിട്ടില്ലെങ്കിൽത്തന്നെയും, ഏറെക്കുറെ ശാസ്ത്രമായിത്തന്നെ പരിഗണിക്കപ്പെടാം. പോരെങ്കിൽ, എല്ലാ വിജ്ഞാനശാഖകളും, ഇന്നു് ശാസ്ത്രപദവി അവകാശപ്പെടുന്നുണ്ടു്. ലക്ഷണത്തികവൊത്ത ശാസ്ത്രത്തിൻെറ ഒഴിച്ചുകൂടാത്ത യോഗ്യതയായ "പ്രവചനക്ഷമത"യെ സംബന്ധിച്ചിടത്തോളം, ഓരോ ശാസ്ത്രവും വിവിധ നിലവാരങ്ങൾ പുലർത്തുന്നുവെന്നു് കരുതുകയായിരിക്കും ഉചിതം. പ്രവചനക്ഷമതയെ സംബന്ധിച്ചിടത്തോളം ഊർജ്ജതന്ത്രം പോലും ഒരു ഘട്ടത്തിലെത്തി തെല്ല സന്നിഗ്ധതയെ നേരിട്ടുകൊണ്ടു്, സ്ഥിതിവിവരക്കണക്കിലെ ശരാശരികൊണ്ടു് തൃപ്തിപ്പെടുന്ന സാഹചര്യത്തിൽ, ശാസ്ത്രത്തിൻെറ പ്രവചനക്ഷമതയ്ക്കു്, ഏതെങ്കിലും ഘട്ടത്തിൽ പൂർണ്ണതയുണ്ടാവുമെന്നു് കരുതേണ്ടതുമില്ല. മനോവിജ്ഞാനീയമാവട്ടെ, മാനസികവ്യാപാരങ്ങളുടെ വിശദമായവിശകലനത്തിലൂടെയും ശാസ്ത്രീയമായ തരംതിരിക്കലുകളിലൂടെയും സാമാന്യതത്വങ്ങളുടെ ആവിഷ്ക്കരണത്തിൽ കുറെയേറെ മുന്നോട്ടു പോയിക്കഴിഞ്ഞു. മനഃശാസ്ത്രപഠനത്തിൽ ഏർപ്പെടുന്നവർ ആ വിജ്ഞാനശാഖയുടെ വിപുലമായ സാദ്ധ്യതകളോടൊപ്പം സഹജമായ പരിമിതികളും ശരിക്കു മനസ്സിലാക്കിയിരിക്കണമെന്നുള്ളതുകൊണ്ടാണു് ആമുഖമായി ഇത്രയും സൂചിപ്പിച്ചതു്.

മനോവിജ്ഞാനീയത്തിൽ സർവ്വപ്രധാനം മാനസികാപഗ്രഥനം തന്നെ. ബിഹേവിയറിസ്റ്റുകൾ ഇതിനോടു് വിയോജിച്ചെന്നുവരാം. തൽക്കാലം അവരെ ഒഴിവാക്കുക. മനസ്സു് എന്നൊന്നില്ലെന്നും മാനസികവ്യാപാരങ്ങൾ എന്നു് നാം കരുതുന്നവ യഥാർത്ഥത്തിൽ ശാരീരികവ്യാപാരങ്ങൾ മാത്രമാണെന്നും വാദിക്കുന്നവരാണു് ബിഹേവിയറിസ്റ്റുകൾ. പാടെ അവഗണിച്ചു തള്ളപ്പെട്ടിട്ടുള്ള ഒരു ചിന്താഗതിയല്ല ഇതെന്നനുസ്മരിച്ചുകൊണ്ടു്, തൽക്കാലം ബിഹേവിയറിസത്തെ നമുക്കു മാററിനിറുത്തി മാനസികാപഗ്രഥനത്തിൽ മാത്രം ശ്രദ്ധചെലുത്താം.

ഒരു ചികിത്സാസമ്പ്രദായമെന്ന നിലയിൽ ഫ്രോയിഡ് രൂപപ്പെടുത്തിയെടുത്ത മാനസികാപഗ്രഥനം, ഇന്നു് വിഭിന്നങ്ങളും പലപ്പോഴും വിരുദ്ധങ്ങളുമായ സിദ്ധാന്തസംഹിതകൾ ഉൾക്കൊള്ളുന്ന വിപുലമായ ഗ്രന്ഥസമ്പത്തോടുകൂടിയ ഒരു വിജ്ഞാനശാഖയായിത്തീർന്നുകഴിഞ്ഞു. മാനസികാപഗ്രഥനത്തിൽ ഇന്നു് നിരവധി ഉൾപ്പിരിവുകൾഉണ്ടു്. അവയുടെ സംഖ്യ എത്രയെന്നു് തിട്ടപ്പെടുത്തുവാൻ തന്നെ സാദ്ധ്യമല്ല. ക്രിസ്തുമതത്തിലുള്ളതിലേറെ ഉൾപ്പിരിവുകൾ മാനസികാപഗ്രഥനപ്രസ്ഥാനത്തിലുണ്ടെന്നു് ഏതുണ്ടു് മൂന്നാലു വ്യാഴവട്ടങ്ങൾക്കു മുമ്പു് എഴുതിയ ഒരു ഗ്രന്ഥത്തിൽ (Limitations of Science) പ്രശസ്തനും പ്രഗത്ഭനും ആയ സള്ളിവൻ രേഖപ്പെടുത്തിയിട്ടുള്ളതു് ഓർമ്മവരുന്നു. ആ നിലയ്ക്കു് ഇപ്പോഴത്തെ നില എന്തെന്നു തിട്ടമില്ല. ഏതായാലും സാർവ്വദേശീയ

[illegible] പ്രചാരമുള്ള സിദ്ധി [illegible] മാനസികാപഗ്രഥനത്തിൽ [illegible] ആഡ്‌ലറും ആഡ്‌ലറുടെ യുങ്ങും രൂപ [illegible] സിദ്ധാന്തത്തിനാ [illegible] ഈ മുവരിൽ ഫ്രോയിഡ് തന്നെ [illegible] വ്യക്തമാണെന്ന കാര്യത്തിൽ തർ [illegible] വാസ്തവത്തിൽ മനസ്സ് [illegible] ആഡ്‌ലറിലും യുങ്ങിലും [illegible] ഉടർ [illegible] പ്രാധാ [illegible] അടിസ്ഥാനത്തിലാണെ [illegible] ഫ്രോയിഡിന് സമശീർ [illegible] സംശയമില്ല. ഈ മുവരു [illegible] സിദ്ധാന്തങ്ങൾ സമന്വയിപ്പിച്ച [illegible] കൂടുതൽ പ്രയോജനകരമായി [illegible] അതാണ് ഈ പ്രബന്ധത്തിന്റെ [illegible] ഫ്രോയിഡിൽത്തന്നെ തുടങ്ങാം. [illegible] മാനസികവിശകലനവുമായി സംബന്ധിച്ചിട [illegible]ളും ഫ്രോയിഡിന്റെ വിശകലനം [illegible] ഗ്രാഡ് തന്റെ "ദൈഡ്‌റ്റേ മോ [illegible] തോട്" എന്ന ഗ്രന്ഥത്തിൽ ഒരേ [illegible] ഇതിനുകൂട്ടിത്തന്നിട്ടുള്ള രണ്ടു നിലക [illegible] മനുഷ്യനെന്ന രണ്ടു കുടുംബങ്ങ [illegible] ഉണ്ടായിത്തന്നെ വളരെ ലളിത [illegible]യി വിഭജിക്കപ്പെട്ടിരിക്കുന്നു. രണ്ടാം നില [illegible]യാണ് ബോധമനസ്സിന്റെ ഘാർപ്പിടം. ഇവിടുത്തെ കുടുംബം മാന്യതാണ്. അവർ [illegible]തമം അനുസരിച്ച് ഗുപ്രകാരം ജീവി [illegible]ന്നു. അതുകൊണ്ടായി നല്ല ബന്ധ [illegible]ങ്ങൾ പുലർത്തി, തങ്ങളുടെ കാര്യം നോക്കി [illegible]ജീവിക്കുന്നു. അവരുടെ ഉന്നം. അങ്ങി [illegible]ന്ന് ലോകത്തിന്റെ മുമ്പിൽ മാന്യതയു [illegible]ടെ പരിവേഷങ്ങൾ കോട്ടുതട്ടാതെ കാ [illegible]ക്കുകയാണ്. അവർ ശ്രമിക്കുന്നു. താഴ [illegible] നിലയിലുള്ള അബോധമണ്ഡലം. [illegible] വളരെ വലിയൊരു കുടുംബ [illegible] താണ്. അവരുടെ സ്വഭാവമാ [illegible] മാന്യതയ്ക്ക് മാന്യതയുമല്ല. അവരിൽ പ [illegible] ചെ കാലത്ത് രണ്ടാംനിലയിൽ പാ [illegible]ന്ന കുടുംബത്തിലെ അംഗങ്ങളായിരുന്ന [illegible]ളിലും അവിടെത്തെ സമൂഹത്തിന് [illegible]ന്നുമല്ലെന്ന കാരണത്താൽ അവി [illegible]ന് താഴത്തെ നിലയിലേക്ക് തള്ള [illegible]പ്പെട്ടവരാണ്. അവർ പ്രാകൃതരാണ്, [illegible]കാട്ടാളന്മാരാണ്. അങ്ങേ അററം [illegible]ന്നിയന്ത്രണമില്ലാത്തവരാണ്. അവരുടെ ഒരേ [illegible]കാര്യത്തിൽ, അഭിലാഷങ്ങൾ പൂർത്തീ [illegible]ക്കുക മാത്രമാണ്. അഭിലാഷങ്ങളാ [illegible]

[illegible]ട്ടെ മുഖ്യമായും ലൈംഗികവുമാണ്. ഈ ലക്ഷ്യം ഫലപ്രദമായി സാധിക്കുന്നതിനു് രണ്ടാംനിലയിലേക്കു് മടങ്ങാൻ അവർ ശ്രമിക്കുന്നു. അവിടെ കൂടുതൽ സാദ്ധ്യതയുണ്ടെന്നാണ് അവർ പ്രത്യാശിക്കുന്നതു്. രണ്ടാംനിലയിലെ താമസക്കാർ ഈ ശ്രമത്തെ ഭയസ്ഭ്രാന്തികളോടെയാണ് വീക്ഷിക്കുക അതുകൊണ്ടു് താഴത്തെ നിലയിലെ താമസക്കാർ മുകളിലത്തെ നിലയിലേക്കു കടക്കുന്നതിനെ തടയാൻ രണ്ടാം നിലയിലേക്കുള്ള കോണിപ്പടിയിൽ ഒരു കാവൽക്കാരനെ നിറുത്തിയിട്ടുണ്ട്. സെൻസർ— അവരോധകൻ— എന്നുത്തു അയാളുടെ നാമധേയം അബോധമണ്ഡലത്തിൽനിന്നു് കൊള്ളരുതാത്തവർ ബോധമണ്ഡലത്തിലേക്കു് പ്രവേശിക്കുന്നതിനെ തടയേണ്ടതു് ഇയാളുടെ ചുമതലയാണ്. ചിലപ്പോൾ അയാളുടെ ശ്രമം വിജയിക്കുകയും പ്രാകൃതാഭിലാഷങ്ങൾ അമർത്തപ്പെട്ടു കിടക്കുകയും ചെയ്യുന്നു മറു ചിലപ്പോൾ പ്രാകൃതാഭിലാഷങ്ങളെ— താഴത്തെ നിലയിലെ പാർപ്പുകാരെ—തടഞ്ഞുനിറുത്തുവാൻ അവരോധകനു് സാധിച്ചെന്നുവരില്ല. അവർ രണ്ടാംനിലയിൽ— ബോധമണ്ഡലത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇത്തരം സന്ദർഭങ്ങളിൽ അവരോധകൻ ഒരു കൃത്യം നിർവഹിക്കുന്നുണ്ട്. ഒരു ശുദ്ധീകരണപ്രക്രിയയിലൂടെ അവരെ മാർഗ്ഗമദ്ധ്യേ മാന്യന്മാരാക്കി മാത്രമേ മുകളിലേക്കു് അയക്കുള്ളു അബോധമണ്ഡലത്തിൽ നിന്നു് ബോധമണ്ഡലത്തിലേക്കു് പ്രവേശനം തേടുന്ന പ്രാകൃതാഭിലാഷങ്ങളുടെ ശുദ്ധീകരണത്തിനാണ് ഉദാത്തീകരണം എന്നു നാമകരണം ചെയ്തിട്ടുള്ളതു്. അയൽക്കാരന്റെ ഭാര്യയുമായി ഒളിച്ചോടിപ്പോകാനുള്ള അബോധമനസ്സിലെ അഭിലാഷം, ബോധമണ്ഡലത്തിൽ പ്രവേശിക്കുമ്പോൾ, ചെട്ടന്നു് ഉപ്പിലിട്ട ഉള്ളിയോടുള്ള വെറുപ്പായിട്ടായിരിക്കുമത്രേ പ്രത്യക്ഷപ്പെടുക.

മാനസികാപഗ്രഥനത്തിലെ സുപ്രധാനമായ ഒരു സിദ്ധാന്തമാണ് "അടിച്ചമർത്തൽ" അഥവാ ദമനം. ചില അനുഭവങ്ങളുടെ ഓർമ്മ വേദനാജനകമാകുമ്പോൾ അവ മനസ്സിന്റെ അബോധമണ്ഡലത്തിലേക്കു് അടിച്ചമർത്തപ്പെടുന്നു ഓർമ്മകളുടെകാര്യത്തിൽമാത്രം ഇതു് ഒളിങ്ങിനിൽക്കുന്നില്ല അബോധമണ്ഡലത്തിൽനിന്നു് ബോധമണ്ഡലത്തിലേയ്ക്കുള്ള പ്രതിഗമനം ഏതിന്റെആയാലും എപ്പോഴും അസ്വാസ്ഥ്യജനകമായിരിക്കും വേദനാജനകങ്ങളായ ഓർമ്മകൾക്കു പുറമെ, അഭിലാഷങ്ങളെയും നാം അബോധമണ്ഡലത്തിലേയ്ക്കു് അമർത്തുന്നു ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുതയുണ്ട്. ഈ അഭിലാഷങ്ങൾ അമർത്തപ്പെടുകമാത്രമാണ് ചെയ്യുന്നതു്. അവ ഇല്ലായ്മചെയ്യപ്പെടുന്നില്ല. അവയ്ക്കു് സ്വന്തമായ ഒരു ജീവിതമുണ്ട്. ദമനശക്തിക്കെതിരായി ബോധമണ്ഡലത്തിൽ കടന്നുപററാനുള്ള അവയുടെ യത്നം ശക്തമായ സംഘട്ടനത്തിനു് വഴിതെളിക്കുന്നു. ഈ സംഘട്ടനങ്ങൾ അപസ്മാരലക്ഷണങ്ങൾക്കു് കാരണമാകുംവിധം അത്രയ്ക്കു് ഉൽക്കടമായിരിക്കും. ഇത്തരം സംഘട്ടനങ്ങൾതന്നെയത്രേ സ്വപ്നങ്ങൾക്കും ഉറവിടം. നിഷിദ്ധമായ ഏതാനു വികാരം അബോധമണ്ഡലത്തിൽ നിന്നു് ബോധമണ്ഡലത്തിൽ പ്രവേശിക്കുന്നതു് സ്വപ്നത്തിന്റെ പ്രച്ഛന്നരൂപത്തിലായിരിക്കും ഈ പ്രച്ഛന്നപ്രതിരൂപങ്ങൾ പൊതുവേ സുദീർഘവും സങ്കീർണ്ണവും ആകും മാനസികാപഗ്രഥനപ്രക്രിയയിലൂടെമാത്രമേ അതിന്റെ യഥാർത്ഥരൂപം കണ്ടെത്തുവാൻ കഴിയുകയുള്ളു. പ്രത്യക്ഷത്തിൽ തികച്ചും നിരുപദ്രവകരമെന്നുതോന്നുന്ന സ്വപ്നങ്ങളുടെപോലും ഉള്ളടക്കം, മാനസികാപഗ്രഥനത്തിൽ, അത്യന്തം സങ്കീർണ്ണങ്ങളും ആക്ഷേപങ്ങളുമായിരിക്കും സ്വപ്നങ്ങളുടെ മൂടുപടമണിഞ്ഞെത്തുന്ന അവയ്ക്കു പ്രത്യക്ഷപ്പെടാൻ കഴിയു ചില അപസ്മാരലക്ഷണങ്ങളും ഇതുപോലെ പ്രച്ഛന്നവേഷങ്ങളാണെന്നു് വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

അബോധമനസ്സിലെ അഭിലാഷങ്ങളും ദമനവും(repression) സംബന്ധിച്ച ഫ്രോയിഡുസിദ്ധാന്തം ഒന്നാം ലോകമഹായുദ്ധകാലത്തു്, ചില രോഗികളെ സംബന്ധിച്ചിടത്തോളം വളരെ ഫലപ്രദമാംവിധം പ്രയോഗക്ഷമമായികാണപ്പെട്ടു ശാരീരികമായി യാതൊരു കോട്ടവുംകൂടാതെതന്നെ, നൂറ്റമ്പതിധികം സൈനികർക്കു് കാഴ്ച നഷ്ടപ്പെടുകയും തളർവാതം പിടിപെടുകയുംചെയ്തതായി കാണപ്പെട്ട ഈ സൈനികർക്കു് പറയുകയോ, കപടാഭിനയം നടത്തുകയോചെയ്യുന്നതായ മാത്രം കരുതുവാനേ പഴയരീതിയിലുള്ള ഡാക്ടർമാർക്കു് കഴിയുമായിരുന്നുള്ളു. എങ്കിലും കാലാന്തരത്തിൽ ഈ സൈനികർ കപടനാട്യക്കാരല്ലെന്നുതന്നെ തെളിഞ്ഞു യുദ്ധരംഗത്തുനിന്നു് എവ്വിധേനയും രക്ഷപ്പെടാനുള്ള അമർത്തപ്പെട്ട അഭിലാഷം, ലക്ഷ്യം നേടുവാൻവേണ്ടി ഏതെങ്കിലും ആഘാതമോ, ഞെട്ടലോമൂലം സിദ്ധമായ സന്ദർഭം പ്രയോജനപ്പെടുത്തി അബോധമനസ്സ് ശാരീരികമായ അസ്വാസ്ഥ്യം നടിക്കുകയാണ് ചെയ്തതു്. ബോധമനസ്സിനെ സംബന്ധിച്ചിടത്തോളം, ഈ ശാരീരികമായ അവശത തീർച്ചയായും, വെറും കപടനാട്യമായിരുന്നില്ല അതുകൊണ്ടു് ഈ അവശതാനാട്യം ബോധമനസ്സ് വളരെ കാര്യമായിത്തന്നെ കണക്കാക്കുന്നു. അടിച്ചമർത്തപ്പെട്ട അഭിലാഷത്തിനു് പുനരുത്ഥാനം ലഭിച്ചാൽമാത്രമേ, ഈ ശാരീരികമായ അവശത അപ്രത്യക്ഷമാകൂ എന്നു് വ്യക്തം. വീണ്ടു് ദൈന്യം മുറിവുപററിയ യുവാവായ ഒരു സൈനികോദ്യോഗസ്ഥന്റെ ചരിത്രം ഇവിടെ പ്രസക്തമാണ്. മുറിവേററ കൈകൾ ഒരു സ്ലിങ്ങിൽ (sling) വെക്കേയുണ്ടായി. പക്ഷേ, സ്ലിങ്ങ് മാററിയപ്പോൾ കൈ പാടെ നിശ്ചേഷ്ടമായിത്തീർന്നു. സൈനികോദ്യോഗസ്ഥന്റെ സത്യസന്ധതയും, അവശതയുടെ യാഥാർത്ഥ്യവും സംശയാതീതമായിരുന്നു. പക്ഷേ, മോഹനിദ്രയ്ക്കു് (Hypnotism) വിധേയനാക്കി വിശകലനംചെയ്തപ്പോൾ, യുദ്ധരംഗത്തേയ്ക്കു് മടങ്ങുന്നതിലുള്ള ആ യുവാവിന്റെ പ്രബലമെങ്കിലും, അടിച്ചമർത്തപ്പെട്ട ഭീതിയാണ് കൈയ്ക്കു പററിയ അവശതയ്ക്കു് കാരണമെന്നു തെളിഞ്ഞു. അബോധമനസ്സിലേക്കു് അടിച്ചമർത്തപ്പെട്ട ഈ ഭീതിയാണ്, സൈനികോദ്യോഗസ്ഥന്റെ കൈയ്ക്കു് നിശ്ചേഷ്ടമാക്കിയതും, യുദ്ധരംഗത്തുനിന്നു് അദ്ദേഹത്തെ പിൻവലിപ്പിച്ചതും ഈ സൈനികോദ്യോഗസ്ഥന്റെകാര്യത്തിൽ, അടിച്ചമർത്തപ്പെട്ട ചോദനയെ ബോധമണ്ഡലത്തിൽ വീണ്ടെടുക്കുവാനുള്ള ശ്രമം ശക്തമായ പ്രതിരോധത്തിനു് വിധേയമായി. തീവ്രമായ കോപവും വിദ്വേഷവും തദവസരത്തിൽ ഈ സൈനികോദ്യോഗസ്ഥൻ പ്രകടിപ്പിച്ചുവത്രേ. (തുടരും)

# [illegible]

എം [illegible]

# [illegible]കളിക്കാരൻ

[illegible] കണ്ടവരു
[illegible] ചുണ്ടെ
[illegible] നടന്നുപോ
[illegible] ഗോ
[illegible] ഇ
[illegible] അ
[illegible] ഓർമ്മ
[illegible] ധമെന്ന
[illegible] അലി
[illegible] ഗോസായി
[illegible] എ
[illegible] കൈ

ശോശംവന്നതോന്നി. കൈമോശം വരാതെ കിടന്നതു് അമ്മാവൻെറ ഉദകക്രിയ മാത്രമായിരുന്നു. ധർമ്മപുരിയുടെ ഭരണകൂടമാണു് അതു നടത്തിയതു്. അവർ അമ്മാവൻെറ ചിതാഭസ്മം കടലിൽ കലക്കി ശമിപ്പിച്ചു. അഞ്ചു കൊല്ലം ആ ശമനത്തെപ്പററിമാത്രം, നിരർത്ഥമായി, ധർമ്മപുരിക്കാർ ഓർത്തു. ഭരണകൂടം നാട്ടുനീളെ മറപ്പുരകൾ പണിതു. അവയുടെ ചുവരുകളിൽ അവർ ഗോസായിയമ്മാവൻെറ സൂക്തങ്ങൾ കൊത്തിവെച്ചു: സത്യം, ശാന്തി, കാരുണ്യം.

ഈ സൂക്തങ്ങളുപയോഗിച്ചായിരുന്നു ഗോസായിയമ്മാവൻ പരന്ത്രീസുകാരെ ധർമ്മപുരിവിടാൻ നിർബ്ബന്ധിച്ചതു്. അഞ്ഞൂറുകൊല്ലം നീണ്ടുനിന്നതായിരുന്നു പരന്ത്രീസുകോയ്മ. പരന്ത്രീസുകാക്കു സൌന്ദര്യമുണ്ടായിരുന്നു. നൂററാണ്ടുകളുടെ സുഭിക്ഷമറിഞ്ഞ അവക്കു് ബലമുള്ള ശരീരങ്ങളുണ്ടായിരുന്നു. ശരീരങ്ങളുടെ സർഗ്ഗമത്സരത്തിൽ അവർ ധർമ്മപുരിക്കാരെ അപമാനിതരാക്കി. ധർമ്മപുരിയിലെ പെണ്ണുങ്ങൾ പരന്ത്രീസുകാരുമായി ഇണചേർന്നു. പരിണാമത്തിൻെറ നീണ്ട ജീവകയുദ്ധങ്ങളിൽ തോററുപോകുന്ന വർഗ്ഗത്തിൻെറ പിടകൾ വെല്ലുന്നവനുമായി എപ്പോഴും ഇണചേർന്നിട്ടുണ്ടു്. ദുഃഖിതനായി, ദുർബ്ബലനായി ഇതു കണ്ടുനിന്ന ധർമ്മപുരിയിലെ മനുഷ്യൻ എന്തുചെയ്യണം? പരിണാമഗതികളുടെ കവലയിൽ അവൻ ഏതുമറിയാതെനിന്നു.

ആ കവലയിലാണു് ഗോസായിയമ്മാവൻ പ്രത്യക്ഷപ്പെട്ടതു്. വൽക്കലമുടുത്തു്, വടികുത്തി, അരച്ചുരടിൽ പഴയൊരു ഘടികാരം ഞാത്തിയിട്ടു്, പ്രസാദവാനായ ഒരു ചുണ്ടെലിയെപ്പോലെ അയാൾ അവിടെ നിന്നുകൊണ്ടു ചിരിച്ചു.

"എന്തിനു ദുഃഖിക്കുന്നു?" ചിരിച്ചുകൊണ്ടുതന്നെ ഗോസായിയമ്മാവൻ ചോദിച്ചു.

"ഞാൻ തോററുപോയി," ധർമ്മപുരിക്കാരൻ പറഞ്ഞു.

"ജീവകങ്ങളുടെ യുദ്ധം," ഗോസായിയമ്മാവൻ പറഞ്ഞു, "പരിണാമത്തിൻെറ യുദ്ധം, അല്ലേ?"

"അതെ."

"സഹിയ്ക്കു. പരിണാമം ക്രൂരതയാണു്."

"സഹിച്ചുകൂടാ," ധർമ്മപുരിക്കാരൻ കരയാൻ തുടങ്ങി. "എൻെറ ധർമ്മദാരങ്ങളെ വെളുത്ത മനുഷ്യൻ ഭോഗിക്കുന്നു."

ഇപ്പോൾ ഗോസായിയമ്മാവൻ ചിരിച്ചില്ല. അയാൾ പറഞ്ഞു, "വത്സാ, പ്രകൃതിയിൽ കരുണയില്ല. എന്നാൽ പ്രകൃതി കരുണയ്ക്കുവേണ്ടി ദാഹിക്കുകയും ചെയ്യുന്നു. ആ ദാഹത്തിൽ മാംസവും സസ്യവും ആത്മാവായി പരിണമിക്കുന്നു."

ധർമ്മപുരിക്കാരൻ ചെവിക്കൊണ്ടില്ല. അവൻ തുണി പകുത്തു് സ്വന്തം ലിംഗത്തിലേക്കുനോക്കി. ലിംഗം അതിൻെറ മാനഹാനിയിൽ വശംകെട്ടു കിടന്നു.

"നോക്കൂ," ധർമ്മപുരിക്കാരൻ പറഞ്ഞു, "ശ്രീമൻ— നിങ്ങളുടെ പേരെന്താണു്?"

താൻ ചൂററിയ വൽക്കലം തൊട്ടുകാണിച്ചിട്ടു് ഗോസായിയമ്മാവൻ പറഞ്ഞു, "ഗോസായിക്കിഴവനെന്നു വിളിച്ചോളൂ."

"അയ്യോ—" ധർമ്മപുരിക്കാരൻ പറഞ്ഞുപോയി; പിന്നെ ആ ചിരിക്കുന്ന മുഖത്തേക്കു കുറേനേരം നോക്കിയശേഷം ചോദിച്ചു, "ഗോസായിയമ്മാവനെന്നു വിളിക്കട്ടേ?"

ഗോസായിയമ്മാവൻ ഒന്നുകൂടി ചിരിച്ചു.

"വിളിച്ചോളൂ."

"എൻെറ ദുഃഖം മാറുന്നില്ല."

"വത്സാ," ഗോസായിയമ്മാവൻ പറഞ്ഞു, "ആഹ്ളാദിയ്ക്കു. മറെറാരു മഹായുദ്ധം നടക്കുന്നുണ്ടു്. അതിൽ ജയം നമ്മുടെതാണു്."

മറെറാരുയുദ്ധമോ? ധർമ്മപുരിക്കാരൻ അന്ധാളിച്ചുനിന്നു.

"എൻെറകൂടെ വരൂ," ഗോസായിയമ്മാവൻ പറഞ്ഞു.

ശാന്തിഗ്രാമത്തിലെ വീഥികളിലൂടെ ആ ധർമ്മപുരിക്കാരൻ ഗോസായിയമ്മാവനെ പിന്തുടർന്നു. മറെറാരുയുദ്ധമെന്നു പറഞ്ഞപ്പോൾ ഏതെന്നു ചോദിക്കാൻ തോന്നിയില്ല. കൂടെ വരൂ എന്നു വിളിച്ചപ്പോൾ വരില്ലെന്നു പറയാൻ തോന്നിയില്ല. അങ്ങിനെ ഗോ

## ഒ. വി. വിജയൻ

സായിയമ്മാവൻെറ പുറകെ ധർമ്മപുരിക്കാരൻ വളരെദൂരം നടന്നു.

ശാന്തിഗ്രാമത്തിലെ പ്രധാന നാൽക്കവലയിലെത്തിയപ്പോൾ ഗോസായിയമ്മാവൻ പൊക്കണത്തിൽനിന്നു് ഒരു പാമ്പിൻകൂട പുറത്തെടുത്തു. പിന്നെ മകുടിവിളിക്കാൻ തുടങ്ങി. പാമ്പു് പത്തിവിടർത്തിയാടി. അവിടെ ഗതാഗതം നിയന്ത്രിച്ചിരുന്ന പരന്ത്രീസുകാരൻെറ കാലിൻചോട്ടിൽ ഇരിപ്പുറപ്പിച്ചുകൊണ്ടു് ഗോസായിയമ്മാവൻ ഉരുവിടാൻ തുടങ്ങി: "സത്യം, ശാന്തി, കാരുണ്യം."

മന്ത്രോച്ചാരണം കേട്ടു് ആളുകൾ കൂടി. ഗതാഗതം സ്തംഭിച്ചു. ഗതാഗതം സ്തംഭിപ്പിച്ചതിനു് പരന്ത്രീസുഭടൻ ഗോസായിയമ്മാവൻെറ മുഖത്തു ചവി

# ധർമ്മപുരാണം

ട്ടി. മുൻവരിയിലെ പല്ലുകൾ നാലണ്ണം നിലത്തുവീണു. ഭടൻ വീണ്ടും ചവിട്ടാനോങ്ങി. അപ്പോഴുണ്ടു് ചോരത്തൊണ്ണകൾ വിടത്തി ഗോസായിയമ്മാവൻ ചിരിയ്ക്കുന്നു. ഗോസായിയമ്മാവൻ ഭടനോടു ചോദിച്ചു, "കപ്പിത്താനേ, നിങ്ങളുടെ കാലുനൊന്തോ?"

ഗാർമ്മ നിരർത്ഥമെങ്കിലും അതിൻെറ മുടൽമഞ്ഞിൽ കനിവുനിറഞ്ഞ ആ ചോദ്യവും തൊണ്ണവിടന്ന ചിരിയും പതിഞ്ഞു. ഈ അഞ്ചുവർഷങ്ങളായി, കുററബോധത്തിൽ, ആലസ്യത്തിൽ ധർമ്മപുരിക്കാർ ചിലപ്പോഴൊക്കെ അതിൻെറ അനുഭവം ഉൾക്കൊള്ളുന്നു...ഗോസായിയമ്മാവൻ ചോദ്യമാവർത്തിച്ചു പരന്ത്രീസുഭടൻ ചവിട്ടിയില്ല.

ഗതാഗതം നിലച്ചിരിക്കയായിരുന്നു. വാഹനങ്ങളിൽ നിറയെ പരന്ത്രീസുകാരായിരുന്നു. കൂടാതെ ധർമ്മപുരിക്കാരായ കുറേ വണിക്കുകളും ഗോസായിയമ്മാവൻെറ ചോദ്യംകേട്ടും ചിരികണ്ടും അവർ അന്തംവിട്ടു നില്പാണു്, ഗോസായിയമ്മാവൻ അവരോടു പറഞ്ഞു. "പ്രിയമുള്ളവരേ, നമുക്കു ഗതാഗതത്തിൻെറ ആവശ്യമില്ല നേർവഴിയിലൂടെ കാലുകൾമാത്രം ചലിച്ചാൽമതി. അംഗഹീനന്മാരെ കാളകൾ വലിയ്ക്കട്ടെ ആംബുലൻസുകൾമാത്രം എണ്ണയൊഴിച്ചു് ഓടിച്ചാൽമതി. അന്തരീക്ഷത്തിൽ പൊടി ശമിയ്ക്കട്ടെ പുകയും കലുഷതയും അകലട്ടെ നിങ്ങളുടെ കുലടിത്താരകൾക്കിരുവശവും ദയാവാന്മാരായ മരങ്ങൾ പന്തലിയ്ക്കട്ടെ. കിണറുകൾ നിങ്ങളിൽ കാരുണ്യം നിറയ്ക്കട്ടെ."

പരന്ത്രീസുകാർ പേടിച്ചല്ല കീഴടങ്ങിയതു്. പരന്ത്രീസുകാരെ പേടിപ്പിച്ചു കീഴടക്കാൻ പററിയിരുന്നെങ്കിൽ ഗോസായിയമ്മാവൻതന്നെ ദുഃഖിച്ചു പോകുമായിരുന്നു. ഗോസായിയമ്മാവൻ പറയുന്നതൊക്കെ ചെവിക്കൊണ്ട പരന്ത്രീസുകാരിൽനിന്നു ഭയം നിശ്ശേഷമകന്നു. കിണറുകളുടേയും മരങ്ങളുടെയും അനാദിയായ ദർശനത്തിൽ അവർ മോചിയ്ക്കപ്പെട്ടവരായി. ബാസ്തീലിൻെറ സ്മൃതിപരമ്പര ശുദ്ധവും സരളവുമായി അവരിൽ വീണ്ടുമുണർന്നു. ഇപ്രകാരം മോചിയ്ക്കപ്പെട്ടവരായ പരന്ത്രീസുകാർ ധർമ്മപുരിയെ മോചിപ്പിച്ചു.

ഇക്കഴിഞ്ഞ അഞ്ചുകൊല്ലമായാകട്ടെ മററെന്തെല്ലാമോ ചരിത്രകഥകൾ ധർമ്മപുരിയിൽ പ്രചരിക്കുന്നു. ആ കഥകൾ ഗോസായിയമ്മാവൻെറ തൊണ്ണൻചിരിയെപ്പററിപ്പറഞ്ഞില്ല. മറിച്ചു് ധർമ്മപുരിയിലെ വായാടികളുടെ യന്ത്രവും ധീരകൃത്യങ്ങൾ എണ്ണിപ്പറഞ്ഞു. പിന്നെപ്പിന്നെ ഗോസായിയമ്മാവനെക്കുറിച്ചു് ഒന്നുംതന്നെ കേൾക്കാതെയായി, മറപ്പുരകളിൽ എഴുതിവെച്ച സൂക്തങ്ങളൊഴിച്ചു്. രാഷ്ട്രപതിയുടെ അമ്മാവനായിരുന്ന മുൻ രാഷ്ട്രപതി പ്രസംഗിച്ചു പേടിപ്പിച്ചാണു് പരന്ത്രീസുകാരെ നാടുവിടീച്ചതെന്നായി പുതിയ കഥകളുടെ ഉള്ളടക്കം—

പ്രധാന കവലയിൽനിന്നു് ഗോസായിയമ്മാവൻ തെരുവുകളിലേയ്ക്കു നടന്നു. തെരുവുകളിൽനിന്നു് വെളിമ്പുറങ്ങളിലേയ്ക്കും വെളിമ്പുറങ്ങളിലൂടെ ധർമ്മപുരിയുടെ ഗ്രാമങ്ങളിലേയ്ക്കും നടന്നു. പോയേടത്തൊക്കെയും ആളുകൾ കൂടി. ആളുകൾ കൂട്ടന്നേടം നിലത്തിരുന്നു മകുടിവിളിച്ചു് പാമ്പിനെയാട്ടി.

"ഇതാ ഈ സർപ്പത്തെ നോക്കുവിൻ", ഗോസായിയമ്മാവൻ പുരുഷാരത്തോടു പറഞ്ഞു. "നാമാകുന്ന പാമ്പിനെ നാംതന്നെ കീഴടക്കുക. അങ്ങിനെ കീഴടക്കിക്കഴിഞ്ഞാൽ നാം സ്വതന്ത്രരായി. അങ്ങിനെ കീഴടക്കിക്കഴിഞ്ഞാൽ പിന്നെ പരന്ത്രീസുകാർക്കെന്നല്ല, ആർക്കുതന്നെ നമ്മെ കീഴടക്കാൻ സാദ്ധ്യമല്ല."

അരയിൽ ചുററിയ വൽക്കലമുരിഞ്ഞു് ഗോസായിയമ്മാവൻ അവരുടെ മുമ്പിൽ നിന്നു.

"പ്രിയമുള്ളവരേ", അയാൾ പറഞ്ഞു, "എൻെറ നഗ്നത കാണുവിൻ!"

എന്നും കണ്ടിട്ടില്ലാത്തപോലെ അവർ ഒരു മനുഷ്യൻെറ നഗ്നത കണ്ടു. വാർദ്ധക്യത്തിൻെറ സുഗന്ധം ഏതോ വൃദ്ധസസ്യത്തിൻെറ മണംപോലെ അവരെ ചൂഴ്ന്നു. അതറിഞ്ഞുകൊണ്ടു് അവരും അവരുടെ ഉടയാടകൾ ഉരിഞ്ഞുകളഞ്ഞു. യൌവ്വനംമാത്രമണിഞ്ഞുകൊണ്ടു്, പുതിയൊരു കാടിൻെറ തയ്യുകളെപ്പോലെ, ആൺകുട്ടികളും പെൺകുട്ടികളും ഗോസായിയമ്മാവൻെറ പുറകേ നടന്നു. അവർ താന്താങ്ങളുടെ വീടുകളിലേയ്ക്കു തിരിച്ചപ്പോൾ പട്ടുകൾക്കു പകരം വൽക്കലം ചുററി. പിന്നെ അവർ പാടിനടന്നു. സത്യം, ശാന്തി, കാരുണ്യം.

പരന്ത്രീസുകോയ്മ പോയിട്ടും മാനസാന്തരംവന്ന പരന്ത്രീസുകാർ വൽക്കലമുടുത്തു് ധർമ്മപുരിയിൽ താമസിച്ചു. മലകേറി, ധർമ്മപുരിയിലെ വൃദ്ധതാപസന്മാരെ പരിചരിച്ചും ചിലർ കഴിഞ്ഞു. ധർമ്മപുരിയിൽ എന്തെല്ലാമോ ചലിച്ചു പുതിയൊരു തീവ്രധന്യമായ ഒരക്ഷമ ഗോസായിയമ്മാവൻ അവരോടു പറഞ്ഞു, "ഈശ്വരൻെറ ശബ്ദം എന്നോടു പറയുന്നു: കാട്ടും കുടിലുകളും ധർമ്മപുരിയിൽ ഉണ്ടായിത്തീരുന്നതായിരിയ്ക്കും. പ്രിയമുള്ളവരേ, ഈ ആവിർഭാവത്തെ എതിരേൽക്കുവിൻ!"

കൊല്ലം പലതുകഴിഞ്ഞു. പെട്ടെന്നൊരുദിവസം ധർമ്മപുരിയിലെ ഭരണകൂടം പാഞ്ഞു ഗോസായിയമ്മാവൻെറ ഉദകക്രിയയാണെന്നു്. അത്രമാത്രം. എന്നായിരുന്നു മരണമെന്നു് ആരുമറിഞ്ഞില്ല. എങ്ങിനെ മരിച്ചെന്നും ആരുമറിഞ്ഞില്ല ഉദകക്രിയ ഒരു ദേശീയോത്സവമായിരുന്നു. അതിൻെറ തിരക്കിൽ പല ചോദ്യങ്ങളും ചോദിക്കാൻ ആളുകൾ വിട്ടുപോയി. ഗോസായിയമ്മാവൻേറതെന്നു ധരിപ്പിച്ച ചിതാഭസ്മം രഹസ്യപ്പോലീസുകാർ കടലിൽ കലക്കി ശമിപ്പിച്ചു. ഗോസായിയമ്മാവൻെറ ജീവിതകാലത്തുതന്നെ മുൻ രാഷ്ട്രപതി തൻെറ പഴയ പുരയിൽനിന്നു് പരന്ത്രീസുകാർ ഒഴിഞ്ഞുപോയ കൊട്ടാരത്തിലേയ്ക്കു താമസം മാററിയിരുന്നു. ഭരണാധികാരികൾ കുടിലുകളിൽ താമസിക്കണമെന്നു ശഠിച്ചിരുന്നവനായിരുന്നു ഗോസായിയമ്മാവൻ. പക്ഷേ, ശുദ്ധാത്മാവായ ഗോസായിയമ്മാവനെ കബളിപ്പിക്കാൻ എളുപ്പമായിരുന്നു മുൻ രാഷ്ട്രപതി തൻെറ പുതിയ കൊട്ടാരത്തിനു് രാഷ്ട്രപതിക്കുരയെന്നു പേർകൊടു

ധർമ്മപുരാണം

ത്തു. ഗോസായിയമ്മാവൻെറ മരണശേഷമാകട്ടെ, രാഷ്ട്രപതിക്കുരയിൽ പതിനാന്നു പുതിയ കൊത്തളങ്ങളും സ്വകാര്യ മൃഗശാലയും മററു വിനോദമന്ദിരങ്ങളും കണക്കററ ആഡംബരങ്ങളും ചേർക്കപ്പെട്ട സാമ്രാജ്യത്വം ധർമ്മപുരിയ്ക്കെതിരെ സദാ ഗൂഢാലോചനകൾ നടത്തുകയായിരുന്നെന്നും, പ്രതിരോധത്തിൻെറ ഭാഗങ്ങളായിരുന്ന മൃഗശാലയും വിനോദമന്ദിരങ്ങളുമെന്നും തണുക്കുടം ജനങ്ങളെ ധരിപ്പിച്ചു, മന്ത്രിമാർ സ്വർണ്ണക്കമ്പിളികളിൽ പാൽക്കഞ്ഞി കുടിച്ചു. പളുങ്കുകമ്പിളികളിൽ ദ്രാക്ഷാരിഷ്ടം കുടിച്ചു മത്തുപിടിച്ചു കൂത്താടി. പരന്ത്രീസുകാർ ഉപേക്ഷിച്ചുപോയ യന്ത്രരഥങ്ങളിലും വിമാനങ്ങളിലും ഉല്ലാസയാത്ര നടത്തി. പരന്ത്രീസുനാട്ടിൽനിന്നിറക്കുമതിചെയ്ത പട്ടുകർചുററി അതിൽ എങ്ങെങ്കിലും ഒരു കുഷ്ഠം വർക്കലം പിടിപ്പിച്ചുവെച്ചു. പട്ടാളത്തിൽ ആളെണ്ണം പെരുകിയതോടെ അതിൻെറ പേർ സത്യഗ്രഹസഭയെന്നാക്കി. യുദ്ധത്തിൻെറ പേർ സത്യഗ്രഹമെന്നും.

കാലംചെന്നപ്പോൾ ആളുകൾ ഗോസായിയമ്മാവൻ എന്ന മനുഷ്യനെ മറന്നു. ഗോസായിയമ്മാവൻെറ സൂക്തങ്ങൾ പെരുക്കൽപ്പട്ടികപോലെ പ്രാഥമിക പാഠശാലകളിലെ കുട്ടികൾ ഉരുവിട്ടു. ചിലപ്പോൾ ചിലർമാത്രം വല്ലലത്തിൻേറയും കടിലിൻേറയും കാടിൻേറയും അർത്ഥമാതായാനിറങ്ങി. തീട്ടംതിന്നലിൻെറ ബഹളത്തിൽ, സത്യഗ്രഹത്തിൻേറയും പ്രതിരോധത്തിൻേറയും ബഹളത്തിൽ, ആളുകൾ അതു ശ്രദ്ധിച്ചില്ല. പക്ഷേ, ആരായുന്നവർ പറഞ്ഞു, പാമ്പും മകടിയുമായി, സംഹാരമൂർത്തിയായി, യുഗാവസാനത്തിൽ ഗോസായിയമ്മാവൻ തിരിച്ചുവരുമെന്നു്. ഏതായാലും, ഗോസായിയമ്മാവൻെറപേരിൽ അദ്ധ്യാത്മകക്ഷി ഭരണം നടത്തുകയും ദ്രാക്ഷാരിഷ്ടം മോന്തുകയുംചെയ്തുപോന്നു—

പുഴവക്കത്തെ സന്ധ്യയിൽ സിദ്ധാർത്ഥൻ ലാവണ്യയെ മടിയിൽ കിടത്തി. അവളുടെ കണ്ണുനീർ മിന്നുവാറും വററിയിരുന്നു. അരികിൽ സുനന്ദൻ ഉറങ്ങി. തൻെറ മേലങ്കിയെടുത്തു് സിദ്ധാർത്ഥൻ അവനെ പുതപ്പിച്ചു.

"അങ്ങേയ്ക്കു തണുക്കുന്നില്ലേ?" ലാവണ്യ ചോദിച്ചു.

"തണുക്കുന്നുണ്ടു്. പക്ഷേ സുനന്ദൻ പുതയ്ക്കട്ടെ."

സിദ്ധാർത്ഥൻ സുനന്ദൻെറ നെററി തൊട്ടുനോക്കി.

"പനി കുറവുണ്ടു്," അയാൾ പറഞ്ഞു. "അല്ല, പനി വിട്ടിരിക്കുന്നു."

ലാവണ്യ കുട്ടിയുടെ നെററി തടവി നോക്കിയില്ല. പരിചയത്തിൻെറ കാരുണ്യം തന്ന ആ യാത്രക്കാരനെ അവൾ വിശ്വസിക്കുകയായിരുന്നു. ആ വിശ്വാസം സരളവും ലളിതവും നിശ്ശബ്ദവുമായ ഒരു യജ്ഞമായി അവൾക്കുതോന്നി. യജ്ഞത്തിൻെറ മാധുര്യത്തിൽ അവൾ ഒരുപാടുനേരം കിടന്നു.

"ലാവണ്യേ," സിദ്ധാർത്ഥൻ ചോദിച്ചു, "ഈ ഗോസായിയമ്മാവൻ ആരാണു്?"

"ഞങ്ങളുടെ രാഷ്ട്രപിതാവു്."

"അയാൾ തിരിച്ചുവരുമോ?"

"ഞങ്ങളുടെ നേതാക്കന്മാർ അയാളുടെ ചിതാഭസ്മം കടലിൽ കലക്കി ശമിപ്പിച്ചുകഴിഞ്ഞതല്ലേ? എന്നിട്ടും ചിലർ പറയുന്നു അയാൾ തിരിച്ചുവരുമെന്നു്. പക്ഷേ —"

(ശേഷം 41)

## മൂന്നു്

എല്ലാം എല്ലാം ആ മണിയറയിൽ വച്ചു് വിളമ്പിത്തന്നു. മതിയാവോളം ആ മധു ആസ്വദിച്ചു. അവസാനം ഒന്നും സംഭവിച്ചിട്ടില്ലാത്തമട്ടിൽ അവൾ പിരിഞ്ഞു. ഇനി ഒരിക്കലും കണ്ടുമുട്ടുകില്ലെന്നറിയാമെങ്കിൽക്കൂടി, ലക്ഷ്മിയിൽനിന്നും മോചനംനൽകിയ ദേവതയെ മനസ്സുനിറയെ ഉൾക്കൊണ്ടുകൊണ്ടാണു് തിരികെ ഹോസ്റ്റലിൽ വന്നതു്. പക്ഷേ, മുറിയിൽ വന്നപ്പോൾ അവിടെ ലക്ഷ്മിയുണ്ടു്. ഒന്നല്ല, ഒരായിരം ലക്ഷ്മിമാർ. ആ നിഷ്കളങ്കമായ മുഖം. നിസ്സഹായത തുളുമ്പിനിന്ന അതേ കണ്ണുകൾ. അടിവയർവീർത്ത ലക്ഷ്മി. ബൽജിയംകാരി എന്നെ വിട്ടിട്ടു് ഓടിമറഞ്ഞുകഴിഞ്ഞിരുന്നു, മനസ്സാകെ ലക്ഷ്മിയുടെ ഓർമ്മകളുടെ നൊമ്പരങ്ങൾ. മുറിയാകെ ലക്ഷ്മിയുടെ നിറം. മരണത്തിൻെറ ഗന്ധം എനിക്കു പേടിയാകുന്നു. എനിക്കിനിയും എഴുതാൻ പററുകയില്ല ഈ മുറിയിൽ ഒരുനിമിഷംപോലും എനിക്കു കഴിഞ്ഞുകൂടുവാൻ സാദ്ധ്യമല്ല. കോവളത്തെ പാറക്കൂട്ടങ്ങളിൽ ഞാൻ ഒളിക്കുകയാണു്. എൻെറ ജീവിതം ചരസ്സിൽ ലയിച്ചുചേരട്ടെ. എൻെറ ഡയറിക്കുറിപ്പുകൾ ഇവിടെ തീരുകയാണു്. എൻെറ നോവൽ എന്ന ചിരകാലാഭിലാഷം എന്നെ ഭ്രാന്തനാക്കുന്നതിനുമുമ്പു് ഞാൻ ഇവിടെനിന്നും രക്ഷപ്പെടുകയാണു്; എന്നന്നേയ്ക്കുമായി.

കേണലിനു തലചുററുന്നു. എന്തൊക്കെയാണു് താൻ വായിക്കുന്നതു്. എവിടെയോ ഒരു പൊരുത്തക്കേടു്. ബൽജിയംകാരിപ്പെണ്ണു് സംഭാവനചെയ്ത കളിർമ്മപൂണ്ട ഓർമ്മകൾ ബാലുവിനെ മത്തുപിടിപ്പിച്ചിരിക്കാം. ബാലു പരാജയപ്പെടുകയല്ല. വിജയിക്കുകയാണു്. അപ്പോൾ തൻെറ ധാരണ തെററാണു്. അവൻ എൻെറ മകൻ മാത്രമല്ല, സുശിയുടെ രക്തമായിരിക്കാം. കൂടുതൽ അവൻെറ ധമനികളിൽക്കൂടി ഓടുന്നതു്. അതോ അവൻ ആദ്യമായി പരാജയപ്പെടുകയായിരുന്നോ? അതാണോ ഈ ഒളിച്ചോട്ടം. ഒരുപക്ഷേ, ബാലു ഇതിനകം ആത്മഹത്യചെയ്തേക്കാം.

# ഉണ്ണിക്കൃഷ്ണൻ

പരാജയം പിടിച്ചുനിൽക്കാൻ കഴിയാതെ ഒരു ഭീകരസത്യത്തിൻെറമുമ്പിൽ അവൻ പതറി വീണുകാണും. തനിക്കു മാപ്പുപറയാനുള്ള ഒരു സന്ദർഭം അവൻ തരുകയല്ലേ? സുശിയുടെ ആഗ്രഹം നിറവേററാൻ പററുകില്ലേ? താൻ ഒരു ആത്മഹത്യയ്ക്കു് അതുമല്ലങ്കിൽ ഒരു അറുംകൊലയ്ക്കു് സാക്ഷിയാകുകയാണോ? ഉത്തരംകിട്ടാത്ത, ചോദ്യചിഹ്നങ്ങൾ കേണലിൻെറ സിരകളിൽ സംഹാരതാണ്ഡവംനടത്തിയപ്പോൾ ഭാരംകൊണ്ടു് ആ തല താനേ താണുപോയി. അന്ധകാരം ആ കണ്ണുകളിൽ കൊടുങ്കാററു സൃഷ്ടിച്ചു. മയങ്ങിവീണ കേണൽ ഉറങ്ങിപ്പോയി.

താമരപൂക്കൾ നിറഞ്ഞുനില്ക്കുന്ന ഒരു നീലജലാശയം, ചുററിനും കസ്തൂരിമുല്ലകൾ പൂത്തുനില്ക്കുന്നു. കുറുകെ, പച്ചിലചാർത്തുകൾകൊണ്ടു് പ്രകൃതി നിർമ്മിച്ച ഒരു വള്ളി ഊഞ്ഞാലു്. മുടി കെട്ടിവച്ചു്,

മെററിക്കു് ചന്ദനക്കുറി ചാർത്തി. അനുംവില്ലും ധരിച്ചു്, അങ്കവസ്ത്രവും അണിഞ്ഞു്. ഒരു യുവാവു് നിറഞ്ഞപുഞ്ചിരി പൊഴിച്ചുകൊണ്ടു് ആ വള്ളിത്തൊട്ടിലിൽ ഇരിക്കുന്നു. മനോഹരമായ അംഗലാവണ്യം. ആരോഗദൃഢഗാത്രൻ. തൊട്ടടുത്തു് ലജ്ജാവിവശയായി, ശൃംഗാരത്തിൻെറ പരിവേഷവും പൊടിഞ്ഞു് കമ്പിട്ടിരിക്കുന്ന ഒരു കലാംഗന. സ്വർശനത്തിൻെറ മധുരോദാത്തത ചുണ്ടിൻെറ വിതുമ്പലുകളിലും കരളിൻെറ ഉള്ളറകളിലുംമാത്രം ഒളിനിർത്തി ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന ഒരു കലകന്യക. അതേ താനും സുശീലയും പ്രപഞ്ചത്തിൻെറ മണിയറയിൽ മധുവിധു ഘോഷിക്കുകയാണു്. എങ്ങും ഉൽസാഹത്തിൻെറ തിമർപ്പു്. പാട്ടും കൂത്തും ആർപ്പുവിളികളും കുരവയും പഞ്ചവാദ്യവും നാഗസ്വരവും. അനുസരണയോടുകൂടി, അടുക്കോടെ, ചിട്ടയോടെ ഇരുവശങ്ങളിലും കൂടി മാർച്ചു ചെയ്തു മുന്നോട്ടുനീങ്ങുന്ന പട്ടാളം. ഇപ്പോൾ തൻെറ കയ്യിൽ അമ്പില്ല. വില്ലു് ഇല്ല. ശ്രദ്ധയോടെ വാത്കകൾ ശേഖരിക്കുന്നു. നിർദ്ദേശങ്ങളും ആജ്ഞകളും അയക്കുന്ന ഛിന്നങ്ങളണിഞ്ഞ കേണൽ. മുറിയിൽ താൻ ഏകൻ ടെലിവിഷൻ സെററും-ടെലിപ്രിൻററും മാത്രം കൂട്ടിനു്. വെടിയുണ്ടയുടെ ശബ്ദം തുരുതുരെ ഉയർന്നു പൊങ്ങുന്ന ടഞ്ചിൽനിന്നും തലപൊക്കി നോക്കി. പോർവിമാനങ്ങളുടെ ഇരമ്പിപ്പാച്ചിൽ. തോക്കു് മുന്നോട്ടു നീട്ടി കാഞ്ചി വലിക്കുവാൻ തുടങ്ങുമ്പോഴാണു് ആ കാഴ്ച കണ്ടതു്. അതേ മനോഹരമായ തടാകം. കസ്തൂരിമുല്ലയും താമരപൂക്കളും പച്ചിലചാർത്തും വള്ളി ഊഞ്ഞാലും എല്ലാം എല്ലാം അതേമാതിരി അതേ കന്യക. ആ മുഖം തന്നെ. വീണ്ടുംവീണ്ടും നോക്കി. സുശീ തന്നെ തൊട്ടരുമ്മി നിൽക്കുന്ന യുവാവിനെ നോക്കി. ആ മുഖം വ്യക്തമാകുന്നില്ല. ഏവിടെയോ കണ്ടുമറന്ന മുഖഛായ. സൂക്ഷിച്ചുനോക്കി. ഇപ്പോൾ ആമുഖം ഒന്നല്ല. അനേകം മുഖങ്ങൾ. പല രൂപം, ഭാവം, നിറം. അനേകം അനേകം മുഖങ്ങൾ. എല്ലാം ഒന്നായി കേന്ദ്രീകരിച്ചിരിക്കുന്നതായുള്ള തോന്നൽ. താമരക്കുളവും വള്ളിഊഞ്ഞാലും കാണാനില്ല. ഒരു വലിയ ബാർ. മദ്യക്കുപ്പികളും ഗ്ളാസ്സുകളും നിറഞ്ഞ ഒരു ബാർ. കുടിച്ചുകൂത്താടുന്ന അനേകം യുവാക്കൾ. അവരുടെ ഇടയിൽ സുശീ നൃത്തമാടുന്നു. പുരുഷന്മാരുടെ കൈമാറി, കൈമാറി, വഴുതിപ്പോകുന്ന സുശീ. നേരിയ വസ്ത്രംപോലും അവൾ ധരിച്ചിരുന്നോ? എന്തോ വ്യക്തമല്ല. ഇപ്പോൾ തൻെറ പക്കൽ തോക്കില്ല. തോക്കു് ധരിക്കാനുള്ള ശക്തി കൈകൾക്കില്ല വരണ്ടുചുമയും വിറയാർന്ന കൈകളും, നിസ്സഹായത നിറഞ്ഞുനില്ക്കുന്ന ഹൃദയവും ഭയം തുളുമ്പുന്ന കണ്ണുകളും മാത്രമാണു് താൻ. ദിഗന്തം പൊട്ടുമാറുള്ള ഒരു അലർച്ച ഞെട്ടിപ്പിച്ചുകളഞ്ഞു. തിരിഞ്ഞുനോക്കിയപ്പോൾ ബാലുവിനെയാണു് കണ്ടതു്. മകൻെറ അലർച്ചയാണു് കേട്ടതു് മകൻെറ രൂപത്തിലും പല മാററങ്ങൾ വന്നപോലെ തോന്നി. കൂത്തുമുത്ത നീണ്ടനഖങ്ങൾ. അവ ഉമത്തി പിടിച്ചിരിക്കുന്നു. വികൃതദംഷ്ടകൾ വെളിയിലേക്കു് ഉന്തിനില്ക്കുന്ന വാ തുറന്നു പിടിച്ചിരിക്കയാണു്. വിശപ്പിൻെറ വിളി. ചോരയ്ക്കുവേണ്ടിയുള്ള ആർത്തി കണ്ണുകളിൽ തെളിഞ്ഞുനില്ക്കുന്നു. തനിയ്ക്കാ മുഖത്തേക്കു നോക്കാൻ ഭയം തോന്നി: പേടിച്ചുതിരിഞ്ഞുനിന്നു. പരിപൂർണ്ണനഗ്നയായ തൻെറ മകളുടെ ശരീരത്തിൽ ഒട്ടിച്ചേർന്നു കിടന്നുകൊണ്ടു് ആവേശത്തോടെ തുരുതുരെ ചുംബിക്കുന്ന ഒരു യുവാവിനെയാണു് കണ്ടതു്. അവൾക്കും അയാൾക്കും യാതൊരു സങ്കോചവും ഇല്ല. നിർബ്ബാധം തങ്ങളുടെ പ്രവർത്തനങ്ങൾ തുടരുകയാണു്. മദ്യപിച്ചു്, ബോധമററു്, അവശയായി ഉറങ്ങിക്കിടക്കുന്ന സുശീല അതേ മുറിയിൽ അതേ കട്ടിലിൽ തന്നെ കിടക്കുന്നു. താൻ ഒരു കടൽക്കരയിലാണു്. വിജനമായ ഒരു മണൽത്തിട്ടയിലെ ഏകാന്തപഥികൻ. കൈയ്യിൽ ഒരു പുസ്തകവും ഉണ്ടു്. ആരും സമീപപ്രദേശങ്ങളിലെങ്ങും ഇല്ല. എങ്ങും നിശബ്ദത. നിറഞ്ഞുനില്ക്കുന്ന ഏകാന്തത. കടൽക്കാററിൻെറ നേരിയ മൂളലും കൂടെക്കൂടെയുള്ള കടലമ്മയുടെ ഞരങ്ങലും മാത്രം ആ തിട്ടയിൽ ഇരുന്നുകൊണ്ടു് തൻെറ കയ്യിലെ പുസ്തകം തുറന്നുവായിക്കുവാൻ ആരംഭിച്ചു. അതേ ബാലുവിൻെറ നോവൽ. മകൻ വരച്ചു കാട്ടുന്ന ഗർഭപാത്രം. ഒരു വരിപോലും വായിക്കാൻ

സാധിച്ചില്ല. പെട്ടെന്നു് കടൽ ക്ഷോഭിച്ചു. തിരകൾ ഉയർന്നുപൊങ്ങി. ആഞ്ഞടിച്ചു കരയിൽ കടന്നുവന്ന ഒരു തിര പുസ്തകം ബലമായി അപഹരിച്ചുകൊണ്ടു് കടലിൻെറ അഗാധതയിലേക്കു് ഓടിഒളിച്ചു. കൈവിട്ടു പോയ അമൂല്യഗ്രന്ഥത്തെ ഓർത്തു് അയ്യോ എന്നു് ഉറക്കെ വിളിച്ചുപോയി.

വാതിലിൽ ആഞ്ഞു്ആഞ്ഞു് ബലമായി തട്ടുന്ന വലിയ ശബ്ദം തുടരെതുടരെ ഉണ്ടായപ്പോഴാണു് കണ്ണുതുറന്നതു്. കത്തിജ്വലിച്ചുകൊണ്ടിരുന്ന വൈദ്യുതവിളക്കിൻെറ കൂർത്ത പ്രകാശരശ്മി. കണ്ണിൽ ആഞ്ഞുതറച്ചപ്പോൾ, പരിസരബോധം തിരിച്ചുകിട്ടുവാൻ കേണൽ വളരെ വിഷമിക്കേണ്ടിവന്നു. അപ്പോഴും കതകിൽ ബലമായി തട്ടുന്ന ശബ്ദം തുടർന്നുകൊണ്ടേയിരുന്നു.

* * *

കട്ടിലിൽനിന്നും പെട്ടെന്നു് എണീററു. ബാലു ആയിരിക്കും കതകിൽ മുട്ടുന്നതു്. കടലിൽ കൈവിട്ടുപോയ ബാലുവിൻെറ നോവൽ തിരിച്ചുകൊടുക്കാൻ സാധിക്കാതെ വരുമെന്നുള്ള കുററബോധം ആ വൃദ്ധമനസ്സിൽ ഇല്ലാതിരുന്നില്ല. എങ്കിലും ഉറക്കത്തിൻെറ ഉണർവ്വിൽനിന്നും പൂർണ്ണമായി രക്ഷപ്പെട്ടിട്ടില്ലാതിരുന്നതിനാൽ യാന്ത്രികമായി ആ കൈകൾ കതകു് തുറന്നുകൊടുത്തു. ഹോസ്റ്റലിലെ മററു വിദ്യാർത്ഥികളെയാണു് അവിടെ കണ്ടതു്. മുറിയിൽ നിന്നുള്ള ഭയാനകമായ അലർച്ചയുടെ ശബ്ദം കേട്ടുകൊണ്ടാണു് ഉറക്കത്തിൽനിന്നും ഉണർന്നു് അവരെല്ലാം അവിടേക്കു് ഓടിഎത്തിയതെന്നു് റഷീദിൽനിന്നും മനസ്സിലായി. താൻ ഇതുവരെയും ഒരു സ്വപ്നവിഭ്രാന്തിയിൽ ലയിച്ചിരിക്കുകയായിരുന്നു എന്നുള്ള സത്യം അപ്പോൾ മാത്രമാണു് കേണലിനു് ബോദ്ധ്യമായതു്. വിദ്യാർത്ഥികളെ മടക്കി അയച്ചിട്ടു് കതകടക്കുമ്പോൾ താൻ കണ്ട സ്വപ്നത്തെ ഒന്നുകൂടി ഓർമ്മിക്കുവാൻ ശ്രമിക്കുകയായിരുന്നു. ആ സ്വപ്ന

ത്തിൽക്കൂടി മകൻെറ നോവൽ എന്ന യാഥാർത്ഥ്യത്തിലേക്ക് വീണ്ടും കടന്നുവരാൻ, താൻ ഇവിടെ വന്നതിൻെറ ഉദ്ദേശവും ഉറങ്ങിപ്പോയതിലുള്ള പശ്ചാത്തപവും കൂടുതൽ ക്ഷീണിതനാക്കി. നോവലിനുവേണ്ടിയുള്ള തിരച്ചിൽ വീണ്ടും തുടങ്ങുമ്പോഴും ആ സ്വപ്നം ഒന്നുകൂടി കാണാനായിരുന്നു കൂടുതൽ ആഗ്രഹം മനസ്സിൽ തങ്ങിനിന്നിരുന്നത്. തുറന്നുവച്ചിരുന്ന ഡയറിയുടെ പേജുകളിലേക്ക് കേണലിൻെറ കണ്ണുകൾ അറിയാതെ നോക്കി ആ അക്ഷരങ്ങളിൽക്കൂടി, വാക്കുകളിൽക്കൂടി, വാചകങ്ങളിൽക്കൂടി, വരികളിൽക്കൂടി, താളുകളിൽക്കൂടി, അറിയപ്പെടാത്ത വഴിത്താരയിൽക്കൂടി, വീണ്ടും ആ അജ്ഞാത ലക്ഷ്യത്തിലേക്ക് യാത്ര ആരംഭിച്ചു.

* * *

സുധേ. നീ എത്ര നല്ല മനുഷ്യനാണ്. നിന്നെപ്പോലെയുള്ള നല്ല മനുഷ്യൻ വളരെ വിരളമായേ ഈ ലോകത്തു കാണുകയുള്ളു എന്ന് നിനക്കറിഞ്ഞുകൂടെങ്കിലും എനിക്കറിയാം ആ മനോഹരമായ ഹൃദയം എല്ലാവർക്കും ഉണ്ടായിരുന്നെങ്കിൽ. ഈ ലോകം നിറഞ്ഞുനിന്നിരുന്നുവെങ്കിൽ എൻെറ അച്ഛന്, അമ്മയ്ക്ക്, കുഞ്ഞുപെങ്ങൾക്ക് എന്തിന് കുറഞ്ഞപക്ഷം എനിക്കെങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചുപോകാറുണ്ട്. ഒരിക്കൽ നിന്നെപ്പററി ഞാൻ തെററിദ്ധരിച്ചു. കുടിയനായ നിന്നെ, നുണയനാണെന്നു ധരിച്ച് വെറുത്തു പ്രിയമുള്ള സുധേ. നീ എന്നോട് ക്ഷമിക്ക. നീ നിൻെറ കുടി ഒരിക്കലും നിർത്തരുത്. ആ കുസലില്ലായ്മ, തൻേറടം, അഹങ്കാരം ഒരിക്കലും വിട്ടുപിരിയരുത്. അനുസരണയും അനുകരണവും സ്വീകരിക്കാത്ത നിൻെറ സ്വഭാവം ഒരിക്കലും ഉപേക്ഷിക്കരുത്. ഉപദേശിക്കാൻ വരുന്ന വിഡ്ഢികളെ നോക്കി ചിരിക്കുന്ന ചിരി, സുധാകരാ നീ ഒരിക്കലും നിർത്തരുതേ. നിൻെറ കുത്ത് ഞാൻ ഒന്നുകൂടി വായിക്കട്ടെ. അതിനുമുമ്പ് ആ കുത്ത് ഈ ഡയറിയുടെ താളുകളിൽ ഒട്ടിച്ചുവയ്ക്കുകയാണ്. അതു് എൻെറ ഹൃദയത്തിൽ എത്രമാത്രം ആഴത്തിൽ പതിഞ്ഞിട്ടുണ്ടോ അത്രമാത്രം ബലത്തിൽ ഒട്ടിച്ചുചേർക്കട്ടെ. ഞാനും ഈ ഡയറിയും നശിക്കുന്നതുവരെ നീയും നിൻെറ കത്തും നശിക്കാതിരിക്കട്ടെ

കേണലിൻെറ കണ്ണുകൾ ഡയറി താളുകളിൽ ഒട്ടിച്ചുവച്ചിരുന്ന കത്തിൽക്കൂടി മറെറാരു ലോകത്തിലേക്ക് കടന്നുചെന്നു

പ്രിയമുള്ള ബാലു നീ എന്നിൽനിന്നും ഒരിക്കലും ഒരു കത്തു പ്രതീക്ഷിച്ചുകാണുകയില്ല സദാ മടിയനും കുടിയനും ആയി ജീവിതം നീക്കുന്ന എന്നെപ്പററി, മററുള്ളവർ ധരിച്ചിട്ടുള്ളതിൽനിന്നും ഒട്ടും വ്യത്യാസമായിരിക്കില്ലല്ലോ നിൻേറയും ധാരണ. അതാണ് എൻെറ ജീവിതവിജയം എൻെറ ജീവിതത്തിൻെറ തത്വശാസ്ത്രങ്ങളും പ്രത്യേകതകളും എഴുതി ഏതായാലും നിന്നെ വിർപ്പുമുട്ടിക്കുവാൻ ഞാൻ ഒരുമ്പെട്ടന്നില്ല. ഈ കത്ത് തികച്ചും മറെറാരു ഉദ്ദേശത്തോടെയാണ് എഴുതുന്നത്. എൻെറ ജീവിത തത്വശാസ്ത്രങ്ങൾ വിട്ട് നിൻെറ ജീവിതതത്വങ്ങളും ലക്ഷ്യവും എന്താണെന്ന് സ്നേഹബുദ്ധ്യാ ഒന്നന്വേഷിക്കുന്നു എന്നുമാത്രം. തെററാണെങ്കിൽ നീ ക്ഷമിക്കുക. സുധാകരൻ എന്ന മദ്യപാനിക്ക്, സുധ എന്ന ചട്ടമ്പിക്ക്, ഒന്നും സംഭവിക്കാനില്ലങ്കിൽക്കൂടി.

മെഡിക്കൽകോളേജിൽ പഠിക്കാൻ പോയ നിനക്ക് എന്താണ് സംഭവിച്ചത്. ഭാവിയിലെ പേരുകേട്ട ഒരു ഡാക്ടറെ മനസ്സിൽ സങ്കല്പിച്ചുകഴിഞ്ഞിരുന്ന ഞാൻ നിന്നെപ്പററി എന്തെല്ലാമാണ് കേൾക്കുന്നത്. കേൾക്കുന്നതെല്ലാം ശരിയല്ലങ്കിൽപോലും ചില യാഥാർത്ഥ്യങ്ങൾ മുന്നിൽ നിരന്നു വന്നപ്പോൾ തീർത്തു, അവിശ്വസിക്കുകവയ്യ. വാസ്തവത്തിൽ ഞാൻ അത്ഭുതപ്പെട്ടുകയാണ്. അതും നിൻെറ അമ്മയുടെ നാക്കിൽനിന്നും ആ കഥകൾ നേരിട്ടു ഞാൻ കേൾക്കേണ്ടിവന്നപ്പോൾ കൂടുതൽക്കൂടുതൽ വിസ്മയം എന്നിൽ ഉണ്ടാക്കിയതിൽ കീരെ തെററുപറയുകവയ്യ. അപ്പോഴാണ് എന്നിൽ ഒരു സംശയത്തിൻെറ വിത്തുവളരാൻ തുടങ്ങിയത്. അസ്വസ്ഥതയുടെ വിർപ്പുമുട്ടലുകൾ കുററബോധത്തിൻെറ നിശ്വാസങ്ങൾ ഉടലെടുത്തത്. നിന്നെ ഇത്തരത്തിൽ ആക്കിതീർത്തതിൻെറ പ്രധാന കാരണക്കാരൻ ഞാനാണോ എന്ന് എനിക്കുതന്നെ ഒരു സംശയം. സ്വയം കുററവിചാരണ നടത്താനും ആത്മപരിശോധന നടത്താനും ഒരിക്കലും ഇഷ്ടപ്പെടാത്ത ഞാൻ ഈ പ്രത്യേക കാര്യത്തിൽ പരാജയപ്പെട്ടുമോ എന്ന് തന്നെ തോന്നി തുടങ്ങുന്നു. ഡാക്ടർ സുശീല എന്തു പറഞ്ഞാലും ഞാൻ വിശ്വസിക്കുന്നില്ല. ശ്രദ്ധിക്കുന്നില്ല ഡാക്ടർ സുശീലയുടെ മകൻ എന്തായാലും ആരായാലും എന്താകാൻ പോയാലും അവയൊന്നും എന്നെ സ്പർശിക്കുകയില്ല. കേണൽ രാജൻ എൻെറ അറിവിനപ്പുറം ഉള്ള ഒരു പഴംകഥയാണ്. ഞാൻ ഒട്ടും കണ്ടിട്ടില്ലാത്ത, അറിഞ്ഞിട്ടില്ലാത്ത, അറിയാനും കാണാനും ശ്രമിച്ചിട്ടില്ലാത്ത, കേൾക്കാൻ ആഗ്രഹമില്ലാത്ത ഒരു പഴംകഥ എന്നാൽ ബാലുവിൻെറ അമ്മപറഞ്ഞപ്പോൾ, എൻെറ ബാലുവിനെപ്പററി ഞാൻ അറിഞ്ഞപ്പോൾ അല്പം കുററബോധം മുരടനായ എനിക്കുപോലും തോന്നി. ഇതൊന്നും വെറുതെ പറയുന്നതല്ലന്ന് നിൻെറ മനസാക്ഷിക്കെങ്കിലും അറിഞ്ഞുകൂടെ ബാലു ജിഷിയെ നീ മോഷ്ടിച്ചു എന്തിന് നീതന്നെയല്ലേ സത്യത്തിൽ ആ നിശബ്ദജീവിയെ കൊലചെയ്തത്. കറപ്പു കഞ്ചാവും മയക്കഗുളികകളും കള്ളും ചാരായവും എല്ലാം നിൻെറ സന്തതസഹചാരികൾ അല്ലേ. വൃത്തികേടും ദുർഗന്ധവും നിന്നിൽ അടിഞ്ഞുകൂടി പക വാശി, വൈരാഗ്യം എല്ലാം നന്നെ തകർത്തുകളഞ്ഞു. നശിച്ച ഒരു ജീവിതം നീ കെട്ടിപ്പടുത്തു. യാഥാർത്ഥ്യങ്ങളിൽനിന്നും ഒളിച്ചോടുവാർവേണ്ടിയുള്ളശ്രമത്തിൽ ബാലു നിന്നെ ഏതെല്ലാം വഴിമുക്കിൽ കൊണ്ടു് എത്തിച്ചു അവസാനം ഇതാ നീ നിൻെറ സ്വന്തം ഗർഭപാത്രത്തിൻെറ ഉള്ളറകളിലെ രഹസ്യം ചികഞ്ഞു്, അതിലെ കറപ്പും വെളുപ്പും കണ്ടുപിടിച്ചു് കഥ എഴുതി പ്രസിദ്ധീകരിക്കുന്നു. നൊന്തുപെററ്, പാലൂട്ടി താരാട്ടി വളർത്തിയ അമ്മയെ കരിതേച്ചു കാണിച്ചു പ്രസിദ്ധിനേടാനാണോ നിൻെറ ഭാവം. സ്വന്തം മാതാവ് കണ്ണുനീരോടുകൂടി കേണപേക്ഷിച്ചിട്ടും നീ അതു നിർത്തുവാൻ കൂട്ടാക്കുന്നില്ല. കഷ്ടം നീ ഒഴുകിനടക്കുന്ന ഓവുചാലിൽ അടിഞ്ഞുകൂടി കിടക്കുന്ന അഴുക്കുകളെ നീതന്നെ കലക്കിക്കൂട്ടുന്നു ഒരുപക്ഷെ ഇതിനെല്ലാം നീ എന്നെ കുററപ്പെടുത്തുമായിരിക്കും റമ്മിക്ളബ്ബിൽ വരാതിരുന്നെങ്കിൽ, ചിററൂർറോഡ് ലാണ് താമസം എന്നു പറയാതിരുന്നെങ്കിൽ ഡാക്ടർ സുശീലയെയും ജിഷിയെയും ബന്ധപ്പെടുത്തി സംസാരിക്കാതിരുന്നെങ്കിൽ കഷ്ടം സുശീലയെക്കാൾ വലിയ ഒരു ഡാക്ടറെയോ കേണൽ രാജനെക്കാൾ ഉയർന്ന ഒരു പട്ടാളമേധാവിയേയോ ഈ രാഷ്ട്രത്തിനു ലഭിച്ചേനേം എന്ന് ഞാൻ വിശ്വസിക്കുന്നു. തടവറയിൽ ശിക്ഷിക്കപ്പെട്ടു കഴിയുന്ന ഒരു തടവുപുള്ളിയുടെ മനോവ്യഥ അല്ല എനിക്കുള്ളത്. മറിച്ച് പിഴിഞ്ഞെടുക്കാത്ത ഒരു കുററവാളിയുടെ ഭീതിയാണ്. ശിക്ഷയ്ക്കുവേണ്ടിയുള്ള ദാഹമാണ് എന്നിൽ ആകമാനം കുടികൊള്ളുന്നത് പ്രിയപ്പെട്ട ബാലു, നീ എന്നെ ഒന്നു രക്ഷിക്ക്. എന്നെമാത്രം. നിനക്കുമാത്രമേ അതിനു കഴിയൂ ആ നശിച്ച നോവൽ അതു് നിന്നെമാത്രമല്ല, നിൻെറ അച്ഛനെ, അമ്മയെ, കൊച്ചുപെങ്ങളെപ്പോലും മാത്രമല്ല നിൻെറ ഏററവും അടുത്ത സുഹൃത്തെന്ന് പല ആവർത്തി നീ പറഞ്ഞിട്ടുള്ള സുധ എന്ന എന്നെയും അതു നശിപ്പിക്കും ഇതു ഞാൻ തുറന്നുപറയുമ്പോഴെങ്കിലും എനിക്കുവേണ്ടിയെങ്കിലും നീ ആ കഥയുടെ തുടർന്നുള്ള പ്രസിദ്ധീകരണം നിർത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു ബാലുവിൻെറ അമ്മയുടെ നിർബന്ധവും പ്രേരണയുമാണ് ഇങ്ങനെ ഒരു കത്തെഴുതാൻ എന്നെ പ്രേരിപ്പിച്ചതെന്ന് നീ ന്യായമായും സംശയിച്ചേക്കും ഡാക്ടർ സുശീലയുടെ സമർദ്ദതന്ത്രങ്ങളുടെ മുമ്പിൽ ഞാൻ അടിയറവു പറഞ്ഞതിരിക്കാം എന്നു നീ കരുതുന്നുണ്ടാവാം. സുധ എന്ന ചട്ടമ്പി സുശീലയേക്കാൾ വലിയ മോഹിനിയുടെ മുമ്പിൽ പോലും പരാജയപ്പെടുകയില്ലന്ന് തുറന്നുപറയുന്നതിൽ പരിഭവിക്കരുത്. ബാലുവിൻെറ അമ്മയുടെ ദയനീയമായ അപേക്ഷയും എൻെറ മനസ്സിൽ തങ്ങിനില്ക്കുന്ന കുററബോധവും കൂടി ഒന്നിച്ചുചേർന്നപ്പോൾ ഞാൻ അറിയാതെ കടലാസ്സും പേനയും എടുത്തുപോകുകയാണ് ഉണ്ടായതു്. ധൈര്യമായിട്ടു പറയാനോ ആജ്ഞാപിക്കാനോ മടിയുള്ളവൻ അല്ല ഞാൻ എന്ന് എടുത്തുപറയേണ്ടതില്ലല്ലോ വേണ്ടി വന്നാൽ എന്തുവിലകൊടുത്തും എൻെറ ഉദ്ദേശം സാധിക്കുവാനും എനിക്കറിഞ്ഞുകൂടായ്കയില്ല. സുധ ഒരു ഭീരുവല്ല ബാലു പക്ഷെ മനസാക്ഷിയുള്ള ഒരു ചട്ടമ്പിക്ക് ചിലപ്പോൾ ഭീരുവിനെക്കാളും ക

ഷ്മമായി പെരുമാറേണ്ടിവരും. ആ സ്ഥിതിവിശേഷം കുറയെക്കെ എന്നെ സ്വാധീനിച്ചിട്ടുണ്ടെന്നുള്ള സത്യം വിസ്മരിക്കുന്നില്ല. പക്ഷെ എന്റെ ആ നല്ലവശം ദുർബ്ബലതയുടെ കിളിക്കൂട്ടിൽ കയറി ബന്ധനസ്ഥയാക്കരുതെന്നുകൂടി എനിക്കു പറയേണ്ടിയിരിക്കുന്നു.

ലക്ഷ്മി എന്ന പെൺകുട്ടിയും നീയും തമ്മിൽ ഒരു ബന്ധവും ഇല്ലെന്ന് എനിക്കറിയാം. സാഹചര്യത്തിന്റെ സമ്മർദ്ദത്തിൽ എഴുതിയ കത്താണെന്നും എനിക്കു മനസ്സിലാക്കാം. പക്ഷെ ആ സത്യം അറിയുന്നതിനുമുമ്പുതന്നെ ഡാക്ടർ സുശീല ലക്ഷ്മിയെ ഒരു ഉപകരണമാക്കി കഴിഞ്ഞു. ബാലു ആ കഥ നിന്നോട് ഞാൻ എങ്ങനെപറയും? എങ്ങനെ പറയാതിരിക്കും. നിന്റെ മനസ്സിൽ കൂടുതൽ വേദന സംഭാവനചെയ്യുകയല്ല ഞാൻ ഇതെഴുതുന്നത്. മറിച്ച് യാഥാർത്ഥ്യങ്ങളിലെ പൊരുത്തക്കേടുകളുടെ തൊലിപൊളിച്ചു കാട്ടി, നിന്റെ തെററിദ്ധാരണയുടെ മായാലോകത്തുനിന്നും മടക്കിക്കൊണ്ടുവരാനുള്ള ഒരു എളിയശ്രമമാണ്. ലക്ഷ്മി എന്ന മനോഹരിയായ പെൺകുട്ടി, നാളുകളായി ചെട്ടിയാരുടെ വെപ്പാട്ടിയായി കഴിഞ്ഞുകൂടിയ നിസ്സഹായയായ ആ യുവതി, ഡാക്ടറുടെ വീട്ടിൽ സഹായമഭ്യർത്ഥിച്ച്, ശിപാർശ കത്തുമായി വന്ന ആദ്യദിവസംതന്നെ അവൻ സമൂഹത്തിലെ മറെറാരു വഴിയിലേക്ക് എടുത്തെറിയപ്പെട്ടു. റഷിദും സ്റ്റാൻലിയും ചെട്ടിയാരും മാധാകൃഷ്ണനും ഡാക്ടർ സുശീലയുടെ ബാറിൽ നാണയായ സുശീലയുടെ ശരീരത്തിനോട് ഒട്ടിച്ചേർന്നുകൊണ്ട് മദ്യംപകർന്നു പങ്കിടുമ്പോൾ സമൂഹത്തിലെ ഉന്നതന്മാരെന്നു വിശേഷിപ്പിച്ചിട്ടുള്ള ചില ആളുകളുടെ ലക്കില്ലാത്ത ലൈഗീകവികാരങ്ങൾക്ക് അടിമപ്പണി ചെയ്യുകയായിരുന്നു ലക്ഷ്മി. ഹതഭാഗ്യയായ ആ ഗ്രാമീണപെൺകൊടിയെക്കൊണ്ട് നിർബ്ബന്ധമായി മദ്യംകഴിപ്പിച്ച് കൂത്തരങ്ങുകൾക്ക് കേളികൊട്ടിച്ചു. അവശയും ക്ഷീണിതയുമായ ലക്ഷ്മിക്ക് അലക്ഷ്യമായി ഡാക്ടർ സുശീല മരുന്നു നൽകി. അശ്രദ്ധയും കാമാന്ധന്മാരുടെ ആക്രമണത്തിൽ ഉണ്ടായ ക്ഷതം നിർത്താൻ പററാത്ത രക്തസ്രാവത്തിനിരയാക്കി രണ്ടു രാവുംപകലും ഈ ശുശ്രൂഷകിട്ടാതെ, ദാഹിച്ചുവെള്ളം കിട്ടാതെ, ഒഴിഞ്ഞമുറിയിൽ അടച്ചിട്ടിരുന്ന വാതിലുകൾക്കും ജന്നലുകൾക്കും യാത്രപറഞ്ഞുകൊണ്ട് ലക്ഷ്മി എന്നന്നേക്കുമായി കടന്നുപോയപ്പോൾ ആ മരണത്തിന്റെ വൈകൃതത്തിന് നിയമസാധുത്വം നൽകാൻ ഡാക്ടർ സുശീലയുടെ പേനയിലെ ഒരു തുള്ളി മഷിമാത്രമാണ് ചില വഴിക്കേണ്ടിവന്നത്.

സ്നേഹിതാ, നിനക്ക് ഞാൻ ഈ കത്ത് എഴുതിവച്ചിട്ട് വളരെനാളുകളായി. ഇതിനകം എന്തല്ലാം സംഭവിച്ചിരിക്കുന്നു. ബാലു ഇനിയും നിന്നിൽനിന്നും ഒന്നും മറയ്ക്കുവാൻ പാടില്ല. നീ ചെന്നു പിന്തിരിക്കുന്ന പുതിയ മാനസികാവസ്ഥയിൽനിന്നും നിന്നെ രക്ഷപ്പെടുത്താൻ എനിക്കവശേഷിക്കുന്ന ഏകപോംവഴി അതു മാത്രമേയുള്ളു. ഒരുപക്ഷെ എന്റെ കത്ത് നീ നിസ്സാരമായി വായിച്ചുതള്ളുമെന്നിരിക്കട്ടെ എനിക്കതിൽ അത്ഭുതം ഇല്ല. അത്രത്തോളം നീ വളർന്നുകഴിഞ്ഞു. മറെറാരർത്ഥത്തിൽ പറഞ്ഞാൽ നീ നശിച്ചുകഴിഞ്ഞു. എങ്കിലും എന്റെ മനസ്സിന്റെ ഭാരം അല്പം ഒന്നു കുറയട്ടെ. നീ രക്ഷപ്പെട്ടാൽ എനിക്ക് തെല്ലാശ്വാസവും ലഭിക്കും. അത്രതന്നെ.

കഴിഞ്ഞ പത്തുദിവസം. എന്തെല്ലാം പുതിയ അനുഭവങ്ങൾ, അറിവുകൾ, സംഭവങ്ങൾ നിറഞ്ഞതായിരുന്നു? ഞാൻ ഒന്നു പറയട്ടെ. ബാലു നീ എന്താണ് ഈ ചെയ്യുന്നത്. നീ നിന്റെ കഥ തുടർന്നു പ്രസിദ്ധീകരിക്കരുതെന്ന് പലവട്ടം നിന്റെ അമ്മ കേണപേക്ഷിച്ചിട്ടും നീ തുടർന്നും ആ നോവലിന്റെ ഓരോ ലക്കങ്ങളും ആഴ്ചപ്പതിപ്പിന്റെ ആഫീസ്മുറികളിൽ പത്രാധിപന്മാരുടെ മുമ്പിൽ ബദ്ധപ്പെട്ട് എത്തിച്ചുകൊണ്ടിരിക്കയാണ്. ഇതിന്റെ പിന്നിലുള്ള ക്രൂരവിനോദത്തിന്റെ അളവും ആഴവും എത്രകണ്ട് ഉണ്ടെന്ന് എനിക്കു മനസ്സിലാക്കാം. അതുകൊണ്ടല്ല ഞാനിതെഴുതുന്നത്. മറിച്ച് വാസ്തവങ്ങളുടെ നേരെ സത്യങ്ങളുടെ നേരേ നീ മനഃപൂർവ്വം കണ്ണടയ്ക്കുകയാണോ, അതോ നീ സത്യം തിർത്തും അറിയാതെയാണോ?

(തുടരും)

---



"... **അ**ളുനന്നായി. താങ്ക്യു. ആങ്, പിന്നൊരുകാര്യം. നിങ്ങൾക്ക് പെയിൻറിങ്ങുകളിൽ വലിയ കമ്പമാണ്, അല്ലേ?"

ടെലിഫോൺകമ്പിയുടെ മററ അററത്തുനിന്ന് ഒരു സ്ത്രീയുടെ വശ്യവും മധുരവുമായ ചിരിയുടെ തുള്ളികൾ ഇററുവീണു. അവളുടെ കൊഞ്ചുന്ന ശബ്ദം മൊഴിഞ്ഞു: "ആരുപറഞ്ഞു?"

"ആരുപറഞ്ഞെന്നറിയില്ല, അല്ലേ? ആരുപറഞ്ഞാലും വേണ്ടില്ല. സംഗതി ശരിയാണോ? എനിക്കിതറിയില്ലായിരുന്നല്ലോ."

"കളിയാക്കാതിരിക്കൂ." കൊഞ്ചൽ തുടർന്നു: "എനിക്കു പെയിൻറിങ്ങിനെക്കുറിച്ച് ഒന്നുമറിയില്ല."

"ഏതായാലും— എക്സ്ക്യൂസ്മീ ജസ്റ്റ്എ മിനിററ്—" എയർകണ്ടീഷൻ ചെയ്ത ആഫീസ്മുറിയുടെ ഫ്ളഷ് ഡോർ തുറക്കുന്നതുകേട്ട് മിസ്റ്റർ പിള്ള അങ്ങോട്ടു ശ്രദ്ധതിരിച്ചു അയാളുടെ സെക്രട്ടറി ആയിരുന്നു വാതിക്കൽ പ്രത്യക്ഷപ്പെട്ടത്. റിസീവർ കൈകൊണ്ടു പൊത്തിപ്പിടിച്ച് അയാൾ പറഞ്ഞു: "കമിൻ മാർത്താ."

ചുവന്ന ഫ്രോക്ക് ധരിച്ച മാർത്ത എന്ന പെൺകുട്ടി കടന്നുവന്നു. ലേശമുട്ടുത്തു നിന്നു

"ഏതായാലും," റിസീവർ മൂടിയിരുന്ന കൈപ്പടം നീക്കി, പിള്ള പറഞ്ഞു: "അംബിക വല്ലാത്ത സന്തോഷത്തിലാണ്. നിങ്ങളെക്കുറിച്ച് വളരെനല്ല അഭിപ്രായം പറഞ്ഞു. അവൾക്ക് ഇപ്പോൾ അവളുടെ മുയലുട്ടികളെക്കാൾ ഇഷ്ടം നിങ്ങളോടാണെന്നുതോന്നുന്നു."

ടെലിഫോണിനുള്ളിലൂടെ കൊഴുത്ത ചിരി ഒഴുകിവന്നു ചിരിക്കുപിന്നാലെ കൊഞ്ചലെത്തുംമുൻപ് പിള്ള പറഞ്ഞു: "ഓകേ ദെൻ." മറുപടിക്കുകാക്കാതെ അയാൾ റിസീവർ താഴത്തുവച്ചു.

"യെസ് മാർത്താ?" അയാൾ സെക്രട്ടറിയുടെ നേരെതിരിഞ്ഞു

"പതിനൊന്നുമണിയായി സർ" മാർത്ത പറഞ്ഞു.

"ഓ ഐസീ, ദെൻ സിററ് ഡൗൺ. നമുക്ക് രണ്ടുമൂന്നു കത്തുകൾ ഡ്രാഫ്ട്ചെയ്യാമല്ലോ?"

# ഈ നാക്കുകളുടെ ലോകം - 6

മൃദുവായി ചിരിച്ചുകൊണ്ട് മാർത്ത ഷോർട്ട്ഹാൻഡ് നോട്ടുബുക്കും പെൻസിലുമായി ഇരുന്നു.

പിള്ള മേശപ്പുറത്തിരുന്ന ഒരു ഫയൽ തുറന്നു, അതിലുണ്ടായിരുന്ന കത്തുകളിൽ കണ്ണിലൂടെ കണ്ണോടിച്ചു ഒരുനിമിഷം എന്തോ ഓർക്കുന്നമാതിരി ഇരുന്നു, ഒരു സിഗററ് കൊളുത്തി, റിവോൾവിംഗ്ചെയറിൽ പിന്നോക്കംചാഞ്ഞു, ലേശം ഒരു വശത്തേക്ക് തിരിഞ്ഞു ഇരുന്നു.




"നൗ കമോൺ." അയാൾ പറഞ്ഞു.

"യെസ്, സർ," മാർത്ത തയ്യാറായി.

പിള്ള കത്തു് പറഞ്ഞുകൊടുക്കാൻ തുടങ്ങി. ലക്ഷത്തിന്റെ കണക്കുകളും മുൻകത്തുകളെക്കുറിച്ചുള്ള പരാമർശങ്ങളും നേരത്തെ നടന്നിട്ടുള്ള ചില ഇടപാടുകളുടെ

**കാക്കനാടൻ**

[illegible] ുരങ്ങൾ എല്ലാം വ്യക്തമാ
[illegible] ിഞ്ഞതിനുശേഷം സംസാ
[illegible] ിപ്പിക്കുന്നതിനുമുൻപ് പി
[illegible] "ഇതൊക്കെ നിങ്ങൾക്കു ത
[illegible] ാനിക്കാവുന്നതല്ലേ ഉള്ളു മി
[illegible] ?"
[illegible] ്യം മാർത്തയുടെ ഉള്ളിൽ ചിരി
[illegible] ാവൾ മുഖവായി ചിരിച്ചു

[illegible] ാരം അവസാനിപ്പിച്ച്, ടെലി
[illegible] ിസിവർ താഴെവച്ചു, മാർത്ത
[illegible] യുടെ [illegible] നോക്കി, പിള്ള [illegible] ചോദിച്ചു.
[illegible] ്ന്താ ചിരിച്ചതു്?"
"ഒന്നുമില്ല സർ" മാർത്ത [illegible] വീണ്ടും ചിരി
[illegible] ച്ചു [illegible] ളുടെ ചിരി [illegible] അയാളുടെ ചുണ്ടുക
[illegible] ളിലും [illegible] പ്രതിഫലിച്ചു.
[illegible] ്ന്നാലെ ഒന്നായി മൂന്നുകത്തു



കൾ പിള്ള പറഞ്ഞുകൊടുത്തു. ഓരോക
ത്തും കഴിഞ്ഞപ്പോൾ അയാൾ മാർത്തയോ
ടുചോദിച്ചു. "അതുപോരേ മാർത്താ? ഏതെ
ങ്കിലും പോയിൻറ് വിട്ടുപോയിട്ടുണ്ടോ?"
ഒരിക്കലെങ്കിലുംവിട്ടുപോയ ഒരു കാര്യം
ചൂണ്ടിക്കാണിക്കാൻ തനിക്കു കഴിഞ്ഞിട്ടി
ല്ലെന്നു് മാർത്ത ഓർത്തു ആ ഓർമ്മ അവ
ളുടെ ഉള്ളിൽ അയാളോടുണ്ടായിരുന്ന മതി
പ്പ് വർദ്ധിച്ചു.

മൂന്നുകത്തുകൾ ഡിക്ടേറ്റ്ചെയ്ത
നേരത്തിനിടയിൽ ഒരു പതിനഞ്ചു ടെലി
ഫോൺകാളുകളെങ്കിലും അയാൾ സ്വീക
രിച്ചതും മാർത്ത ശ്രദ്ധിച്ചു. അന്യോന്യം
ഒരു ബന്ധവുമില്ലാത്ത, തികച്ചും വ്യത്യസ്ത
മായ കാര്യങ്ങളാണു് ഓരോതവണയും അ
യാൾ ഫോണിൽ ചർച്ചചെയ്തതു്. അവ
യ്ക്കൊക്കെ ഉടനുടൻ തീരുമാനങ്ങളെടുത്തു്
നിർദ്ദേശങ്ങൾ നൽകാനും അയാൾക്കു ബു
ദ്ധിമുട്ടുണ്ടായില്ല ടെലഫോൺസംഭാഷ
ണങ്ങൾ കത്തുകളിലുള്ള ഏകാഗ്രതയെ ഉ
ലച്ചുമില്ല

മാർത്ത കത്തുകൾ ടൈപ്ചെയ്യാൻവേ
ണ്ടി പുറത്തേക്കു പോയിക്കഴിഞ്ഞപ്പോൾ
പിള്ള സന്ദർശകരെ സ്വീകരിക്കാൻ ത
യ്യാറായി

ആദ്യമായി കടന്നുവന്നതു് ഒരു വിപ്ളവരാഷ്ട്രീയകക്ഷിയുടെ സ്ഥലത്തെ പ്ര
ധാന നേതാവായിരുന്നു അയാൾ ഫ്ളഷ്ഡോർ തുറന്നു് ഉള്ളിൽ കടന്നപ്പോൾ
വായ്പൊത്തിപ്പിടിച്ചിരുന്നിട്ടും ചാരായ
ത്തിൻെറ തീക്ഷ്ണഗന്ധം മുറിയിൽ നിറ
ഞ്ഞു. കണ്ണുകളിൽ ദാസ്യഭാവവുമായി അ
തിവിപ്ളവകാരി മുതലാളിയെ താണു
തൊഴുതു.

"ആണ്ട്, ശങ്കരനോ? എന്താക്കെയുണ്ടു
വിശേഷ ?" പിള്ള ഉത്സാഹഭരിതനായി
ഭാവിച്ചു

"മുതലാളിയെ ഒന്നു കാണാമെന്നു വി
ചാരിച്ചു" വിപ്ളവപ്പടയാളി തലചൊ
റിഞ്ഞു നാണംപുരണ്ടൊരു ചിരിചി
രിച്ചു.

"ഇരുന്നാട്ടെ, ഇരുന്നാട്ടെ."

"ഓ, ഞാനിവിടെ നിന്നോളാം." വി
പ്ളവം മടിച്ചുനിന്നു.

"പിള്ള നിർബ്ബന്ധിച്ചു: "ഇരിക്കണം."

മുറിയിൽ മറാരുമില്ലാഞ്ഞിട്ടും, ചുററി
ലും നോക്കി, മടിച്ചുമടിച്ചാണു് ശങ്കരൻ

ഇരുന്നതു്. കസേരയെ നോവിക്കാതിരിക്കാൻ ശ്രദ്ധിച്ചു് അതിൻെറ വക്ക്ത്തു് അരച്ചന്തിയിലാണു് അയാൾ ഇരുന്നതു്.

"എങ്ങിനൊക്കെയിരിക്കുന്നു കാര്യങ്ങൾ?"

സന്ദർശകൻ ആ മുറിയിൽ കണ്ട്ട്ട മനുഷ്യത്തെപ്പോലെ ഞെളിപിരി കൊള്ളുന്നതു കണ്ടു്, അന്തരീക്ഷം ലഘൂകരിക്കാൻ വേണ്ടി മനപ്പൂർവ്വം കൂടുതൽ അടുപ്പം അഭിനയിച്ചാണു് പിള്ള സംസാരിച്ചതു്.

അയാളുടെ പെരുമാററം നേതാവിനു് ഇത്തിരി വീര്യം നൽകി. ആ വീര്യം അയാളുടെ ശബ്ദത്തിനും മാററം വരുത്തി. "മുതലാളിക്കാറിയാമല്ലോ. രാജ്യം ആകെ കുഴഞ്ഞുമറിഞ്ഞുകിടക്കയാണു്. തൊഴിലില്ലായ്മ പട്ടിണി, വിലക്കയററം. ഇതിനൊക്കെ എതിരായി—"

"ഇപ്പോഴത്തെ പ്രശ്നം പറഞ്ഞാൽ എളുപ്പമുണ്ടു്." വിനയം വിടാതെ, എന്നാൽ ദൃഢസ്വരത്തിൽ, പിള്ള പറഞ്ഞു അല്ലെങ്കിൽ ശങ്കരൻ ബോറടിക്കുമെന്നു് അയാൾക്കു് അറിയാമായിരുന്നു.

നേതാവിനു രോഗം പിടികിട്ടി. അയാൾ പെട്ടന്നു് വിഷയത്തിലേക്കു വന്നു " അല്ല മുതലാളി, സംഘടനാപ്രവർത്തനങ്ങൾ ആകെ സ്തംഭിച്ചുനില്ക്കയാണു്. മറ്റിഞ്ചു മുന്നോട്ടു നീക്കാനുള്ള സാമ്പത്തികമില്ല. അങ്ങയെപ്പോലുള്ള മുതലാളിമാർ കൈയയിച്ചു സഹായിച്ചില്ലെങ്കിൽ ഈ നാട്ടിലെ വിപ്ലവപ്രസ്ഥാനം—"

"ശരി, ശരി. ശങ്കരൻ മാനേജരെ ഒന്നു കാണു." ഉള്ളിൽ പതഞ്ഞ ചിരി അമർത്തിക്കൊണ്ടു് പിള്ള ഇൻറർകോം കയ്യിലെടുത്തു. മാനേജരെ കിട്ടിയപ്പോൾ അയാൾ പറഞ്ഞു. "നമ്മുടെ സഖാവു ശങ്കരൻ അങ്ങോട്ടു വരുന്നുണ്ടു്, കൃഷ്ണൻനായരേ. ഒരു പുത്തുറപ്പിക കൊടുത്തേക്കു."

ഫോൺവച്ചു് അയാൾ ശങ്കരൻെറ നേരെ തിരിഞ്ഞു." എന്താ ശങ്കരാ? തൽക്കാലം അതുപോരേ?

വികസിച്ച മുഖത്തോടെ ശങ്കരൻ എണീററു. "ഇവിടുത്തെ ഇഷ്ടപോലെ." അയാൾ തെളിച്ചചിരിചിരിച്ചു: "എന്നാൽ, ഞാനിങ്ങോട്ടു—"

ശങ്കരൻ എണീററപ്പോൾ പിള്ള ചോദിച്ചു: "തിരുമയ ചാരായക്കടയിലേക്കാണോ?"

"ഏയ്" അല്ല മുതലാളി:" ശങ്കരൻ വായ് പൊത്തിപ്പിടിച്ചു് ചിരിച്ചു.

ശങ്കരൻ പോയ പിറകെ ചിട്ടിക്കാരൻ കുട്ടൻപിള്ള എത്തി. മുറിക്കൈയൻ ഷർട്ടിട്ട കണ്ണട ധരിച്ച, കയ്യിലൊരു ലെതർ ബാഗുമായാണു് കുട്ടൻപിള്ള കടന്നുവന്നതു്. അയാളും തൊഴുതുപിടിച്ചുനിന്നു. ഇരിക്കാൻ പറഞ്ഞിട്ടു് ഇരുന്നില്ല. എത്ര നിർബ്ബന്ധിച്ചാലും അയാൾ ഇരിക്കില്ലെന്നു അറിയാമായിരുന്നതുകൊണ്ടു് പിള്ള നിർബ്ബന്ധിച്ചില്ല.

"എൻെറ അടുത്ത കുറിയിൻ മുതലാളി ഒന്നു ചേരണം." കുട്ടൻപിള്ള മുഖവുരകൂടാതെ വിഷയം അവതരിപ്പിച്ചു.

"എനിക്കെന്തിനാ കുട്ടൻപിള്ളേ ചിട്ടി?" പിള്ള ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഇവിടുത്തേക്കുവേണ്ടിയല്ല. ഈ പാവപ്പെട്ടവനു വേണ്ടിയാ. മുതലാളി ചേർന്നെന്നു പറഞ്ഞാൽ എനിക്കതൊരു ക്രെഡിററാ." കുട്ടൻപിള്ള അടിമുതൽ മുടി വരെ വിനയമായിരുന്നു.

പിള്ള ഉള്ളിൽ ചിരിച്ചു ഈ മനുഷ്യനു് ഇങ്ങനെ ഓച്ഛാനിച്ചുപിടിച്ചു നിൽക്കേണ്ട കാര്യമെന്താണു്? അയാൾക്കു വേണ്ടത്ര സ്വത്തുണ്ടു്. കാറുണ്ടു്. ബിസ്സിനസ്സുണ്ടു്.

"മുതലാളി എതിരു പറയരുതു്. നമ്മുടെ ഏതെങ്കിലും ഒരു യൂണിററിൻെറ പേരിൽ മതി. എനിക്കതൊരു താങ്ങാ." കുട്ടൻപിള്ള കരയുമെന്നു തോന്നി

ഒരുനിമിഷം ആലോചിച്ചിട്ടു് പിള്ള പറഞ്ഞു: "ശരി, കുട്ടൻപിള്ള മാനേജരെ കാണു. ഞാൻ പറഞ്ഞേക്കാം."

"ഓ " ചിട്ടിക്കാരൻ ഓച്ഛാനിച്ചു് തൊഴുതു്, ഇറങ്ങിയപ്പോൾ പിള്ള ചിരിച്ചുകൊണ്ടു് മാനേജക്കുവേണ്ട നിർദ്ദേശം കൊടുത്തു.

വീണ്ടും സന്ദർശകർ വന്നുകൊണ്ടേയിരുന്നു.

ഒരാൾക്കു് മകളുടെ കല്യാണപ്രശ്നമാണെങ്കിൽ മറെറാരാൾക്കു് മകനു ജോലിവേണം. ഇനി ഒരാൾക്കു് ഏതെങ്കിലും സിനിമയിൽ ഒരു ചാൻസുവേണം. ബിസിനസ്സുകാരനു് ഉപദേശംവേണം. അല്ലെങ്കിൽ എന്തിൻെറയെങ്കിലും ഒരു കോട്ടാ സംഘടിപ്പിച്ചുകൊടുക്കണം. ഒരു ഷ്ട്രീയനേതാവിനു ഫണ്ടുപിരിവു്. ലവിഡേലിൽ പഠിക്കുന്ന കുട്ടിക്കു പണമയയ്ക്കണം. വീട്ടിൻെറ പണി പൂർത്തിയാക്കണം. ഓരോരുത്തരോടും ഓരോ രീതിയിൽ പെരുമാറി അവരെ തൃപ്തരാക്കി അയയ്ക്കാൻ പിള്ളയ്ക്കു നല്ല വിരുതായിരുന്നു.

ഓരോ പകലുംതന്നെ മുൻപിൽ പ്രത്യക്ഷപ്പെട്ടു് മടങ്ങിപ്പോവുന്ന ഇത്തരം മുഖങ്ങൾ പിള്ള ഓർമ്മയിൽ സൂക്ഷിച്ചു. വിഭിന്നവും വ്യത്യസ്തവുമായ മുഖങ്ങൾ. മനുഷ്യൻെറ വിചിത്രമായ മുഖച്ഛായകളെക്കുറിച്ചോർത്തു്, അയാൾ ഒററയ്ക്കിരുന്നു ചിരിച്ചു.

ഒരു മുഖത്തിനു് അതിൻേറതായ വില കൊടുക്കാനും അതിലധികം വില കൊടുക്കാതിരിക്കാനും അറിയാമായിരുന്നതുകൊണ്ടു് സന്ദർശകർ അയാളെ മടുപ്പിച്ചില്ല.

ഞാനീ മുഖങ്ങളെ ഇഷ്ടപ്പെടുന്നുണ്ടോ? അയാൾ സ്വയം ചോദിച്ചു: ഞാനീ മുഖങ്ങളെ വെറുക്കുന്നുണ്ടോ?

വ്യക്തമായ ഒരു മറുപടി കണ്ടെത്താൻ പിള്ളയ്ക്കു കഴിഞ്ഞില്ല. തൻെറയും മററുള്ളവരുടേയും എല്ലാത്തരം കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾക്കും പെട്ടെന്നു് പരിഹാരം കണ്ടെത്തുന്ന തനിക്കു് ഈ ചോദ്യങ്ങൾക്കു മറുപടി കണ്ടെത്താൻ കഴിയാത്തതു് അയാൾക്കുതന്നെ അത്ഭുതകരമായിത്തോന്നി. അയാളുടെ മനസ്സിൻെറ അത്ഭുതംവിടർന്ന മിഴികൾക്കുമുൻപിൽ ആ ചോദ്യങ്ങൾ കല്ലിൽ കൊത്തിയ്ട്ട, പഴകിയ, പുരാതനമായ ചോദ്യചിഹ്നങ്ങളായി നിലകൊണ്ടു.

"മനുഷ്യൻ ചോദ്യംചോദിക്കുന്നേയുള്ളു. ഒരുവനും ഒരിക്കലും ഉത്തരം കണ്ടുപിടിക്കുന്നില്ല."

ആരാണു് അങ്ങനെ പറഞ്ഞതു്? ആരാണു് അങ്ങനെ പറഞ്ഞുതന്നതു്?

ടെലിഫോൺ ശബ്ദിച്ചു.

പിള്ളയുടെ ഉററചങ്ങാതിയായ ഒരു പ്രസിദ്ധ സിനിമാനടനായിരുന്നു ഫോണിൽ.

"ആശാനേ, ഞങ്ങൾ ഇന്നു രാത്രി നിങ്ങളുടെ നാട്ടിലാണു് ക്യാമ്പു്." രതികുമാർ പറഞ്ഞു.

"വെൽകം", പിള്ള പറഞ്ഞു.

"വെൽകം മാത്രം പോരാ."

"പിന്നേ——ഓ, അതു ശരി——ങ്ങേ, അതു സാരമില്ല. ഓകേ, രാത്രിൽ കാണാം."

അയാൾ സംസാരം അവസാനിപ്പിച്ചപ്പോഴേയ്ക്കും ടൈപ്പ്ചെയ്ത കത്തുകളുമായി മാർത്ത കടന്നുവന്നു. അവൾ കത്തുകളും ഫയലുകളും മേശപ്പുറത്തു് പിള്ളയുടെ മുൻപിൽവച്ചു് അയാളുടെ സമീപം നിന്നു.

"ഇരിക്കു മാർത്താ." പിള്ള പറഞ്ഞു. "നിനക്കിഷ്ടമുള്ള ഒരാളുമായി സംസാരിക്കുകയായിരുന്നു ഞാനിപ്പോൾ."

മാർത്താ പകച്ചു. "ആരാണു സർ?"

"ആരെയാണു് നിനക്കിഷ്ടം?" പിള്ള ഒരു ചെറു ചിരിയോടെ ചോദിച്ചു.

"മാത്ത ആലോചിച്ചു. പക്ഷേ, അവൾക്കു് ഒരെത്തുംപിടിയും കിട്ടിയില്ല. "ആരാണു സർ?" അമ്പരപ്പോടെ അവൾ ചോദ്യം ആവർത്തിച്ചു.

ആ ചോദ്യം അവഗണിച്ചുകൊണ്ടു് പിള്ള പറഞ്ഞു: "അയാൾ ഇന്നിവിടെ എത്തുമെന്നുമാത്രമല്ല, ഇന്നിവിടെയാണു് ക്യാമ്പു്."

ജിജ്ഞാസ ഒളിക്കാൻ ശ്രമിക്കാതെ മാർത്ത വീണ്ടും തിരക്കി. ആരാണു സർ?"

"രതികുമാർ."

മാർത്തയുടെ മുഖം ചുവന്നു തുടുത്തു, ആവേശം അടക്കാനാവാതെ അവൾ അവിശ്വാസത്തോടെ ചോദിച്ചു:"നടനോ സർ?"

"അയാൾതന്നെ."

മാർത്തയുടെ അധരങ്ങൾ വിറകൊള്ളുന്നതും അവളുടെ കണ്ണിമകൾ ദ്രുതഗതിയിൽ ചലിക്കുന്നതും പിള്ള കണ്ടു. അവൾക്കു് എന്തൊക്കെയോ ചോദിക്കണമെന്നുണ്ടെന്നു് അയാൾ മനസ്സിലാക്കി. അയാൾ മനപ്പൂർവ്വം ഫയലിൽ ശ്രദ്ധവച്ചു. ഒരു കത്തു വായിച്ചുനോക്കി. ഒരു പിശകുമില്ല. അയാൾ പേനയ്ക്കുവേണ്ടി കൈനീട്ടി. പേന കൈവശം വന്നുചേരാതിരുന്നപ്പോഴാണു് അയാൾ തലയുയർത്തി നോക്കിയതു്. സാധാരണ മാർത്തയാണു് പേന എടുത്തുകൊടുക്കുക പതിവു്. അവൾ ഏതോ സ്വപ്നങ്ങളിൽ സ്വയം നഷ്ടപ്പെട്ടു്, ചലനമററു്, ശൂന്യമായ കണ്ണുകൾ എവിടെയോ, ഒരുവേള അവളുടെ ഉള്ളിൻെറയുള്ളിലേയ്ക്കുതന്നെ, തറപ്പിച്ചുനിൽക്കുകയായിരുന്നു. അവളുടെ മധുരസ്വപ്ന

# മാധവസ് പെഷൽഔഷധങ്ങൾ

## ആസ്മോയിൽ (ASTHMOIL)

ആസ്മാ (വലിവ്) കൊണ്ട് കഷ്ടപ്പെടുന്നവർക്ക് ഔഷധസേവ കൂടാതെ തെ തലയിൽ ഈ എണ്ണ പുരട്ടുന്നതുകൊണ്ടുതന്നെ തൃപ്തികരമായ ആശ്വാസം ലഭിക്കുന്നു.

## ടോൺസിലോയിൽ (TONSILOIL)

ടോൺസിലൈററസ്, തൊണ്ടവേദന, വിട്ടുമാറാത്ത ജലദോഷം, തലവേദന, തുമ്മൽ, മൂക്കടപ്പ് എന്നീ ഉപദ്രവങ്ങൾക്ക് തലയിൽ പുരട്ടി തുടച്ചുകളയുകയോ, കുളിക്കുകയോ ചെയ്യാവുന്നതാണ്,

## അർശോഹരലേഹ്യം

എല്ലാവിധ അർശോരോഗങ്ങളിലും വിശേഷിച്ച് മലബന്ധം, പ്രവാഹിക, അരുചി, അഗ്നിമാന്ദ്യം, വായുക്ഷോഭം, തലചുററൽ, ഉന്മേഷമില്ലായ്മ, രക്തംപോക്ക് ഇവകളിൽനിന്നും ആശ്വാസം നൽകുവാൻ വിശേഷം.

## അർശോലേപനം (OINTMENT)

അർശോരോഗികൾക്ക് ഉപദ്രവഭാഗത്ത് പുരട്ടുന്നതുകൊണ്ടുതന്നെ അത്യന്തം ഫലപ്രദം.

കൂടുതൽ വിവരങ്ങൾക്ക് നേരിട്ടെഴുതുക:

**മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ്**

ബാനർജിറോഡ്-എറണാകുളം – 682018

(APPROVED BY GOVT. OF INDIA)


ങ്ങളിൽനിന്ന് അവളെ ഉണർത്താൻ ഇഷ്ടപ്പെട്ടാഞ്ഞു് അയാൾ തന്നെയ പേന എടുത്തു. ഒപ്പുവച്ചു അടുത്ത കത്തും അടുത്ത കത്തും വായിച്ചു് ഒപ്പുവച്ചതിനുശേഷം അയാൾ പേന തിരികെ വച്ചു. ഫയൽ മടക്കിവച്ചു അപ്പോഴും മാർത്ത ഒരു ശിലാവിഗ്രഹംപോലെ നിൽക്കുകയായിരുന്നു.

പാവം പെൺകുട്ടി, പിള്ള ഓർത്തു: പാവം.

ടെലിഫോൺ മണിയടിച്ചപ്പോൾ മാത്ത ഞെട്ടിവിറച്ചുണരുന്നതു് പിള്ളയുടെ ശ്രദ്ധയിൽപ്പെട്ടു അവളുടെ പരിഭ്രാന്തി താൻ ശ്രദ്ധിച്ചില്ലെന്നമട്ടിൽ അയാൾ ടെലിഫോണിൻെറനേരെ തിരിഞ്ഞു.

"യെസ്—— ആരു്? രാമചന്ദ്രനോ? ഏതു രാമചന്ദ്രൻ? ——ഞാനറിയില്ലല്ലോ ——ശ. ശരി, ഏതായാലും വരാൻ പറയൂ"

ടെലിഫോൺവച്ചു തിരിഞ്ഞപ്പോൾ വളരെ ശ്രദ്ധയോടെ, തൻെറ സ്ഥിരം സെക്രട്ടറിയായിത്തന്നെ നിൽക്കുന്ന മാത്തയെയാണു കണ്ടതു്. എന്നിട്ടും അവളുടെ കണ്ണുകളുടെ ആവേശവും കവിളുകളുടെ തുടുപ്പും തീർത്തു മാഞ്ഞുപോയിരുന്നില്ല. ഉള്ളിലുണർന്ന ചിരി അയാൾ അമർത്തിവച്ചു

"സർ", ക്ഷമാപണസ്വരത്തിൽ മാത്ത പറഞ്ഞു: "കത്തുകൾ—" അവളുടെ കയ്യിൽ പേന ഉണ്ടായിരുന്നു.

"കത്തുകൾ?" പിള്ള ഗൗരവത്തിൽ ചോദിച്ചു.

"കത്തുകൾ വായിച്ചു് സൈൻചെയ്യേണ്ടേ സർ?" അവൾ അയാളുടെ ഗൗരവം കണ്ടു പകച്ചിരുന്നു.

"യു മേ ടേക് ബാക്ക് ദി ഫയൽ." പിള്ള ഗൗരവംവിടാതെ പറഞ്ഞു.

ഈ നേരത്തു് ഫ്ളഷ്ഡോർ തുറന്നു് ഒരു അപരിചിതനായ ചെറുപ്പക്കാരൻ തലനീട്ടി. പിള്ള അതു ശ്രദ്ധിച്ചു അയാൾ പറഞ്ഞു: "കമിൻ!"

അപരിചിതനായ ചെറുപ്പക്കാരൻ ഉള്ളിലേയ്ക്കു കടന്നുവന്നു് തെങ്ങുനിന്നു.

പേടിച്ചരണ്ടുനിന്ന മാർത്ത ഭയവും പരിഭ്രാന്തിയുംകലർന്നശബ്ദത്തിൽ വിക്കിവിക്കി പറഞ്ഞു: "സർ, അതിൽ—തെററെന്തെങ്കിലും—"

എടുത്തടിച്ചപോലെ ആയിരുന്നു പിള്ളയുടെ മറുപടി: "ഐസേ ടേക് ദി ഫയൽ ആൻഡ് ഗോ ടു യുവർ റൂം."

"യെസ്, സർ." മാർത്ത നിന്നനിന്നിൽ മൂത്രമൊഴിച്ചില്ലെന്നേയുള്ളു

അവൾ പേന അടച്ചു് തിരികെവച്ചു്, ഫയലെടുത്തു് സ്ഥലംവിട്ടു

"എന്താണു്?" പിള്ള നവാഗതൻെറ നേരെ തിരിഞ്ഞു.

"ഒരു കത്താണു് സർ." അപരിചിതനായ ചെറുപ്പക്കാരൻ മേശയ്ക്കടുത്തേയ്ക്കു നടന്നുവന്നു. പഴകിയ കാല്പറകളും പഴയ ബുഷ്ഷർട്ടുമാണു് അവൻ ധരിച്ചിരുന്നതു്. അവൻെറ ശബ്ദവും ലേശം നാണം കലർന്ന മുഖഭാവവും പിള്ളയ്ക്കു് ഇഷ്ടപ്പെട്ടു. അയാൾ അവൻ നീട്ടിയ കത്തുവാങ്ങി.

കവറിന്നു പുറത്തു് വിലാസമെഴുതിയിരുന്നു: പരിചിതമായ, വടിവില്ലാത്ത കൈപ്പട കണ്ടപ്പോൾ പിള്ളയുടെ ഭാവം മാറി. അയാളുടെ കൈകൾ വിറച്ചു. ഉള്ളിൽ ഇരമ്പുന്ന വികാരം മുഖത്തെ മാംസപേശികളിലേയ്ക്കു പടർന്നുപിടിക്കാതിരിക്കാൻ അയാൾക്കു നന്നേ ബദ്ധപ്പെടേണ്ടിവന്നു കവർ പൊട്ടിക്കുന്നതിനിടെ അയാൾ ഇടകണ്ണിട്ടു് ചെറുപ്പക്കാരനെ നോക്കുന്നുണ്ടായിരുന്നു.

കത്തു വായിച്ചുകഴിഞ്ഞു് അയാൾ ചെറുപ്പക്കാരനോടു ചോദിച്ചു: "രാമചന്ദ്രൻ എന്നാണു പേരു്, അല്ലേ?"

"അതേ സർ."

"ഇരിക്കൂ."

അതിനിടെ പിള്ള ഇൻറർകോമിലൂടെ മാനേജരെ മുറിയിലേയ്ക്കു വിളിച്ചു. അയാൾ മാനേജരോടു പറഞ്ഞു: "ഇതു് രാമചന്ദ്രൻ. എനിക്കു വേണ്ടപ്പെട്ട ഒരാളാണു്. രാമചന്ദ്രനു് താമസത്തിനും മററും വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്യണം. ഹീമേ ജോയിൻ അസ്. മററു കാര്യങ്ങൾ ഞാൻ പിന്നീടു പറയാം."

"യെസ്, സർ." മാനേജർ പറഞ്ഞു.

പിള്ള രാമചന്ദ്രൻെറനേരേ തിരിഞ്ഞു: "രാമചന്ദ്രൻ കൃഷ്ണനായരുടെകൂടെ പൊയ്ക്കോളൂ. കൂടുതൽ നമുക്കു പിന്നീടു സംസാരിക്കാം."

"ശരി, സർ." ചെറുപ്പക്കാരൻ തൊഴുതു.

പിള്ള സിഗരററിനു പരതി. (തുടരും)

# സമാന്തരങ്ങളിൽ സഞ്ചരിക്കുന്നവർ

കഥ

## ജാനമ്മ

അയാളും അവളും ഒപ്പം നടന്നു. അവരുടെ നിഴലിന്റെ നീളം കുറഞ്ഞു കുറഞ്ഞുവരുകയും ശരീരം വിയർത്തൊലിക്കുകയും ചെയ്തു. അവളുടെ തോളിൽ അയാളുടെ കഞ്ഞുമയങ്ങിക്കിടന്നു. അവളുടെ പച്ചസ്സാരിയുടെ മുന്താണികൊണ്ടു് കുഞ്ഞിനെ പുതപ്പിച്ചിരുന്നു.

വെയിലിനു് ശക്തികൂടിയപ്പോൾ അവർക്കു ക്ഷീണം തോന്നി. അയാൾ അവളുടെ മുഖത്തേക്കു് സൂക്ഷിച്ചുനോക്കി. അവളുടെ വെളുത്ത മുഖത്തു് തളർച്ചയുണ്ടായിരുന്നു. വിയർപ്പണിഞ്ഞ നെററിയിൽനിന്നു് ചാന്തുപൊട്ടു് ഒലിച്ചിറങ്ങാൻ തുടങ്ങിയിരുന്നു.

അയാൾ നടത്തത്തിന്റെ വേഗത കുറച്ചു. തളർന്നുറങ്ങുന്ന കുഞ്ഞിനെ തൊട്ടുനോക്കിക്കൊണ്ടു് അയാൾ പറഞ്ഞു.

—അക്കാണുന്ന മരത്തണലിൽ നമുക്കൊന്നിരിക്കാം.



അവൾ അനുകൂലിക്കുമെന്നോ പ്രതികൂലിക്കുമെന്നോ അയാൾ കരുതി. ഒന്നുമുണ്ടായില്ല. അവൾ നിശ്ശബ്ദം അയാളുടെയൊപ്പം നടന്നു.

പടന്ന പന്തലിച്ച മരത്തിന്റെ എഴുന്നുനിൽക്കുന്ന വേരിൽ അവർ ഇരുന്നു.

ആലവട്ടംപോലെയുള്ള അവളുടെ കണ്ണുകളെ വിയർപ്പോ കണ്ണുനീരോ നനച്ചിരുന്നു. അയാൾ സ്വയം ഊതിത്തണുപ്പിച്ചു് തുള്ളുന്ന വെയിലിലേക്കു് നോക്കിയിരുന്നു.

അവളുടെ ചുമലിൽ ഒരു പഴുത്ത ഇല അടന്നു വീണു. അവൾ കുഞ്ഞിനെ മടിയിൽ കിടത്തി അവന്റെ മുടിയൊതുക്കി.

—ഇനി എങ്ങോട്ടു്—"

ശബ്ദമില്ലാത്ത ആ ചോദ്യം അവരുടെ ഹൃദയങ്ങളിൽ മുട്ടിത്തിരിഞ്ഞു. അവൾ കുഞ്ഞിന്റെ മുഖത്തു് കണ്ണുംനട്ടിരുന്നു. അവന്റെ ഒട്ടിയവയറിൽ തലോടി.

—നീയെന്താണൊന്നും മിണ്ടാത്തതു്"?

അവൾ ആ ചോദ്യം പ്രതീക്ഷിച്ചിരുന്നതുപോലെ തോന്നി.

ഞാനെന്തു മിണ്ടാൻ?

—ഒന്നുമില്ലേ?

—എന്നു ഞാൻ പറഞ്ഞില്ല—

—ദുഃഖമുണ്ടോ?

—ആ ചോദ്യം അനാവശ്യമാണു്.

—എന്നുവച്ചാൽ—

—ഞാൻ വിശദീകരിക്കണോ.

അയാൾ തെല്ലിട മിണ്ടാതിരുന്നു. അവളും. അയാൾ കുഞ്ഞിനെ വാങ്ങി ചുമലിൽ കിടത്തി.

—ഇവൻ നിനക്കു ഭാരമായോ?

—ഞാൻ നിങ്ങൾക്കു ഭാരമായോ?

"ആയോ ആയോ എന്ന രണ്ടു ചോദ്യങ്ങൾ അവരുടെ കണ്ണുകളിൽ കിടന്നു കറങ്ങി.

—നിനക്കു തിരിച്ചു പോകണമെന്നുണ്ടോ?

—എങ്ങോട്ടു്—? നിങ്ങൾക്കു തിരിച്ചു പോകണമെങ്കിൽ—

അവൾ നിർത്തി.

—എങ്കിൽ...?

അവൾ ദീർഘമായി നിശ്വസിച്ചു. അവളുടെ കണ്ണുകൾ രണ്ടുവട്ടം അടഞ്ഞുതുറന്നു. അവൾ പിന്നെ ആ കുഞ്ഞിൽ ചെന്നടക്കിനിന്നു.

—കഷ്ടം. ഭാഗ്യംകെട്ട സ്ത്രീ. മരുന്നു വാങ്ങാൻ പോയ അച്ഛനെയും മകനെയും കാത്തു് വഴിക്കണ്ണുമായിരിക്കുന്ന ഒരു സ്ത്രീയുടെ ചിത്രം എന്നെ നൊമ്പരപ്പെടുത്തുന്നു അഞ്ചാറുമണിക്കൂർ കൊണ്ടു് മോൻ വാടിക്കരിഞ്ഞുപോയി—

—സാരമില്ല. നമുക്കവനെ ഓമനിച്ചു വളർത്താം. ഇന്നുമുതൽ നീയാണവന്റെ അമ്മ—

—അവർ എന്തുചെയ്തിട്ടാണീ ശിക്ഷ.

—സ്നേഹത്തിനാണവിടെ.

—അതുശരി. അപ്പോൾ സ്നേഹത്തിനുവേണ്ടിയാണു നിങ്ങൾ—

**മലയാളനാട്ട് വാരിക**
**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഒരുവർഷത്തേക്ക് | 52–00രൂ. |
| ആറുമാസത്തേക്ക് | 26–00രൂ. |
| ഒററപ്രതി | 1–00രൂ. |

ഇന്ത്യക്കു പുറത്തുള്ള വരിസംഖ്യാ നിരക്കുകൾക്ക് ഓഫീസിലേക്കെഴുതുക.

മാനേജർ,
മലയാളനാട്ട് വാരിക
കൊല്ലം—691013


—അതെ, സംശയമെന്തു്? നിനക്കു സൗന്ദര്യം മാത്രമല്ല സ്നേഹവുമുണ്ട്.

— എന്നുറപ്പുണ്ടോ?

— ഉണ്ട്.

എങ്ങിനെ?

അയാളൊന്നും പറഞ്ഞില്ല.

അവൾ ചിരിച്ചു. ആ കറുപ്പുപരന്ന കൺതടങ്ങളിൽ പരിഹാസത്തിൻെറ നിറം പരക്കുന്നതയാൾ കണ്ടു.

— അഞ്ചുവർഷത്തെ ദാമ്പത്യജീവിതത്തിനിടയിൽ നിങ്ങൾ പരിചയിച്ച സ്ത്രീക്ക് സൗന്ദര്യമില്ല. സ്നേഹവുമില്ല. ഏതാനും മാസംപോലും തികച്ചു പരിചയമില്ലാത്ത എനിക്കു സ്നേഹമുണ്ടെന്നു കരുതുന്ന നിങ്ങൾ വാസ്തവത്തിൽ ബുദ്ധിമാൻ തന്നെ—

— നമ്മളിങ്ങനെ തർക്കിക്കുന്നതിലൊരർത്ഥവുമില്ല —

— അല്ല, ഉണ്ട്. അർത്ഥമുണ്ട്. നിങ്ങൾ കരുതുന്നതുപോലെ ഞാൻ കരുതുന്നില്ലെങ്കിലോ —

അയാൾ കുടുകുടെ വിയർത്തു. കുഞ്ഞിനെ അടുക്കിപ്പിടിച്ചുകൊണ്ട് ഒരു കാററവാളിയെപ്പോലെ അയാൾ തളർന്നിരുന്നു.

— നിങ്ങൾ എൻെറകൂടെ പോന്നതു് ഈ കുഞ്ഞിനെയുംകൊണ്ടായതു് നന്നായി

— അല്ലെങ്കിൽ —

— അല്ലെങ്കിലോ —

അവൾ പൊട്ടിച്ചിരിച്ചു. പിന്നെ കുഞ്ഞിനെ അയാളിൽനിന്നു വാങ്ങി അവൻെറ നെററിയിൽ ചുംബിച്ചു

— ഇവനില്ലായിരുന്നെങ്കിൽ നിങ്ങളെ ഒരു പാവയെപ്പോലെ ഞാൻ കൊണ്ടുനടക്കുമായിരുന്നു. പുരുഷൻെറ രൂപമുള്ള നിങ്ങൾ ഒരുനായായിയായി ആജ്ഞാനുവർത്തിയായി മരിക്കേണ്ടിവന്നേനെ. ഇവൻ നിങ്ങളെ രക്ഷപ്പെടുത്തിയിരിക്കുന്നു. ആ സ്ത്രീയില്ലേ — സ്നേഹമില്ലാത്തവളെന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ ഭാര്യ — ആ പുണ്യവതിയുടെ മുജ്ജന്മ സുകൃതത്താലാണെന്നു് കരുതിക്കോളൂ —

— അപ്പോൾ നീയെന്നെ വഞ്ചിക്കുകയായിരുന്നോ —?

— അല്ല. ഞാനൊരു കച്ചവടക്കാരിയാണ്. നിഷ്കപടമായ കച്ചവടമുണ്ടോ?

അയാൾ മൈൽക്കററിപോലെ തരിച്ചിരുന്നു.

— എനിക്കു സൗന്ദര്യമുള്ള ശരീരമുണ്ട്. അതു വില്പനക്കാണു്. അതുകൊണ്ടുതന്നെ സൗന്ദര്യമുള്ള ഹൃദയമില്ല എനിക്കു സ്നേഹമുണ്ട്. പക്ഷെ. അതിനു സ്ഥായിയായ ഒരു മുഖമില്ല പുരുഷൻ എൻെറ ഇരയാണ്. ഇരകളെ ഞാൻ സ്നേഹിക്കുന്നു അതെൻെറ ആവശ്യമാണ്—

— എടീ ഭയങ്കരീ—

— ഞാനൊരു ഭയങ്കരിയല്ലേയല്ലാ —

അയാൾ ചാടിയെഴുന്നേററു. അയാൾ പല്ലിറുമ്മിയിരുന്നു തുറിച്ച കണ്ണുകളിൽ രോഷത്തിൻെറ രേഖകൾ തെളിഞ്ഞിരുന്നു

കുഞ്ഞിനെ പിടിച്ചുവാങ്ങി അയാൾ തിരകിട്ട് തിരിച്ചു നടക്കാൻ തുടങ്ങി.

— നിങ്ങൾ തിരിച്ചു പോവുകയാണോ—

— അതെ.

അക്ഷരങ്ങൾ വരണ്ടുപോയിരുന്നു.

— ശരി പൊയ്ക്കോളൂ നമ്മുടെ വഴികൾ രണ്ടാണ്. നിങ്ങൾ ഒരു ബിന്ദുവിലെത്തി അവിടെ തങ്ങിനിൽക്കും. ഞാനോ ബിന്ദുവിൽ നിന്നു് ബിന്ദുവിലേക്കു് —ബിന്ദുവിൽനിന്നു് ബിന്ദുവിലേക്കു്. .

ഗദ്ഗദം പുരണ്ട അവളുടെ വാക്കുകൾ അയാൾ കേട്ടുകാണില്ല. അയാൾ നടന്നു് വളവുതിരിയുന്നതു് അവൾ ഇമയിളക്കാതെ നോക്കിനിന്നു.

ലോകം മൃഗതൃഷ്ണയിലെന്നപോലെ അവളുടെ കണ്ണുകൾക്കുമുമ്പിൽ അസ്പഷ്ടമായി നിന്നു വിറച്ചു, ഒരു കറുത്ത നിഴൽ പോലെ.

—o—



# ധർമ്മപുരാണം

(16 ൽ നിന്നും തുടർച്ച)

"എന്താണു പക്ഷേ?" സിദ്ധാർത്ഥൻ ചോദിച്ചു.

"പക്ഷെ, അങ്ങിനെ പറയുന്നതു് രാജ്യദ്രോഹമാണ്. ഗോസായിയമ്മാവൻ തിരിച്ചുവരുമെന്നു പറയുന്നതു നിരോധിക്കാൻ ഒരു നിയമമുണ്ട്."

"രാജ്യദ്രോഹമാണെന്നു് ആരു പറയുന്നു?"

"ഭരണകൂടം പറയുന്നു."

"ഓ, അത്രയല്ലേ ഉള്ളൂ!"

"ഭരണകൂടം നുണപറയുമോ? രാഷ്ട്രപതി നുണപറയുമോ?"

"ലോകത്തിൽ പല ഭരണകൂടങ്ങളും രാഷ്ട്രപതിമാരും നുണ പറഞ്ഞിട്ടുണ്ട്."

"അയ്യോ, അതെനിക്കുമറിയാമല്ലോ," ലാവണ്യ പറഞ്ഞു. "ഞാൻ ധർമ്മപുരിയുടെ കാര്യമാണു് പറഞ്ഞതു്. ധർമ്മപുരിയുടെ ഭരണഘടനയുടെ ഒന്നാം ഖണ്ഡികയനുസരിച്ചു് കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ എല്ലാ അന്താരാഷ്ട്രീയ സംഘർഷങ്ങൾക്കും കാരണക്കാർ, മററു രാഷ്ട്രങ്ങളാണെന്നും ധർമ്മപുരിയല്ലെന്നും പ്രഖ്യാപിച്ചിരിക്കുന്നു. ഭരണഘടന നുണപറയുമോ?"

"ലാവണ്യേ" സിദ്ധാർത്ഥൻ പറഞ്ഞു, "ഭരണഘടന എന്തുപറയുന്നു എന്നതല്ല കാര്യം. ലാവണ്യ എന്തു പറയുന്നു എന്നതാണ്."

ഈ കാലമത്രയും," അവൾ പറഞ്ഞു, "ഞാൻ ഒന്നും പറയാൻ തുനിഞ്ഞിട്ടില്ല."

"ലാവണ്യ തുനിയണം," അയാൾ പറഞ്ഞു.

അവൾ എന്തോ ചിന്തിച്ചു. അവൾ ചോദിച്ചു, "അപ്പോൾ എൻെറ രാജ്യമോ?"

"രാജ്യമോ?" അയാൾ ചോദിച്ചു. "അതെന്താണ്?"

"അങ്ങ് എന്നെ അന്ധാളിപ്പിക്കുകയാണ്," അവൾ പറഞ്ഞു.

"ലാവണ്യ ചോദ്യത്തിനുത്തരം പറഞ്ഞില്ലല്ലോ," അയാൾ പറഞ്ഞു.

"എൻെറ മനസ്സു പ്രവർത്തിക്കുന്നില്ല," അവൾ പറഞ്ഞു.

സിദ്ധാർത്ഥൻ ചിരിച്ചു.

"സാരമില്ല," അയാൾ പറഞ്ഞു. "തൽക്കാലം ലാവണ്യയുടെ മനസ്സു വിശ്രമിക്കട്ടെ. പക്ഷെ നമുക്ക് അതിനെ ഉണർത്തണം. ഇപ്പോൾ എൻെറ മനസ്സു പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ പറഞ്ഞുതരാം."

"അങ്ങു പറയൂ," അവൾ പറഞ്ഞു. "ഞാൻ ഇവിടെ അങ്ങയുടെ മടിയിൽ തലചായ്ച്ചുകൊണ്ട് അതു ഏററുവാങ്ങാം."

സിദ്ധാർത്ഥൻ ഇങ്ങിനെ പറഞ്ഞു:

"ഞാനൊരു രാജാവായിരുന്നു. എനിക്കൊരു രാജ്യമുണ്ടായിരുന്നു. പക്ഷെ, അതെന്തെന്നു് എനിക്കൊരിക്കലും മനസ്സിലായിരുന്നില്ല. കപിലവസ്തുവിലെ മനുഷ്യരെ ഞാൻ സ്നേഹിച്ചു. പക്ഷെ മിഥിലയിലെയും മഗധയിലെയും സമർഖണ്ഡിലെയും മനുഷ്യരെയും ഞാൻ സ്നേഹിച്ചു. ഇതാ ഇപ്പോൾ ധർമ്മപുരിയിലെ മനുഷ്യരെ ഞാൻ സ്നേഹിക്കുന്നു. അപ്പോൾ പിന്നെ രാജ്യമെന്നാൽ എന്തെന്ന ചോദ്യം അവശേഷിക്കുകയാണ്. അതിരുകളാൽ ചുററപ്പെട്ടതാണ് രാജ്യമെന്നു് എൻെറ മന്ത്രിമാർ

പറഞ്ഞു അതിരുകൾ കാണിച്ചുതരാനായി അവർ എന്നെ എങ്ങെല്ലാമോ കൂട്ടിക്കൊണ്ടുപോയി. അതാ നോക്കൂ നമ്മുടെ അതിരുകൾ, അവർ പറഞ്ഞു. എത്ര ശ്രമിച്ചിട്ടും എനിക്കു അതിരുകൾ കാണാൻ കഴിഞ്ഞില്ല ഞാൻ കണ്ടതു് പുഴകളും താഴ്‌വരകളും മലകളും മാത്രമായിരുന്നു. പുഴകളും താഴ്‌വരകളും മലകളും താണ്ടി ഞാൻ എന്റെ യാത്ര തുടങ്ങി കപിലവസ്തുവിൽ കണ്ട ഒരു ശവം, മഗധയിൽകണ്ട ഒരു തീരാവ്യാധിക്കാരൻ, ധർമ്മപുരിയിൽ കണ്ട ഒരു പനിക്കുന്ന കുട്ടി, ഇവക്കുവേണ്ടിയത്രയും എന്റെ സ്നേഹം എന്നെ ദുഃഖിപ്പിച്ചു"

ലാവണ്യയുടെ കണ്ണു നനയുകയായിരുന്നു. സിദ്ധാർത്ഥൻ ആ നനവു തുടച്ചെടുത്തു അയാൾ പതുക്കെ അവളുടെ കവിളു തലോടി. പതുക്കെ അവളുടെ മുടിനാരുകളിലൂടെ വിരലുകൾ പായിച്ചു സിദ്ധാർത്ഥൻ തുടർന്നു:

"ആ ദുഃഖവും സ്നേഹവും എന്നെ അലട്ടി. അതിന്റെ അർത്ഥമാരാഞ്ഞുകൊണ്ടു് ഞാൻ ഒരാലിൻചോട്ടിൽ തപസ്സിരുന്നു എന്നിട്ടോ? കണ്ണിൽക്കണ്ടതു് മറ്റൊന്നായിരുന്നു. ഞാനതു പറയാം, പക്ഷെ നിന്റെ മനസ്സു മുറിപ്പെടരുതു്. ഞാൻ വലിയ വെളുത്ത തുടകൾ കണ്ടു."

"അങ്ങയുടെ രാജ്ഞിയുടെ, അല്ലേ?" ലാവണ്യ ചോദിച്ചു.

പതുക്കെ മുഖംതിരിച്ചു് ലാവണ്യ സിദ്ധാർത്ഥന്റെ മുഖത്തേയ്ക്കു നോക്കി.

"ഞാൻ കുറച്ചുകൂടിപ്പറഞ്ഞാൽ നിന്റെ മനസ്സു മുറിപ്പെടുമോ?" സിദ്ധാർത്ഥൻ ചോദിച്ചു

"പറയൂ," ലാവണ്യ പറഞ്ഞു.

"എനിക്കു നിന്റെ തുടകൾ കാണണം," അയാൾ പറഞ്ഞു.

"സിദ്ധാർത്ഥാ," അവൾ പറഞ്ഞു, "അങ്ങയുടെ വാക്കുകൾ എനിക്കു് കരുണധാരകളായ മഞ്ഞും മഴയുമാണു്."

അവൾ അവളുടെ ഉടുപുടകൾ ഒന്നൊന്നായി അഴിച്ചുനീക്കിയജ്ഞത്തിന്റെ മാധുര്യത്തിൽ അവൾ എല്ലാം മാററിവെച്ചു.

"എന്നെ കാണുക," അവൾ പറഞ്ഞു

സിദ്ധാർത്ഥൻ അവൾക്കു മീതെ ഉയർന്നുനിന്നു.

"സിദ്ധാർത്ഥാ," അവൾ പറഞ്ഞു. അത്രയേ പറഞ്ഞുള്ളു. അയാൾ അറിഞ്ഞു. അവൾ മേലോട്ടുനോക്കി. അയാളുടെ കാലുകൾ സ്തൂപങ്ങളായി മേലോട്ടുയർന്നു. അയാൾക്കു പിന്നിൽ കുവളത്തിന്റെ ഇലയും ചില്ലയും. അതിനും പിന്നിൽ രാത്രിയുടെ നീലപ്പട്ടു്.

യജ്ഞത്തിന്റെ സുഖക്ഷീണത്തിൽ സിദ്ധാർത്ഥനും ലാവണ്യയും പുഴയോരത്തു കിടന്നു. സുനന്ദൻ ശാന്തനായി ഉറങ്ങുകയായിരുന്നു.

"എന്റെയും എന്റെ കുട്ടിയുടെയും വേദന അങ്ങു് കാരുണ്യംകൊണ്ടു ശമിപ്പിച്ചു," അവൾ പറഞ്ഞു.

"എന്റെ വ്യർത്ഥത നീ നിന്റെ ശരീരംകൊണ്ടു ശമിപ്പിച്ചു" അയാൾ പറഞ്ഞു.

"പുഴയും കുവളവും ആകാശവും നമ്മെ ശമിപ്പിച്ചു." അവൾ പറഞ്ഞു.

"പുഴകൾ അക്കരെ അതിരാവാതിരിക്കട്ടെ." അയാൾ നേരെ "ശരീരങ്ങൾ ശരീരങ്ങളെ ശമിപ്പിക്കട്ടെ"

കുവളത്തിൽ രാത്രിയുടെ കാററുകൾ പതുക്കെ വീശി

"നിന്റെ ഭർത്താവു് എവിടെയാണെന്നു് നമുക്കറിയണം," അയാൾ പറഞ്ഞു.

"അറിയണം."

"ഗോസായിയമ്മാവന്റെ രഹസ്യം നമുക്കു കണ്ടുപിടിക്കണം."

"വേണം."

പുഴയിൽ മീനുകൾ കുമിളകളൂതി. രാപ്പക്ഷികൾ കുവളം ചുററിപ്പറന്നു. രാത്രി പിന്നെയും തണുത്തു. ലാവണ്യ സുനന്ദനെ ഒന്നുകൂടി പുതപ്പിച്ചു

"സിദ്ധാർത്ഥാ," അവൾ പറഞ്ഞു. "എന്നെ വീണ്ടും ശമിപ്പിക്കുക."

(തുടരും)

## 12

"ശങ്കരൻ വെളിയിൽ നില്ക്കയാണു് അങ്ങളേടൊപ്പം അവനുമുണ്ടു്. കഞ്ഞിയും മററും കൊണ്ടുവന്നിട്ടുണ്ടു്."

"അവിടെ നില്ക്കട്ടെ. കുറച്ചു കഴിഞ്ഞു വിളിക്കാം."

ഞാൻ ചോദിച്ചു —

"സാറിന്റെ ഭാര്യയെ അറിയിക്കണ്ടേ?"

"വേണ്ട വേണ്ട അവർ വന്നാൽ ഞാൻ മരിച്ചുപോകും."

അനുജത്തിമാർ നല്ലനുതുകൊണ്ടു് ഒന്നും സ്വാതന്ത്ര്യമായി പറയുവാൻ പററാത്ത സ്ഥിതി

കുശലപ്രശ്നങ്ങൾക്കുശേഷം ഞങ്ങൾ യാത്രപറഞ്ഞിറങ്ങാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു — "ആരോ വരുന്നുണ്ടു്." അദ്ദേഹത്തിന്റെ ആത്മസുഹൃത്തായ അന്തരിച്ചുപോയ മി മാത്യു കഴിവേലി.

ദേവ് പറഞ്ഞു — "നിങ്ങൾ പോകാൻ വർട്ടെ"

മി. മാത്യുകഴിവേലി ചോദിച്ചു—

"ദേവേ ഈ കുട്ടികൾ ഏതാ?"

"എന്റെ അയൽക്കാരാ പക്ഷെ ബന്ധുക്കൾ തന്നെ."

അദ്ദേഹവും ദേവുമായി കുറേ സംസാരിച്ചു. രോഗത്തിന്റെ കാരണങ്ങൾ പറഞ്ഞു. ഹൈദ്രോസിൽ ഓപ്പറേഷനായിരുന്നു.

ദേവ് പറഞ്ഞു —

"നിങ്ങളുടെ കാറിൽ ഈ കുട്ടികളെ വീട്ടിൽ ഇറക്കണം."

ഞങ്ങൾ മി. മാത്യു കഴിവേലിയുടെ കാറിൽ കയറി വീട്ടിലേക്കുപോയി.

ദിവസങ്ങൾ നാലഞ്ചു കഴിഞ്ഞു. ദേവ് ആശുപത്രിയിൽ കിടക്കുകയാണു്. എന്റെപുച്ചുടലും,പൊട്ടിടലും,മുളിപ്പാട്ടും, ഓട്ടവും സ്തംഭനാവസ്ഥയിലായി. ഞാനറിയാതെ എന്റെ കണ്ണിൽനിന്നും ബാഷ്പകണങ്ങൾ ചൊരിഞ്ഞുകൊണ്ടിരുന്നു. ഹൃദയഭാരം താങ്ങാനാവാതെ ഞാൻ ഉരുകാൻ തുടങ്ങി.

ഒരുദിവസം എന്റെ കൂട്ടുകാരികളായ ശ്രീകുമാരിയും, രാധാമണിയും വീട്ടിൽ വന്നു എന്റെ ദുഃഖം മനസ്സിലാക്കിയ ശ്രീകുമാരി എന്നോടു പറഞ്ഞു—

"സീത വേദനിക്കരുതു്? നമുക്കു് അമ്മയോടു് എന്തെങ്കിലും നുണപറഞ്ഞിട്ടു് ആശുപത്രിയിൽ നാളെ പോകാം."

എപ്പോഴും ചിരിയും കൊഞ്ചിക്കൊണ്ടുള്ള വർത്തമാനവും പറയുന്ന എന്നെ അവരൊക്കെ "ചെല്ലക്കുന്തം" എന്നു പേരിട്ടു വിളിക്കാറുണ്ടു്.

രാധാമണി പറഞ്ഞു —

"ചെല്ലക്കുന്തം കരയരുതേ! നാളെ സാറിന്റെയടുത്തു പോകാം, സാറു്, ഉമ്മരും."

ഞങ്ങൾ മൂന്നുപേരും ഉറക്കെ ചിരിച്ചു. മൂന്നുപേരുംകൂടി വീട്ടിൽനിന്നും ഊണുകഴിച്ചു. ശ്രീകുമാരിയും രാധാമണിയും അവരുടെ വീട്ടിലേക്കു പോയി.

# കേശവദേവ് എന്റെ നിത്യകാമുകൻ

### സീതാലക്ഷ്മീദേവ്

ശ്രീകുമാരിയുടെ അമ്മ എന്റെ അമ്മയെപ്പോലെ എന്നോടു വാത്സല്യമാണു്. ചിലപ്പോൾ ഞാനവിടെ പോകാറുണ്ടു്.

എന്റെ അമ്മയോടു ഞാൻ പറഞ്ഞു—

"അമ്മേ നാളെ ശ്രീകുമാരിയുടെ വീട്ടിൽ പോകണം."

"എന്താ വിശേഷം?"

"ശ്രീകുമാരിയുടെ അമ്മയുടെ പുന്നാളാണു്."

"പോകണ്ട."

"നാളെ ശ്രീകുമാരിയും രാധാമണിയും എന്നെ വിളിക്കാൻ വരുമെന്നുപറഞ്ഞിട്ടാ പോയതു് അവരോടു ഞാനെന്തുപറയും?"

അനുജത്തി പറഞ്ഞു—

"വീടുതോറുംപോയി ആഹാരം കഴി

ന്നാൻ നാണമില്ലല്ലോ."

കരഞ്ഞുകൊണ്ടിരുന്ന ഞാൻ ചാടി എണീററ് ഒരു നുള്ളുകൊടുത്തിട്ട് പറഞ്ഞു—

"നാളെ ഞാൻ ശ്രീകുമാരിയുടെ വീട്ടിൽ പോകും."

അമ്മ ചോദിച്ചു "എപ്പോൾ പോകണം."

"രാവിലെ".

അമ്മ പറഞ്ഞു—

"പോയിട്ട് വേഗം വീട്ടിലെത്തണം."

ഞാനെണീററ് മുഖം കഴുകി.

അനുജത്തി പറഞ്ഞു—

"ഇവളുടെ കർച്ചിൽ കാണുമ്പോൾ അമ്മ സമ്മതിച്ചും. വീട്ടുതോറും പോകാനാണ്. ഞങ്ങൾ രണ്ടുപേരും എവിടെയെങ്കിലും പോകുന്നതു നീ കണ്ടിട്ടുണ്ടോ?"

ഞാൻ പറഞ്ഞു—

"നീയൊക്കെ മനുഷ്യരോട്ടു മിണ്ടുമോ? അഹങ്കാരികളല്ലേ?"

അമ്മ പറഞ്ഞു—

"സീതാലക്ഷ്മിയുടെ മുഖം കറപ്പിച്ചാൽ എനിക്ക് എന്തെങ്കിലും ഒരു വിഷമമുണ്ടാകും. ദേവ്സാർ പറയുന്നതുപോലെ അവൾ ഈ വീട്ടിൻെറ നടയിൽ നിൽക്കുന്നതു് ഒരു വിളക്കുപോലെ ഐശ്വര്യംതന്നെ."

ഞാൻ ചിരിച്ചു.

അനുജത്തിമാർ രണ്ടുപേരും കാർക്കിച്ചു വെളിയിലിറങ്ങി ഉപ്പി.

ഞാൻ പറഞ്ഞു—

"അമ്മേ! അസൂയയാണ്."

അങ്ങനെ പിറേറദിവസം രാവിലെ ശ്രീകുമാരിയും ഞാനും, രാധാമണിയുമായി മെഡിക്കൽകോളേജ്ആശുപത്രിയിൽ പോയി.

വഴിയിൽവച്ച് ശ്രീകുമാരി പറഞ്ഞു—

"നീ അവിടെച്ചെന്നു് കരയരുതു്."

രാധാമണി പറഞ്ഞു—

"ഈ പെണ്ണ് കരയും. വീട്ടിലും ചെല്ലുക്കന്തം. ഇപ്പോൾ സാറും ചെല്ലം പഠിപ്പിക്കയാണ്."

എൻെറ ഏററവും ആത്മസുഹൃത്തുക്കളായിരുന്നു അവർ. ഞാൻ കരഞ്ഞാൽ അവർ കൂടെ കരയുമായിരുന്നു.

ഞങ്ങൾ മെഡിക്കൽകോളേജ് ആശുപത്രിയിലെത്തി.

ഞാൻ പറഞ്ഞു—

"നിങ്ങൾ രണ്ടുപേരും കുറച്ചുസമയം ആ മുറിയിൽ നിന്നിട്ട് വെളിയിൽ ഇറങ്ങി നിൽക്കണം."

ശ്രീകുമാരി പറഞ്ഞു—

"ഞങ്ങൾ രണ്ടുപേരും അകത്തുകയറി സാറിനെ കണ്ടു കണ്ടിട്ട് ഉടൻ വെളിയിലിറങ്ങാം. നീ പേടിക്കണ്ട."

ഞങ്ങൾ മൂന്നുപേരുംകൂടി മുറിയിൽ കയറി.

ദേവ് ചോദിച്ചു—

"നിങ്ങൾ മൂന്നുപേരുമായി വന്നോ? ഞാൻ പറഞ്ഞു—

"അതെ."

നേരത്തെ ഞാൻ ശ്രീകുമാരിയോടും രാധാമണിയോടും ദേവിനോട് വീട്ടിലറിയാതെയാണ് വന്നതെന്നു പറയണമെന്നു പറഞ്ഞിരുന്നു. ചേട്ടൻ വരുമ്പോൾ ദേവ് പറയും വീട്ടിലറിയും കുഴപ്പമുണ്ടാക്കണ്ടന്നു കരുതി.

കുറച്ചുസമയം നിന്നിട്ട് ശ്രീകുമാരിയും രാധാമണിയും മുറിയിൽനിന്നും തന്ത്രത്തിൽ വെളിയിലിറങ്ങി.

ദേവ് ചോദിച്ചു —

അവരു പോയോ?"

ഞാൻ പറഞ്ഞു—

"ഇല്ല. ഞാൻ നേരത്തെ പറഞ്ഞു. രണ്ടുപേരും കുറച്ചു നിന്നിട്ട് വെളിയിലിറങ്ങി നില്ക്കണമെന്നു്."

അദ്ദേഹം ചിരിച്ചു— എന്നിട്ട് എന്നെ കട്ടിലിൽ പിടിച്ചിരുത്തിയിട്ടു പറഞ്ഞു:

"ഞാൻ രണ്ടുദിവസത്തിനകം വീട്ടിൽ വരും. പൂവും ചൂടി നില്ക്കണം. വേദനിപ്പിക്കാതെ കഴിയണം. ശരീരം സൂക്ഷിക്കണം."

അദ്ദേഹം എന്നെ ചേർത്തിരുത്തികൊണ്ട് ആശ്വാസവചനങ്ങൾ ചൊല്ലിയപ്പോൾ ഞാൻ ഒരു കുഞ്ഞിനെപ്പോലെ പററിച്ചേർന്നിരുന്നു.

ദേവ് പറഞ്ഞു—

"ശ്രീകുമാരിയേയും രാധാമണിയേയും വിളിച്ചു പോകണ്ടെ?"

ശ്രീകുമാരിയും, രാധാമണിയും ഞാനും അദ്ദേഹത്തോടു യാത്രപറഞ്ഞിറങ്ങി.

വഴിയിൽവച്ച് ഞങ്ങൾ ഓരോന്നു സംസാരിച്ചുകൊണ്ടു നടന്നു.

ശ്രീകുമാരി പറഞ്ഞു—



"സീതയ്ക്ക് സാറിനോട്ട് ഇത്ര ഇഷ്ടമാണെങ്കിൽ എന്തുചെയ്യും?"

രാധാമണി പറഞ്ഞു—

"ഈ പെണ്ണിനെ കല്യാണംകഴിക്കാൻ പററുകയില്ല. സാറു് വയസ്സായിപ്പോയി."

ശ്രീകുമാരി പറഞ്ഞു—

"സാറിനും ഇവളെ എപ്പോഴും കാണണമല്ലോ. എന്തൊക്കെ ആയിവരുമോ എന്തൊ?"

രാധാമണി പറഞ്ഞു—

"ഈ ചെല്ലുകന്തത്തിനെ അടികൊടുക്കാൻ തയ്യാറുള്ള ഒരുത്തൻ കല്യാണം കഴിക്കണം. എങ്കിലെ ചെല്ലം കുറയുകയുള്ളു."

ഞാൻ നിശബ്ദയായി അവരോടൊപ്പം നടന്നു.

ഞങ്ങൾ വീട്ടിലെത്തിചേന്നു.

അമ്മ ചോദിച്ചു

"മോളെ സദ്യഉണ്ടോ"

"ഉണ്ടു"

സാധാരണ എല്ലാം അഭിനയിച്ചുകാണിക്കാറുള്ള ഞാൻ ഒററവാചകത്തിൽ അമ്മക്കു മറുപടികൊടുത്തു.

ശങ്കരൻ ഓടിവന്നുപറഞ്ഞു— "സാറിൻെറ കിഴവി വന്നിരിക്കുന്നു" ഞങ്ങൾ ശങ്കരൻെ കിഴവിപദം കേട്ട് കൈകൊട്ടി ഉറക്കെ ചിരിച്ചു.

അമ്മ ചോദിച്ചു—

"എടാ നീ എന്നേയും കിഴവി എന്നാണൊ വിളിക്കുക."

ശങ്കരൻ ചിരിച്ചു

കുറേ കഴിഞ്ഞപ്പോൾ ആ സ്ത്രീയും വളർത്തുമകളുംകൂടി വീട്ടിൽവന്നു. അവർ പറഞ്ഞു—

"ഞങ്ങൾ പേപ്പറിൽ കണ്ടു. കേശവദേവ് ആശുപത്രിയിലാണന്നു്. എന്താണ് അസുഖമെന്നു മനസ്സിലായില്ല. അങ്ങനെ വന്നതാണ്."

ചേട്ടൻ വിശദമായി എല്ലാം പറഞ്ഞുകൊടുത്തു. അവർ രണ്ടുപേരും കുളിച്ച് ഊണുംകഴിഞ്ഞ് മെഡിക്കൽകോളേജിലേക്കു പുറപ്പെടുകയാണ്. ഞങ്ങളുടെ വീട്ടുമുററത്തുവന്നുനിന്നിട്ട് ആ വളർത്തുമകൾ വളർത്തുപുത്രിയോട് ചോദിച്ചു— "തല കെട്ടിയതു് പററിയോ."

ഇതൊക്കെകണ്ടു അത്ഭുതത്തോടെ ഞങ്ങൾ അമ്മയോടു പറഞ്ഞു

"അമ്മേ അവർ വന്നയുടൻ ആശുപത്രിയിൽഓടാതെ തലകെട്ടിൻെറ ഭംഗിനോക്കുന്നതുകണ്ടോ?"

അമ്മ ഞങ്ങളെ ദേഷ്യപ്പെട്ടു.

ഞാൻ ആലോചിച്ചു അദ്ദേഹംപറഞ്ഞ വാക്കുകൾ. "അവർ വന്നാൽ ഞാൻ മരിച്ചുപോകും."

മൂന്നുനാലുദിവസത്തിനകം ദേവ് ആശുപത്രിയിൽനിന്നും വീട്ടിൽവന്നു. കുറേദിവസം വിശ്രമം ആവശ്യമാണന്നു് ഡാക്ടർ പറഞ്ഞു. അദ്ദേഹം അവധി എടുത്തിരിക്കുയാണ്. ചേട്ടൻ മിക്കസമയവും അദ്ദേഹത്തിൻെറ വീട്ടിലായിരുന്നു.

അദ്ദേഹത്തെ കാണാനുള്ള തിടുക്കത്തിൽ ഞാൻ കഴിയുകയാണ്.

ദേവിൻെറ ഭാര്യയും വളർത്തുമകളും സ്ഥലംവിട്ടിരുന്നു. അദ്ദേഹം നിശബ്ദനാണ്.

ഞാൻ അമ്മയോടു പറഞ്ഞു—

"സാറിന് ഓപ്പറേഷൻ കഴിഞ്ഞുവന്നു. ഞാനൊന്നു പോകട്ടെ?"

"മൂന്നുപേരുമായി പോയി കാണുക"

ഞങ്ങൾ മൂന്നുപേരുമായി പോയികണ്ടു. അദ്ദേഹം ഞങ്ങളോടു പറഞ്ഞു—

"എൻെറ അസുഖമെല്ലാംമാറി. ക്ഷീണമുണ്ട്. അഞ്ചാറുദിവസംകൂടി വിശ്രമിക്കുകയാണ്. അതുകഴിഞ്ഞിട്ടേ റേഡിയോ സ്റ്റേഷനിൽ പോകുകയുള്ളു."

ഞങ്ങൾ കുറച്ചുസമയം നിന്നിട്ട് വീട്ടിലേയ്ക്കുപോയി.

വീട്ടിൽവന്ന് ഞാൻ പറഞ്ഞു

"കഷ്ടം. വല്ലാതിരിക്കുന്നു. ആരുമില്ല."

അമ്മ ചോദിച്ചു—

"സീതാലക്ഷ്മി എന്താ എപ്പോഴും ആലോചന."

അനുജത്തി പറഞ്ഞു—

"അവൾ കേശവദേവിനെപററി ആലോചിക്കുന്നു"

അമ്മ പറഞ്ഞു—

അദ്ദേഹം ഒററയ്ക്കുതാമസിക്കുയാണ്. ഒരു പെൺകുട്ടി ഒററയ്ക്കുപോകാൻ പാടില്ല പ്രായമായ ഒരാളാണ് കേശവദേവ്. ലോകം അതൊന്നും ഓർക്കുകയില്ല. നിൻെറ പോക്ക് നിറുത്തണം.

ഞാൻ പറഞ്ഞു—

"കേശവദേവിൻെറ വീട്ടിൽ സീത പോകും."

—o—

# നവരാത്രി ഭാരതി

"പാതിരാത്രികഴിഞ്ഞാണു ഭാര്യ വീട്ടിലെത്തിയതു്". അവൾ പതിവിൽ കൂടുതൽ മദ്യപിച്ചിരുന്നു. അഴിഞ്ഞുലഞ്ഞ മുടി. ചുവന്ന കണ്ണുകൾ. മാറിൽനിന്നു് ഒഴിഞ്ഞുമാറി, തോളത്തുനിന്നു പിടിവിട്ടു പോകുന്ന സാരി. ആകെ താറുമാറായ ശരീരം.

ഒരുമിച്ചു് അത്താഴം കഴിക്കാൻ വേണ്ടി ഉറക്കമിളച്ചു കാത്തിരുന്ന ഭർത്താവു്, ചാടിയെഴുന്നേററു. കാലുമടക്കി അയാൾക്കൊരു തൊഴികൊടുക്കുകയാണു ഭാര്യ ചെയ്തതു്. അയാൾ തറയിൽ വീണപ്പോൾ ഭാര്യ നെഞ്ചത്തു കയറിയിരുന്നു്, മുകൈചുരുട്ടി പത്തിടി പാസാക്കി. മററാന്നും പറയാതെ കിക്കേറിയിൽ കടന്നു്, അവൾ കതകടച്ചുകിടന്നു.

ഭർത്താവു പരാതിപറയാതെ കുറെനേരം കണ്ണീരൊഴുക്കി. അത്താഴം കഴിക്കാതെ വരാന്തയിൽ തണുത്ത തറയിൽ കിടന്നു. ഉറങ്ങിയും ഉണർന്നും കണ്ണീർ വാർത്തും രാത്രിയുടെ അന്ത്യയാമങ്ങൾ തള്ളിവിട്ടു.

രാവിലെ കാറുമെടുത്തു് ഭാര്യ എവിടെയോ പോയി. ഭർത്താവു് എഴുന്നേററിരുന്നു നെഞ്ചുതടവി ആശ്വസിച്ചു."

എന്തുകൊണ്ടന്നറിഞ്ഞില്ല തലേന്നു വായിച്ച കഥയുടെ അവസാനഭാഗം ശാസ്ത്രജ്ഞൻ ഓർമ്മിച്ചു ഈ സമയത്തു്.

ഇരട്ട മുണ്ടുടുത്തു ഉടുപ്പുധരിച്ചു പുറത്തു മഞ്ഞുണ്ടു്. വിയർക്കുന്നതു കണക്കിലെടുക്കാതെ ഒരു മഫ്ളർ തലയിൽ കെട്ടി. നടക്കാനിറങ്ങുമ്പോൾ സ്വന്തം നെഞ്ചുതടവി എന്നിട്ടു സ്വയം ചോദിച്ചു

ഇതൊരു സ്ത്രീയാണോ? ഇവളൊരു ഭാര്യയാണോ? ഇങ്ങനെ സംഭവിക്കുമോ?

ഒരു ഞെട്ടലോടുകൂടി അല്ലാ മുമ്പുനടന്ന സംഭവത്തിലേക്കു് ശാസ്ത്രജ്ഞന്റെ ചിന്ത പാഞ്ഞെത്തി. സ്വന്തം മകനാണതു ചെയ്തതു്. തന്നോടു്. അവന്റെ അച്ഛനോടു്. പെറ്റ ഭ്രാന്തു്. അല്ലാതെന്തു പറയാൻ? എങ്കിലും കുറെ കടുത്തുപോയി വിശ്വസിക്കാൻ വിഷമം തോന്നുന്നു.

സന്യാസിയുടെ വേഷം ധരിക്കുന്ന മകൻ എം.എ, ക്ളാസുവാങ്ങി ജയിച്ചവൻ. മുടിയും താടിയും നീട്ടി വളർത്തുന്നവൻ. പുരാണ പാരായണം നടത്തുന്നവൻ ദുഃഖിതൻ ശാന്തൻ. സൗമ്യൻ. രാത്രിയിൽ ഉറങ്ങാത്തവൻ. പെണ്ണുകെട്ടാത്തവൻ.

അവനിതു ചെയ്തു ഇങ്ങനെ സംഭവിക്കുമോ? തന്റെ മകനാണോ ഇവൻ? തലതിരിഞ്ഞ ലോകം!

ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ തനിക്കു ലോകത്തെ അറിയിക്കുവാനുള്ളതു് ഇത്രമാത്രമാണു്. ചുററും കാണുന്ന ഈ പ്രകൃതിയിൽ കുറെനിയമങ്ങളുണ്ടു് ഓരോ നിയമവും പ്രകൃതി കർശനമായി പാലിക്കുന്നുണ്ടു്. യാതൊരു മാററവുമില്ല.

മനുഷ്യൻ ഒരു വിചിത്ര ജീവിയാണു്. രണ്ടുകാലിൽ നടക്കുന്നവൻ. ഓരോ മനുഷ്യനും ഓരോ നിയമമാണു്. ഓരോ നീതിയാണു്. ഓരോ വഴിയാണു്. മനുഷ്യൻ പ്രകൃതിയെ അനുകരിച്ചാൽ ജീവിതം എത്ര ചിട്ടയുള്ളതാകും? മറിച്ചു പ്രകൃതി മനുഷ്യനെ അനുകരിച്ചാൽ എവിടെച്ചെന്നുനില്ക്കും കാര്യങ്ങൾ? ഭ്രാന്തു്.

എടാ മൂഢാ. നീയതു ചെയ്യല്ലാടാ. നിന്റെ അച്ഛൻ, സ്വപ്നത്തിൽപോലും വിചാരിച്ചു കാര്യമല്ല.

രാവിലെ കുറെ അധികം നടക്കണം. ഗ്രാമത്തിന്റെ അങ്ങേ അററം വരെ. പാലവും വയലും കടന്നു്. എങ്കിലേ മനസ്സിന്റെ സമനില വീണ്ടുകിട്ടൂ. നടക്കാം. ഭാര്യ ഉണർന്നിട്ടില്ല. സുഖമായി ഉറങ്ങിക്കൊള്ളട്ടെ.

ശാസ്ത്രജ്ഞൻ പടിയിറങ്ങി ഗേറ്റു തുറന്നു ചെമ്മണ്ണുനിറഞ്ഞ പാതയിൽക്കൂടി മുന്നോട്ടുനീങ്ങി. വെളിച്ചം വീണുകഴിഞ്ഞു ഡാക്കാമൽപോലെ ചുററും ഇളം മഞ്ഞുവിതറിക്കിടക്കുന്നു സൂര്യൻ ഒരുദിവസം ഉദിച്ചില്ലെങ്കിൽ ഈ ലോകത്തു് എന്തു സംഭവിക്കും?

മനസ്സിനു വല്ലാത്ത വിഭ്രാന്തി. തലയ്ക്കു വല്ലാത്ത പെരുപ്പു് രക്ത സമ്മർദ്ദമായിരിക്കുമോ? ഹേയ്. അതൊന്നുമല്ല. തലയ്ക്കടിയൊന്നും പററിയില്ലല്ലോ. ഇല്ല. ലോകത്തിന്റെ അങ്ങേ അററംവരെ നടക്കണം. എന്താണീ ചൂട്? ഇളം മഞ്ഞിനു ചൂടുണ്ടോ? ഹൃദയത്തിന്റെ ചൂടായിരിക്കുമോ വല്ലാതെ വിയർക്കുന്നു. വിയർപ്പു് കുളിച്ചുകഴിഞ്ഞു.

പാതയുടെ അരികിൽ നില്ക്കുന്ന കുപ്പായിൽ ദൃഷ്ടിപതിഞ്ഞു. അങ്ങനെയൊരു ദോഷമുണ്ടു ശാസ്ത്രജ്ഞനു്. ഏതു മരം കണ്ടാലും, ചെടികണ്ടാലും, അച്ഛം നിരീക്ഷണം നടത്തും. വേണ്ടിവന്നാൽ പരീക്ഷണം നടത്തും. ശാസ്ത്രജ്ഞനായതുകൊണ്ടാണു്. അറിവുവളരാൻ വേണ്ടിയാണു്. എങ്ങും പ്രകാശം പരന്നിരിക്കുന്നു.

## കഥ

## പി. സുബ്രഹ്മണ്യപിള്ള

മാവിൽ സൂക്ഷിച്ചുനോക്കിയപ്പോൾ ഞെട്ടിത്തെറിച്ചുപോയി ശാസ്ത്രജ്ഞൻ. സ്തംഭിച്ചുനിന്നു. എന്താണു താൻ മുന്നിൽ കാണുന്നതു്?

ചുരുൾ നിവരുന്ന വാഴക്കൂമ്പിൻെറ നിറത്തിൽ, തൂങ്ങിക്കിടക്കുന്ന മാന്തളിരുകൾ കൊണ്ടു വൃക്ഷം പൊതിഞ്ഞിരിക്കുന്നു. തളിർക്കുന്ന മാവു പൂക്കാറില്ല. പൂക്കാതെ കായ്ക്കുകയില്ല. ഇവിടെ തളിരുകളുടെ ഇടയ്ക്കു ധാരാളം മാമ്പുക്കൾ കുലയായി കിടക്കുന്നു. പല പ്രായത്തിൽ, കണ്ണിമാങ്ങയുണ്ടോ എന്നു ശ്രദ്ധിച്ചു ശാസ്ത്രജ്ഞൻ. അപ്പോഴാണു ഞെട്ടിത്തെറിച്ചുപോയതു്. മാവിൽ ചക്കയുടെ കളവീണിരിക്കുന്നു. തടിയിൽ ഏതാനും ഇടിച്ചക്കകൾ പററിപ്പിടിച്ചു കിടക്കുന്നു. കൂട്ടത്തിൽ ഒന്നുരണ്ടു വലിയ ചക്കകളും. കണ്ണടച്ചു തുടച്ചു വീണ്ടും വച്ചിട്ടു ശാസ്ത്രജ്ഞൻ സൂക്ഷിച്ചുനോക്കി. കണ്ണിനു തെററുപററിയിട്ടില്ല. സ്വപ്നമല്ല. മായയല്ല. ചെകിട്ടത്തു നുള്ളിനോക്കി. സ്വന്തം ചെകിട്ടത്തു്. സ്വന്തം കൈകൊണ്ടു്. വേദനഎടുക്കുന്നു അപ്പോൾ എല്ലാം സത്യം. പ്രകൃതിക്കു ഭ്രാന്തുപിടിക്കുമോ? അങ്ങനെ നിയമമില്ല. ഇല്ലെങ്കിൽ ഭ്രാന്തിനെന്തു നിയമം?

എന്തോ ആകട്ടെ. ശാസ്ത്രജ്ഞൻ വീണ്ടും നടന്നു. കൂടുതൽ വിയർക്കുന്നു.

ഏതാനും വാര അകലെ ഒരു പ്ളാവു നിന്നിരുന്നു. അമ്പരപ്പിച്ചു പ്ളാവു്. അടുത്തെത്തിയപ്പോൾ ശാസ്ത്രജ്ഞൻ വീണ്ടും നിരീക്ഷണം നടത്തി. അത്ഭുതംകൊണ്ടു വാ പിളർന്നുപോയി.

നീലം, സേലം, മൈസൂർ, കിളിച്ചുണ്ടൻ, സകരം എന്നിങ്ങനെ പ്ളാവിൽ പലതരം മാങ്ങകൾ കായ്ച്ചുകിടക്കുന്നു. ധാരാളം മാങ്ങകൾ. മാങ്ങകാരണം മരം പോലും ശരിയ്ക്കു കാണാൻ വയ്യ. ഇലയിലിരട്ടികാണും മാങ്ങകളുടെ എണ്ണം. സംശയിക്കാനില്ല. വൃക്ഷം പ്ളാവുതന്നെ.

പ്രകൃതി നിയമങ്ങൾ അവതാളത്തിലായ മട്ടാണല്ലോ. ഒരു ശാസ്ത്രജ്ഞന്നു് ഇതിൽ എന്തു ചെയ്യാൻ പററും?

മാങ്ങ പഴുക്കുമ്പോൾ തിന്നാം. വേറെ എന്തു ചെയ്യാൻ?

അപ്പോഴും രാവിലെയുണ്ടായ അനുഭവം ശാസ്ത്രജ്ഞൻ വീണ്ടും ഓർമ്മിച്ചു.

എടാ മൃഗമേ, നീയിതു ചെയ്തല്ലോടാ? നിൻെറ അച്ഛനോടു്.

ശാസ്ത്രജ്ഞൻ വേഗതകൂട്ടി നടന്നു. തുലയട്ടെ.

മാങ്ങയും ചക്കയും ലൂതർബർബാങ്കും മനസ്സിൽ കിടന്നു കളിയ്ക്കുന്നു. ഒരു വലിയ പ്രകൃതി ശാസ്ത്രജ്ഞനായിരുന്നു ലൂതർബർബാങ്കു്. അദ്ദേഹം നിരീക്ഷണവും പരീക്ഷണവും ഗവേഷണവും നടത്തിയതു ചെടികളിലായിരുന്നു. തേങ്ങയോളം വലിയ ഉരുളക്കിഴങ്ങുകൾ സൃഷ്ടിച്ചു. കള്ളിച്ചെടികളുടെ മുള്ളുകളഞ്ഞു്, തിന്നാനുള്ള പുതിയ സസ്യം സൃഷ്ടിച്ചു. ജെ സി ബോസ് ചെടികൾക്കു ജീവനുണ്ടെന്നും വേദനയുണ്ടെന്നും തെളിയിച്ചില്ലേ? ഒരു സംശയം. ചെടികൾക്കു മദ്യം നല്കിയാൽ എന്തുണ്ടാകും? ആടിയുലഞ്ഞു്, വേരുപറിഞ്ഞു്, മലന്നു വീഴുമായിരിക്കും പാടാൻ കഴിയുമോ ചെടികൾക്കു്? വയ്യല്ലോ. വയറേ ഉള്ളു. വായില്ല.

ശാസ്ത്രജ്ഞൻെറ കാലിൽ കട്ടാരമുള്ളു തറച്ചു. മുഖം ചുളിച്ചു്, കാലുയത്തി, അയാൾ മുള്ളെടുത്തു. അപ്പോഴാണു മറെറാരു സത്യം ശ്രദ്ധയിൽപെട്ടതു്. വഴിവക്കിൽ പടർന്നുകിന്നിരുന്ന പച്ചപ്പുല്ലുകളിൽ ധാരാളമായി കട്ടാരമുള്ളുകൾ വളർന്നുനില്ക്കുന്നു. ആയിരം സൂചിമുനകൾ. ഇക്കണക്കിനു് ഇനി മൈതാനത്തുകൂടി നടക്കുക സാദ്ധ്യമല്ല. ശാസ്ത്രജ്ഞൻ ഒഴിഞ്ഞുനടന്നു. വേഗത വീണ്ടും കൂടി. വിയർപ്പുകൂടി.

കുഴത്തിൽ ചുററിയിരുന്ന മഫ്ളർ വലിച്ചെടുത്തു തോളത്തിട്ടു ഇട്ടിരുന്ന ഉടുപ്പു് അഴിച്ചെടുത്തു തോളത്തിട്ടു. അടുത്ത പടി കൂടി ആലോചിച്ചതാണു്. ധൈര്യം വന്നില്ല. കാററിനു കട്ടിയുണ്ടെന്നു തോന്നുന്നു. ഇളം മഞ്ഞിനു ചൂടുണ്ടു്.

വേലിപ്പുരത്തിയിൽ ആമ്പൽപൂക്കൾ വിടർന്നുനില്ക്കുന്നു. എണ്ണമററ ആമ്പൽപൂക്കൾ. കുളമില്ല. വെള്ളമില്ല. ഇക്കണക്കിനു കടൽ കരയാകുമായിരിക്കും. കര, കടലാകുമായിരിക്കും. മകൻ അച്ഛനാകുമായിരിക്കും. മകനു് അച്ഛൻെറ അച്ഛനാകാൻ സാദ്ധ്യമല്ല, അതു മതി.

നിരീക്ഷണവും പരീക്ഷണവും കെട്ടിവച്ചിട്ടു് ശാസ്ത്രജ്ഞൻ തറയിൽ നോക്കിനടന്നു. തറയിൽ പലതരം പക്ഷികൾ, ആട്ടിൻപററത്തെപ്പോലെ നടന്നുനീങ്ങുന്നു. കാക്കയും കഴുകനും തത്തയും കുരുവിയും മിഠാവിനെപ്പോലെ തറയിൽ സഞ്ചരിക്കുന്നു. അവയുടെ ചിറകുകൾ വെറും ആഭരണങ്ങളായിരിക്കുന്നു. പക്ഷികൾക്കു പറക്കാൻ കഴിയുന്നില്ല ഇനി മൃഗങ്ങൾക്കു ചിറകു മുളയ്ക്കുമായിരിക്കും. കാളയും പോത്തും ആകാശത്തിൽ പറന്നു നടക്കുമായിരിക്കും. ആനയ്ക്കു ചിറകുമുളച്ചാൽ ജമ്പോ ജറാകും. കാണാൻ നല്ല രസമായിരിക്കും. വിമാനത്താവളങ്ങൾ മാററിപ്പണിയേണ്ടിവരും.

പാമ്പുകൾ പറന്നുതുടങ്ങിയാൽ പാതാളംസ്പർഗ്ഗമാകും ശ്രീപരമേശ്വരൻവലയും

നടന്നുനടന്നു് ഒരു തെങ്ങിൻതോപ്പിനടുത്തെത്തി, ശാസ്ത്രജ്ഞൻ. തെങ്ങു വെട്ടി കഠിനപ്പെടുക്കുകയാണു ജോലിക്കാർ. ചുവട്ടിൽനിന്നു്. റബ്ബർ മരത്തിൻെറ പാലാണല്ലോ തെങ്ങിൽനിന്നു ലഭിക്കുന്നതു്. തെങ്ങിൽനിന്നു റബ്ബറുണ്ടാകുന്നു. വിദേശനാണ്യം ധാരാളം ലഭിക്കും.

തെങ്ങിൻെറ മണ്ടയിൽ നോക്കി ശാസ്ത്രജ്ഞൻ. ഒന്നിലും തേങ്ങയില്ല. കരിക്കില്ല. വെള്ളമില്ല. കുമ്പിളില്ല. നാമ്പുമില്ല. എല്ലാം വാണിജ്യവിളയായിരിക്കുന്നു. ശാസ്ത്രജ്ഞൻ ചിരിക്കാൻ ശ്രമിച്ചപ്പോൾ കണ്ണുനിറഞ്ഞുപോയി. ഏതു ചിരിയും കരച്ചിലാണല്ലോ ഭൂതലത്തിൽ?

പാലത്തിനടുത്തെത്തിയപ്പോൾ വയലിലേക്കു നോക്കി ശാസ്ത്രജ്ഞൻ. വളർന്നുനില്ക്കുന്ന നെൽച്ചെടികൾ നിറഞ്ഞ വിശാലമായ പാടങ്ങൾ. ചെടികളിൽ കതിരു കാണാനില്ല. ഒന്നിൽപോലും. പകരം കരുമുളകിൻ തിരികളാണു്. നെല്ലിൽ കരുമുളക വിളഞ്ഞുനില്ക്കുന്നു. അത്ഭുതശരി. നെല്ലും വാണിജ്യവിളയായി മാററിയിരിക്കുന്നല്ലോ. വിദേശനാണ്യം ധാരാളം ലഭിക്കും.

വിശക്കുമ്പോൾ കരുമുളക സുലഭമായി ഭക്ഷിക്കണം. ഒരു രോഗവും ഉണ്ടാവുകയില്ല ഡാക്ടർ പറഞ്ഞിട്ടുണ്ടു്.

ഇളംവെയിൽ പരന്നുകഴിഞ്ഞു. വിയർപ്പുമാറി. ഇപ്പോൾ വല്ലാത്ത തണുപ്പു തോന്നുന്നു. വെയിൽ തട്ടുന്ന ഭാഗത്തെല്ലാം. ശാസ്ത്രജ്ഞൻ ഉടുപ്പു വീണ്ടും ധരിച്ചു. മഫ്ളർ വീണ്ടും കഴുത്തിൽ ചുററി. എന്നിട്ടും തണുപ്പു മാറുന്നില്ല. ഇക്കണക്കിനു വെയിൽ അല്പംകൂടി ഉറച്ചാൽ പെരുവഴിയിൽ മരവിച്ചുമരിച്ചുവീണു പോകും.

അയാൾ തിരിച്ചുനടന്നു. മകൻെറ കാര്യം വീണ്ടും ഓർമ്മയിൽവന്നു. എടാ മൃഗമേ. നീ എന്നോടിതു ചെയ്തല്ലോ.

ഇന്നും രാവിലെ പതിവുപോലെ ഉണർന്നു. എഴുന്നേററു. കിടക്കമുറിയിൽനിന്നു പുറത്തേക്കുള്ള കതകു തുറന്നു. വരാന്തയിലെ വിളക്കിൻെറ സ്വിച്ചിട്ടു. പാലൊളി വിതറുന്ന പ്രകാശധാര.

ഉടുവസ്ത്രം തോളത്തിട്ടു് നഗ്നയായ ഒരു യുവതി, മകൻെറ മുറിയിൽ നിന്നിറങ്ങിയോടുന്നതാണു കണ്ടതു്. ഗേററു കടന്നു് അവൾ ഇരുളിൽ മറഞ്ഞു.

കോപം സഹിക്കാതെ മകനെ വിളിച്ചു. അവൻ നിശ്ശബ്ദനായി പുറത്തേക്കുവന്നു. തൻെറ മുമ്പിൽ കൈകെട്ടിനിന്നു. ശാന്തനായി. ഗംഭീരനായി.

"ആരെടാ അപ്പോയ യുവതി?"

"വേണ്ടപ്പെട്ടതാ"

"എവിടെടാ ഉള്ളതാ?"

"തെരുവിലുള്ളതാ."

"എന്തിനവൾനിൻെറ മുറിയിൽവന്നു?"

"ഇണചേരാൻ."

"? ? ?" "! ! !"

മകനെ തല്ലനായി ആഞ്ഞടുത്തു. ആദ്യത്തെ അടി, അവൻ തട്ടിക്കളഞ്ഞു. രണ്ടാമത്തെ അടി സ്വന്തം നെഞ്ചിലാണു കൊണ്ടതു്. മകൻ തൻെറ നേക്കു കൈയോങ്ങിയപ്പോൾ, താൻ വിജയപൂർവ്വം പിൻവാങ്ങി. അവൻ മുറിയിലേക്കു തിരിച്ചു ചെന്നു് കതകടച്ചു.

എടാമൃഗമേ. നിനക്കിതുതോന്നിയല്ലോ.

വേഗത്തിൽ ഓടിയാൽ മനുഷ്യൻ കാററാകുമെന്നു തോന്നി ശാസ്ത്രജ്ഞനു്. അയാൾ അതിവേഗം ഓടിത്തുടങ്ങി. മതിലിൽ ഊക്കോടെ തലയടിച്ചപ്പോൾ വീണു. കരഞ്ഞോ? വിളിച്ചോ?

ഭാര്യ മൃദുവായി സ്പർശിച്ചു

"അല്ല. ഇന്നു രാവിലെ നടക്കാനിറങ്ങിയില്ലേ? ഇതു വല്ലാത്ത ഉറക്കമാണല്ലോ."

കണ്ണുതുറന്നു ചുററും നോക്കി.

"എടീ മോനുണർന്നില്ലേ? നിൻെറ മോൻ. (എൻെറയും)"

"ഇതെന്തു കൂത്തു്? അവൻ എട്ടു കഴിഞ്ഞല്ലേ ഉണരൂ"

"നീ ചെന്നു കതകു തുറന്നിട്ടുണ്ടോന്നു് നോക്കൂ."

"ഇതു ഭ്രാന്തുതന്നാ."

△△△

# വിശേഷാൽപതിപ്പുകളുടെ വിശേഷാൽപതിപ്പ്

## ദീപിക ഒരുക്കുന്ന ക്രിസ്തുമസ് നവവത്സര സമ്മാനം

# ദീപിക 90-ാം ജന്മദിന വിശേഷാൽപ്പതിപ്പ്

## ഡിസംബറിൽ പ്രസിദ്ധീകരിക്കുന്നു!

### ഉള്ളടക്കം

**ലേഖനം**

കെ. പി. കേശവമേനോൻ
ഡോ: കെ. എം. ജോർജ്ജ്
ഉറൂബ് (പി. സി. കുട്ടിക്കൃഷ്ണൻ)
എ. പി. ഉദയഭാനു
മലയാററൂർ രാമകൃഷ്ണൻ
ഇ. എം. ജെ. വെണ്ണിയൂർ
പ്രൊ: എ. പി. പി. നമ്പൂതിരി
ഡി. പി. ശ്രീധരൻ
പ്രൊ: കെ. എം. തരകൻ
ടി. എൻ. ഗോപിനാഥൻനായർ
തായാട്ട ശങ്കരൻ
ഡോ: എം. ലീലാവതി
ഡോ: സി. കെ. രേവമ്മ
ഡോ: നമ്പ്യാപറമ്പിൽ
കൊട്ടപ്പുന്ന
പി. കെ, ബാലകൃഷ്ണൻ
വി. ബി. സി. നായർ
സാമുവൽ ചന്ദനപ്പള്ളി.

**കവിത**

മഹാകവി ജി. ശങ്കരക്കുറുപ്പ്
പി. കുഞ്ഞിരാമൻനായർ
വൈലോപ്പള്ളി
എൻ. വി. കൃഷ്ണവാരിയർ
ഒ. എൻ. വി. കുറുപ്പ്
പാലാ
ചെമ്മനം ചാക്കോ
നാലാങ്കൽ
പുനലൂർ ബാലൻ
മേരി ബനീത്ത
ഏറ്റുമാനൂർ സോമദാസൻ
സി. ജെ. മണ്ണമ്പൂട്ട്
പ്രൊ: തൃക്കൊടിത്താനം ഗോപിനാഥൻനായർ

**കഥകൾ**

കേശവദേവ്
തകഴി
ബഷീർ
എസ്. കെ. പൊററക്കാട്
ലളിതാംബിക അന്തർജ്ജനം
മാധവിക്കുട്ടി
ജി. വിവേകാനന്ദൻ
പി. പത്മരാജൻ
പുനത്തിൽ കുഞ്ഞബ്ദുള്ള
വി. കെ. എൻ.
പെരുമ്പടവം ശ്രീധരൻ
തുളസി
മുട്ടത്തുവർക്കി
ടാററാപുരം സുകുമാരൻ
പി. സുബ്രഹ്മണ്യപ്പിള്ള
സുകുമാർ
ജോസഫ് മററം
സാറാതോമസ്
തേക്കിൻകാട്ട് ജോസഫ്
പി. ആർ. ശ്യാമള
സാറാജോസഫ്
ജെ. ലളിതാംബിക I. A. S.
വിതുര ബേബി
ആര്യാട് ഗോപി
ചെല്ലമ്മ ജോസഫ്
കടവിൽ ശശി
തോമസ് പാല
ടി. എസ്. പൊന്നമ്മ
കോട്ടയം പുഷ്പനാഥ്

**നോവൽ**

കാക്കനാടൻ എഴുതിയ
"അടർന്നുവീണടിയുന്ന നക്ഷത്രങ്ങൾ"

**നാടകം**

പ്രൊ: ജി. ശങ്കരപ്പിള്ള
എൻ. എൻ. പിള്ള
സി. എൽ. ജോസ്
പി. ആർ. ചന്ദ്രൻ
സേതുനാഥ്

**സമ്പൂർണ്ണ ഹാസ്യനാടകം**

വേളൂർ കൃഷ്ണൻകുട്ടി

**നാടക പഠനം**

സ്വാമി ബ്രഹ്മവ്രതൻ

**കാർട്ടൂണുകൾ**

യേശുദാസൻ
അരവിന്ദൻ
ബി. എം. ഗഫൂർ
ശങ്കരൻകുട്ടി
പി. കെ. മന്ത്രി
കെ. എസ്. രാജൻ

**സിനിമ**

ഹേമമാലിനി
സഞ്ജീവ്കുമാർ
മധു
പ്രേംനസീർ
ഷീല
ലക്ഷ്മി
അമോൽപലേക്കർ
ഷബാനാ ആസ്മി
കുമാർ ഷാനി
ജേക്കബ് ജോൺ

**സ്പോർട്സ്**

അജിത് വഡേക്കർ
രാമനാഥൻകൃഷ്ണൻ
റോൺ ഹെൻഡിറിക്സ്
ജോർജ് കെ. ജോർജ്
ടി. സി. യോഹന്നാൻ....

പഞ്ചവർണ്ണ മുഖചിത്രം

**വില 10 രൂപാ**

കോപ്പികൾ ദീപിക ഏജൻറുമാർ വിതരണംചെയ്യുന്നു. ഇന്നുതന്നെ നിങ്ങളുടെ കോപ്പികൾ ഉറപ്പുവരുത്തുക. നിങ്ങളുടെ സ്ഥലത്തു് ഏജൻസിയില്ലെങ്കിൽ നേരിട്ട് ഓർഡർചെയ്യുക.

ഒററപ്രതി തപാലിൽ:
ഇന്ത്യ 12 രൂപാ ഗൾഫ്രാജ്യങ്ങൾ 23 രൂപാ
അമേരിക്ക, യൂറോപ്പ്— 40 രൂപാ.

25-ൽ കൂടുതൽ കോപ്പികൾക്ക് മുൻകൂർ മുഴുവൻ പണവുമടയ്ക്കുന്നവർക്ക് 20 ശതമാനം കമ്മീഷൻ. ഓർഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 15. പരസ്യങ്ങൾ നവംബർ 15-ൻശേഷം സ്വീകരിക്കുന്നതല്ല.

മാനേജർ,
ദീപിക (നവതിപ്പതിപ്പ്)
പി. ബി. നമ്പർ-7
കോട്ടയം-1, കേരള.

# അവളെത്തേടി

(16-ൽ നിന്നു് തുടർച്ച

വഴിയിൽവച്ചു കാണുമ്പോൾ സലാം പറയുകയും ചിരിക്കുകയും ചെയ്യുന്ന ആ വൃദ്ധന്റെ വീടാണെന്നറിഞ്ഞുകൂടായിരുന്നു. അയാളെ കാണുന്ന നിമിഷങ്ങളെ വെറുത്തിരുന്നു. കാണാത്തമട്ടിൽ കടന്നുപോകാൻ ശ്രമിച്ചാലയാൾ സ്വരമുയർത്തും:

"സലാമൊണ്ടുസാറേ."

"ങ്ങാ സലാം."

ഒരു ദിവസം തീരെ അപ്രതീക്ഷിതമായി അയാൾ പറഞ്ഞു:

"ഇതാണെന്റെ വീട് സാറേ."

ആ വാക്കുകൾ തന്റെയുള്ളിലെ വെറുപ്പിന്റെ ചിതൽപ്പുററുകളിൽ വന്നുവീണു.

വൃദ്ധനെ നോക്കി. അയാൾ ബഹുമാനത്തോടെ ഒതുങ്ങി നില്ക്കുകയായിരുന്നു.

"സാറിനെപ്പോലെള്ള വല്യ ആളുകളൊന്നും പാവങ്ങളോടു മിണ്ടത്തില്ലായിരിക്കും."

നിലത്തു നോക്കിപ്പോയി.

"ഏയ് അങ്ങനൊന്നുമില്ല."

വിളറിയ ചിരിയോടെ.

"ഒണ്ടു സാറേ. ങ്ങാ സാറ്—"

നടന്നു. ഒരു പ്രതിസന്ധിയിൽനിന്നു മോചിപ്പിക്കാനെന്നവണ്ണമല്ലേ അയാൾ പറഞ്ഞതു്: ങ്ങാ സാറ്—

എന്തുകൊണ്ടാണു ചിലരെ കാണുമ്പോൾ വെറുതെയെങ്കിലും വെറുപ്പു തോന്നിപ്പോകുന്നതു്.

പിന്നെക്കണ്ടപ്പോൾ ചോദിച്ചു: "എന്തൊക്കെയാ കാർണോരേ.

"ഓ ഒരുവിധം കഴിയണുസാറേ."

ദിവസങ്ങൾ കഴിഞ്ഞപ്പോൾ മനസ്സിലായി. അയാൾക്കു തന്നെപ്പററി എല്ലാമറിയാം. ജോലി. വിദ്യാഭ്യാസയോഗ്യത. സ്ഥലം.

"സാറതിശയിക്കണ്ട. ഇതെന്റെ സ്വഭാവമാ. പുതിയതായിട്ടാരുവന്നാലും ഞാൻ തെരക്കും. ഒന്നിനും വേണ്ടിട്ടല്ല."

അയാളുടെ ചുണ്ടുകളിൽ അരപ്പുണ്ടാക്കുന്ന ആ ചിരിയുണ്ടായിരുന്നു.

അയാൾ സ്വന്തം കഥപറഞ്ഞു വീട്ട്. അമ്മയില്ലാത്ത മക്കൾ. ഏററവും മുത്ത ഹൈസ്ക്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി നില്ക്കുന്ന പെൺകുട്ടി.

അയാൾ കൂലിപ്പണിചെയ്തു. മൂത്തകുട്ടിയെ ഒരുവിധം പഠിപ്പിച്ചു. പെണ്ണായി അവൾമാത്രം ഇളയതു് പഠിക്കാൻ താല്പര്യമോ വേണ്ടത്ര ബുദ്ധിയോ ഇല്ലാത്ത ആൺകുട്ടികൾ.

ആ വീട്ടിൽ താൻ പലവട്ടം പോയതെന്തിനുവേണ്ടി? ഒരിക്കലും ആ പെൺകുട്ടി അയാളുള്ളപ്പോൾ മുൻവശത്തു വരുമായിരുന്നില്ല. എങ്കിലും അപ്പുറത്തു മറഞ്ഞുനിന്നു് തന്നെ ശ്രദ്ധിക്കുന്ന കണ്ണുകൾ താനൊരിക്കൽ കണ്ടെടുത്തു.

വഴിയിലെങ്ങാനുംവച്ചു കണ്ടാൽ താൻ ചിരിക്കുമായിരുന്നു. ചിരിച്ചു്, പെട്ടെന്നു തലകുനിച്ചു നടന്നകലുന്ന പെൺകുട്ടി.

വൃദ്ധൻ സഹായത്തിനാവശ്യപ്പെട്ടപ്പോഴൊന്നും താൻ നിരസിച്ചില്ല. കിഴവക്കോമാളി. മകളെക്കാണിച്ചു പണം പിടുങ്ങുകയല്ലേ? ചിലപ്പോൾ തോന്നി. എന്നാലുമാകട്ടെ. നഷ്ടം സംഭവിക്കാതിരുന്നാൽമതി. വെറുതെ കിട്ടുന്നതുപോലെ പറയത്തക്ക ജോലിയൊന്നും ചെയ്യാതെ കിട്ടുന്ന ഭാരിച്ച ശമ്പളം. അതു ചിലവാക്കാനൊരു മാർഗ്ഗം. ഒരിക്കലും സഹാനുഭൂതി തോന്നി ആർക്കുമൊന്നും കൊടുത്തതായി ഓർക്കുന്നില്ല.

അയാളില്ലെന്നറിഞ്ഞു് ആ വീട്ടിൽ ചെന്ന ദിവസത്തിനു സ്മൃതി.

"വേണ്ട സാറേ. പട്ടാപ്പകലിങ്ങനൊന്നും പാടില്ല."

"രാത്രിയാണെങ്കി പാടൊണ്ടോ?"

മൗനം.

"രാത്രി എന്റെ മുറിയുടെ വാതുക്കൽ വരണം. മുട്ടിയാമതി."

"ങ്ങേ?"

മറുപടിക്കു കാക്കാതെ താൻ നടന്നകലുഞ്ഞു.

തന്റെ നിലയറിഞ്ഞു്, തന്നെ കിട്ടുകയില്ലെന്ന ബോധമുള്ളപ്പോഴും അവൾ തന്നെ ആത്മാർത്ഥമായി സ്നേഹിക്കുകയായിരുന്നു. മുന്തിരിപ്പഴങ്ങളുടെ തൽക്കാല മാധുര്യം മാത്രം താൻകൊതിച്ചു.

വൃദ്ധൻ വെറുപ്പർഹിക്കുന്നവനാണെന്നു് പിന്നീടു മനസ്സിലായി. അവളുടെ വാക്കുകൾ പടത്തിയവള്ളികളിൽ തൂങ്ങിനിന്ന ആ ജീവിതത്തിന്റെ യഥാർത്ഥ ചിത്രം താൻ കണ്ടു, അഛന്റെ ദുഷ്ടതയിൽ ജീവാഹുതിനടത്തിയ അമ്മ. അമ്മയെപ്പോലെ നീയുമായിത്തീരുമെടീ. ദേഷ്യം മനസ്സിലുരസുമ്പോൾ ചിതറുന്ന തീപ്പൊരികൾ. ആ അഛനെ അവൾക്കു ഭയം. വെറുപ്പുമുണ്ട്. അഛനെന്നെയിഷ്ടമില്ല. എന്നിട്ടുമിത്രവരെ എന്നെ പഠിപ്പിച്ചതെന്തിനാണെന്നെനിക്കു മനസ്സിലാകുന്നില്ല. അവൾ പറഞ്ഞു.

താൻ വിശ്വസിച്ചു. ഒന്നൊഴിച്ചു് അഛനു കാര്യങ്ങളൊന്നുമറിഞ്ഞുകൂടെ നമ്മുടെ ബന്ധം. അവൾ പറഞ്ഞു അതുവെറുതെ ഒത്തുകളി. അയാൾ തന്റെനേരെ സഹായഹസ്തം നീട്ടുന്നതിനർത്ഥമില്ലാതെ രിക്കുമോ? ഒരുതരം വില്പന. എന്നിട്ടു നടിക്കുന്നു.

കുറെക്കഴിഞ്ഞു വ്യക്തമായി

അവൾപറഞ്ഞു:

"ഞാനൊരുകാര്യത്തിനു വന്നതാ. എന്നോടൊന്നും തോന്നല്ലേ. അഛൻ പറഞ്ഞിട്ടാ."

ആദ്യമായി പകൽ തന്റെ താമസസ്ഥലത്തെത്തിയ അവളെ തുറിച്ചു നോക്കിനില്ക്കാനേ കഴിഞ്ഞുള്ളു.

"എന്താ കാര്യം പ്രേമേ?"

"കുറെ ത്രുപാ സാറിനോടുചോദിക്കാനഛൻ—"

"ഓഹോ. എന്നോടു നേരിട്ടുചോദിക്കാതെയെന്താ നിന്നെക്കൊണ്ടു്—?"

"എന്തോ?"

തുകയുടെ വലിപ്പംകേട്ടപ്പോൾ മനസ്സിലായി. അയാൾക്കതുതുക തന്റെ കയ്യിൽനിന്നു നേരിട്ടാവശ്യപ്പെടാൻ മടി. കിട്ടുകയില്ലെന്നോർത്തിട്ടുതന്നെ. പ്രേമവരുമ്പോൾ കൊടുക്കാതിരിക്കുമോ?

അപ്പോൾ കയ്യിലില്ലാതിരുന്നതുകൊണ്ടു രണ്ടുദിവസംകഴിഞ്ഞു കൊടുത്തു. അയാളുടെ കയ്യിൽതന്നെ. ഒരു ജാളുതയും അയാളിൽ കണ്ടില്ല.

പിന്നീടു സങ്കോചത്തിന്റെ ചതുപ്പുനിലത്തിലൂടെയുള്ള യാത്രവേണ്ടെന്നായി. മുന്നിൽ തുറന്നുകിട്ടിയതു വിശാലമായൊരു വഴി.

തന്റെ മാററത്തെപ്പററി കേട്ടപ്പോൾ അവൾക്കു തേങ്ങിക്കരച്ചിൽ.

"സാറിനു തരാനൊള്ളതെല്ലാം ഞാൻ മടക്കിത്തരും സാറേ. സാറിന്റെ അഡ്രസ്സുതന്നേരു്."

കിഴവന്റെ മുഖഭാവത്തിനു ചേരാത്ത വാക്കുകൾ. താൻ ചിരിച്ചില്ലെന്നേയുള്ളു.

പ്രേമയെപ്പിരിഞ്ഞ വിഷാദത്തിന്റെ തണുപ്പിൽ പുതിയ ജോലിസ്ഥലത്തെ ദിവസങ്ങൾ അർദ്ധഗോളാകൃതിയുള്ള രണ്ടു പാത്രങ്ങളിലെ തേനിൽ പൊങ്ങിക്കിടക്കുന്ന രണ്ടു മുന്തിരിപ്പഴങ്ങൾ. പ്രേമ തനിക്കതായിരുന്നു. പക്ഷെ അതുമുമ്പ്. പിരിഞ്ഞുകഴിഞ്ഞപ്പോൾ അതിലുപരി മറെറന്തോ ഒന്നുകൂടി തന്നിലവൾ അവശേഷിപ്പിച്ചതുപോലെ.

ഉററ സുഹൃത്തായ ഗംഗനെ ഒഴിവാക്കി താനവളെ തേടിപ്പോകുന്നതെന്തുകൊണ്ടു്? എത്ര മാസങ്ങൾക്കുശേഷമാണവളെ കാണാൻപോകുന്നതു്. പെട്ടെന്നു തന്നെക്കാണുമ്പോഴവൾ—

എതിരെ ആ വൃദ്ധനല്ലേ. അയാൾ തന്നെ കണ്ടുകഴിഞ്ഞു. കാണാത്തഭാവത്തിൽ കടന്നുകളയാനുള്ള ശ്രമം. പണം താനാണു്. അതിന്റെ വൈഷമ്യം.

"ഏയ് കാർണോരെ."

കടന്നുപോകാൻ വിടാമോ?

"അല്ല സാറോ ഞാൻ കണ്ടില്ലെന്നേട്ടാ."

"ഓഹോ."

"എനിക്കു പണ്ടത്തെപ്പോലെ കണ്ണു പററണില്ല."

വൃദ്ധന്റെ മുഖത്തും കണ്ണുകളിലും സൂത്രഭാവം. നുണയല്ലാതെന്തു്?

"കാർണോരെങ്ങോട്ടാ?"

"ഒരാളെ കാണാനൊണ്ടാരുന്നു."

അയാൾപോയി ആളെക്കാണട്ടെ. ആ വീട്ടിൽ പ്രേമയുണ്ടല്ലോ. തനിക്കവളെ കണ്ടാൽമതി.

"ആളെപ്പിന്നെ കാണാം. സാറു വീട്ടിവരണില്ലേ?"

"തെരക്കൊണ്ടു് എന്നാലുംവരാം."

പെട്ടെന്നു പിടികൊടുത്തുകൂടാ. ഒരു നിസ്സാരയായ പെണ്ണിനെപ്പററി തനിക്കാകാംക്ഷയുണ്ടെന്നു വന്നുകൂടല്ലോ. ശല്യം. ഈ വയസ്സൻകൂടെവരുന്നു.

"സാറിന്റെ കാര്യ്—"

"ഓ ഞാനതൊന്നുമോർക്കാറില്ല."

അതു സാറിന്റെ നല്ലമനസ്സുകൊണ്ടു്. പക്ഷേ എനിക്കതുതന്നെയാ ചിന്ത."

ഓ ചിന്തിക്കുന്നൊരാൾ. എന്തും പറയാൻ മടിയില്ലെന്നുമാത്രം.

"ചേട്ടനോ?"

21-
10-
'77

വെ
ള്ളി
യാഴ്ച
മുതൽ

12കേ
ന്ദ്രങ്ങ
ളിൽ

ജനനി ഫിലിംസ്

# ജഗദ്ഗുരു ആദിശങ്കരൻ

ഈസ്റ്റ്മെൻ കളർ
സംവിധാനം
പി. ഭാസ്കരൻ


വൃദ്ധന്റെ ഏതോ പരിചയക്കാരൻ.

"എനിക്കല്ലം തെരക്കൊണ്ടു". പോട്ടെ സദാനന്ദാ."

"ഞാ പിന്നെ പ്രേമ ഇവിടൊണ്ടോ?"

"ങ്ങേ? ങ്ങാ ഒണ്ടു"."

"എന്നവന്നു?"

"നമ്മക്കപിന്നെക്കാണാം. ഞാൻപോട്ടെ സദാനന്ദാ. ഈ സാറിനെ—പാ സാറേ.

എന്താണു വൃദ്ധനിത്ര പരിഭ്രമം. അയാളുടെ മകളെവിടെപ്പോയി?

"പ്രേമ എവിടന്നുവന്ന കാര്യമാ അയാളു ചോദിച്ചതു"?"

"ഓ അതോ—പ്രേമ ഇവിടില്ല സാറേ."

"എവിടെപ്പോയി?"

"അവക്ക"—"

"പറ."

"ഒരുത്തൻവന്നു."

"ങ്ങേ കല്യാണംകഴിച്ചോ?"

"ഉം. എനിക്കൊട്ടിഷ്ടമില്ലാരുന്നു സാറേ. അവക്ക വല്യപിടിവാശി. അവസാനം—"

മുഖംകനിച്ചു മുന്നോട്ടുനീങ്ങുന്ന വൃദ്ധൻ തന്റെ അങ്കലാപ്പുകാണാതിരിക്കട്ടെ.

തന്നെ വിടാതിരിക്കാൻ ആവുന്നത്ര ശ്രമിച്ച ശംഗന്റെ വാക്കുകളുടെ തിളക്കം മനസ്സിൽ.

"ഞാനെന്നാപോട്ടെ കാർണോരെ."

"ങ്ങേ സാറു വീട്ടിലോട്ടുവരുന്നന്നു പറഞ്ഞിട്ടു"—"

"വേ റൊരിടത്തെത്തനിക്കത്യാവശ്യമായി പോകാനുണ്ടായിരുന്നു. അതിപ്പഴാ ഓർത്തതു"."

ആരെകാണാൻ താൻ വൃദ്ധന്റെ കൂടെ പോകണം? ശൂന്യമായ ആ വീട്ടിലേക്കു പോയിട്ടെന്തുകാര്യം?

മററന്തോകൂടി പറയാൻ തുടങ്ങുന്ന വൃദ്ധനെ ഗൗനിക്കാതെ തിരിച്ചുനടക്കുമ്പോൾ വളരെനേരമിനി റെയിൽവേസ്റ്റേഷനിൽ കത്തിയിരിക്കണമല്ലോ എന്ന ദുഃഖം. പ്രേമയുടെ കണ്ണുനീരിന്റെ നനവുള്ളിൽ പടർന്നു കയറുന്നതുമയാളറിഞ്ഞു.

## ഗ്രന്ഥനിരൂപണം

എം. ജി. കെ. നായർ

എന്തിനെഴുതുന്നു? എന്താണു" സാഹിത്യകാരന്റെ കടമ? എല്ലാവരും എപ്പോഴും ചോദിക്കാറുള്ള ചോദ്യങ്ങളാണിവ. കാക്കനാടൻ ഈ ചോദ്യങ്ങൾക്കു നല"കുന്ന ഉത്തരങ്ങൾ ശ്രദ്ധിക്കുക;

"രണ്ടു വിഭിന്ന സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള സംഘട്ടനത്തിൽ ഒരെഴുത്തുകാരൻ പങ്കാളിയായിക്കൊള്ളണമെന്നില്ല. അയാൾക്കു" രാഷ"ട്രീയവും ദാർശനികവുമായ അഭിപ്രായവും കാഴ"ചപ്പാടുകളും ഉണ്ടാവാം. അയാൾക്കു" ചേരികളുണ്ടാവാം. പക്ഷേ, മൗലികമായി അയാൾ എഴുത്തുകാരനാണു". എഴുത്തുകാരൻ മാത്രമാണു". അയാളുടെ കടമ എഴുതുക എന്നതാണു". എഴുതുന്നതിലൂടെ സ്വന്തം പ്രസക്തി തിരയുക എന്നതാണു". അയാളെ തളച്ചിടാൻ ഒരു ചങ്ങലക്കെട്ടുകൾക്കും സാദ്ധ്യമല്ല —

# കാക്കനാടന്റെ കല

തന്റെ മേലടിച്ചേല്പിക്കപ്പെട്ട ജീവിതമെന്ന ഈ യാദൃച്ഛിക സംഭവത്തിന്റെ രഹസ്യം കണ്ടെത്താൻ, ഈ പ്രഹേളികയുടെ കുരുക്കഴിക്കാൻ ബദ്ധപ്പെടുന്ന മനുഷ്യനെ ചിത്രീകരിക്കുന്ന എഴുത്തുകാരൻ തന്റെ രചനയിലൂടെ നിലനില്പിനു" ന്യായീകരണവും അർത്ഥവും അന്വേഷിക്കുകതന്നെയാണു ചെയ്യുന്നതു". വ്യക്തിയിലൂടെ സമൂഹത്തേയും സമൂഹത്തിലൂടെ വ്യക്തിയേയും അവയുടെ എല്ലാ വൈചിത്ര്യങ്ങളോടും കൂടി കണ്ടെത്താൻ ശ്രമിക്കുകയാണയാൾ. ഈ ശ്രമമാണെന്നു തോന്നുന്നു,

ഈ അന്വേഷണമാണെന്നു തോന്നുന്നു, സമകാലീനസാഹിത്യത്തിലെ ഉത്തമധാരകളുടെ മുഖമുദ്ര." *

കാക്കനാടന്റെ "പറങ്കിമല"യിലിരുന്ന് അദ്ദേഹത്തിന്റെ മുകളിൽപ്പറഞ്ഞ അഭിപ്രായങ്ങൾ എത്രമാത്രം ശരിയാണെന്നു ഞാൻ പരിശോധിച്ചു. മറുതകളും ഈനാമ്പേച്ചികളും കാവൽനില്ക്കുന്ന തുറുങ്കിനുള്ളിൽ ഭ്രാന്തുപിടിച്ച ഒരു ജയിൽപ്പുള്ളിയാണ് പറങ്കിമല. ആ ഭ്രാന്താലയം മനുഷ്യന്റെ സിരകൾക്കു ചൂട്ടു പിടിപ്പിക്കുന്നു. മനുഷ്യനെ ഉന്മത്തനാക്കിത്തീർക്കുന്നു. അവിടുത്തെ മനുഷ്യർ ജീവിക്കാൻ വിധിക്കപ്പെട്ടവരാണ്. സിസിഫസിനെപ്പോലെ ജീവിതഭാരം അവർ പേറുന്നു— എന്തിനെന്നറിയാതെ നിഷ്ഫലവും ആശാരഹിതവുമായ ഈ ജീവിതത്തേക്കാൾ നിന്ദ്യമായി മറ്റൊന്നുണ്ടോ? ജീവിതത്തിന്റെ അർത്ഥമന്വേഷിച്ച് അലഞ്ഞുതിരിഞ്ഞ പറങ്കിമലയിലെ ജീവികൾ ജീവിതം നിരർത്ഥകമാണെന്നു തെളിയിക്കുന്നു.

അപ്പുക്കുട്ടനും തങ്കമ്മയുമാണ് പറങ്കിമലയിലെ പ്രധാനജീവികൾ. കൗമാരം കഴിയാത്ത അപ്പുക്കുട്ടൻ യുവതിയായ തങ്കയിൽ തന്റെ ശക്തിദേവതയെ കണ്ടെത്തി. മുഷിഞ്ഞ, കീറത്തുണിയുടുത്ത തങ്ക. വിദ്യാഭ്യാസമില്ലാത്ത തങ്ക. അവൾ മുടിചീകിക്കെട്ടി. വാലിട്ടു കണ്ണെഴുതി. സിന്ദൂരപ്പൊട്ടുതൊട്ട അപ്പുക്കുട്ടന്റെ വീക്ഷണത്തിൽ തങ്ക മനുഷ്യസ്ത്രീയല്ല. ഒരു ദേവതയാണ്. അവളാണ് പറങ്കിമല അടക്കിവാഴുന്ന കുലദേവത. അവളുടെ അംശങ്ങളാണ് പറങ്കിമലയിലുള്ളതെല്ലാം. അപ്പുക്കുട്ടനും അവളുടെ ഒരംശം മാത്രം. തങ്കയെ വേർപെട്ട ഒരു ജീവിതം അപ്പുക്കുട്ടനില്ല. എന്നിട്ടും അതു സംഭവിച്ചു. തങ്ക അപ്പുക്കുട്ടനെ ഉപേക്ഷിച്ച് ചുടലമുത്തുവിനോടൊപ്പം പാണ്ടിയിലേക്ക് ഒളിച്ചോടി. ആ ആഘാതം അപ്പുവിനെ തളർത്തി. അപ്പുക്കുട്ടന്റെ ജീവൻ ചുടലമുത്തു കട്ടുകൊണ്ടുപോയി.

എന്നാൽ തങ്ക പറങ്കിമലയിൽ നിന്നും ഓടിപ്പോയതു് അവൾക്ക് അപ്പുവിനോടു സ്നേഹമില്ലാഞ്ഞിട്ടല്ല. അവൾക്ക് അപ്പുക്കുട്ടനോടു വലിയ സ്നേഹമാണ്. ലോകത്തു് ആരോടും അവൾക്കത്രയും സ്നേഹമില്ല. എന്നാൽ അവരുടെ സ്നേഹം അപകടമാണെന്ന് അവൾ കണ്ടു. അപ്പുക്കുട്ടനതറിയില്ല. ചിത്തയായ ഈ ലോകം അവരുടെ സ്നേഹം അംഗീകരിച്ചുകൊടുക്കുകയില്ല. തങ്ക വഷളാണെന്നും അപ്പുക്കുട്ടനെ അവൾ വഷളാക്കിയെന്നും ആളുകൾ പറയും. തങ്കയ്ക്ക് ഇതിലൊന്നും പേടിയില്ലെങ്കിലും അപ്പുക്കുട്ടനു് അതു മോശമാണ്. ധനസ്ഥിതിയും ജാതിയും പ്രായവും ഒക്കെ സ്നേഹത്തിന്റെ മുമ്പിൽ ലോകം കെട്ടിയുണ്ടാക്കിയ മറകളാണ്. ആ മറകൾ തല്ലിപ്പൊളിക്കാനുള്ള ശക്തി തങ്കയ്ക്കോ അപ്പുക്കുട്ടനോ ഇല്ല.

തങ്കയ്ക്കു പറങ്കിമലയിൽ ജീവിക്കാൻ പററില്ല. ജീവിക്കണമെങ്കിൽ അവൾ വഷളാവണം. പലരുടേയും ഇഷ്ടത്തിനു വഴങ്ങണം. ജീവിതം വ്യർത്ഥവും അർത്ഥമില്ലാത്തതും നീചവുമാണെന്നു് തോന്നത്തക്കവിധം ആളുകൾ അവളോടു് പെരുമാറി. അതിനാൽ അവൾ ആത്മഹത്യയ്ക്കു ശ്രമിച്ചു.

അപ്പുക്കുട്ടൻ തങ്കയോടു ചോദിച്ചു!

"കാഞ്ഞിരത്തലെ ഇടിച്ചുപിഴിഞ്ഞു് കുടിച്ചതെന്തിനാ?"

"വെറുതെ" ഒററവാക്കിൽ മറുപടി.

"തന്നെത്താൻ ചാകാനല്ലേ?"

"അതേ."

"ചാകണമെന്നു തോന്നിയതെന്താ?"

"വെറുതെ."

എന്നാൽ തങ്ക ആത്മഹത്യയ്ക്കു ശ്രമിച്ചതു് വെറുതെയായിരുന്നില്ല. കൊള്ളാവുന്നവരെന്നു കരുതിയ പലരും അവളെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചു. ഏതപകടത്തിലും അവളെ രക്ഷിക്കാൻ ചുമതലപ്പെട്ടവർ അവളെ ആക്രമിക്കാൻ ചെന്നവരെ സഹായിച്ചു. അങ്ങിനെ സഹികെട്ടപ്പോഴാണ് അവൾ ചാകാൻ ശ്രമിച്ചതു് ആത്മഹത്യയെപ്പററി തങ്കയ്ക്കു വ്യക്തമായ ധാരണകളുണ്ട്. നോക്കുക!—

"ജീവിക്കേണ്ട കാര്യമൊന്നും എനിക്കില്ല. ജീവിതത്തിനു പറയത്തക്ക അർത്ഥമൊന്നുമില്ലെന്നു മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ ജീവിക്കരുതു്. ജീവിക്കുന്നതു വിഡ്ഢിത്തമാണ്. ഉടനെ ആത്മഹത്യചെയ്യുകളയണം. ഭീരുക്കളാണ് ഓരോ കാര്യംപറഞ്ഞു് ആത്മഹത്യചെയ്യാതിരിക്കുന്നതു്. ചങ്കൂററമുള്ളവർക്കേ ആത്മഹത്യ ചെയ്യാൻ പററൂ— ജീവിതത്തിനർത്ഥമുണ്ടെന്നു തെററിദ്ധരിച്ചു് ഇത്രനാൾ നടന്നു. അർത്ഥവുമില്ലെന്നു ബോദ്ധ്യമായി. ഒന്നിനും അർത്ഥവുമില്ല ഒന്നിനും വിലയില്ല... ഇനി എനിക്കു മരിക്കാം." [പുറം 307]

തങ്കമ്മയിലൂടെ ജീവിതത്തിന്റെ അർത്ഥമന്വേഷിച്ചു് ആത്മഹത്യയുടെ തത്വശാസ്ത്രം ഉൽഘോഷിക്കുന്നതു് കാക്കനാടൻ തന്നെയാണ്. ഈ നൂററാണ്ടിലെ ഏററവും വലിയ താത്വികപ്രശ്നം (philosophical problem) ആത്മഹത്യയാണെന്നു് കമ്യൂവും പറഞ്ഞിട്ടുണ്ട്. ജീവിതം ജീവിച്ചു തീർക്കേണ്ടതോ അല്ലയോ എന്നുള്ളതിനുത്തരം കണ്ടുപിടിക്കുന്നതിനു്— അഥവാ ജീവിതത്തിന്റെ അർത്ഥം കണ്ടുപിടിക്കുന്നതിനു്— എല്ലാ തത്വചിന്തകരും സാഹിത്യകാരന്മാരും ശ്രമിക്കുന്നു. കമ്യൂ പറയുന്നതു് വ്യാമോഹങ്ങളും വെളിച്ചങ്ങളും (illusions and lights) അപഹരിക്കപ്പെട്ട ഒരു ലോകത്തു് താനൊരു അന്യനാണെന്നു് മനുഷ്യനനുഭവപ്പെടുന്നുവെന്നാണ്. അവന്റെ ഈ അന്യഥാത്വത്തിനു് യാതൊരു പരിഹാരവുമില്ല; ഈ തടവിൽ നിന്നും അവനു മോചനവുമില്ല. കാരണം, ഒരു നഷ്ട ഗൃഹത്തെപ്പററിയുള്ള ഓർമ്മകളോ ഒരു വാഗ്ദത്തഭൂമിയെക്കുറിച്ചുള്ള മോഹങ്ങളോ അവനു നിഷേധിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനും അവന്റെ ജീവിതവും തമ്മിലുള്ള പൊരുത്തക്കേടാണ് നിരർത്ഥകതയ്ക്കു് (absurdity) അടിസ്ഥാനമെന്നു കമ്യൂ വാദിക്കുന്നു. അതിനാൽ ആത്മഹത്യയെപ്പററി ചിന്തിക്കുന്നവരുടെ വികാരങ്ങളും മരണാഭിലാഷവും തമ്മിൽ അഭേദ്യമായ ബന്ധംതന്നെയുണ്ട്.

കാക്കനാടൻ തങ്കമ്മയെന്ന കഥാപാത്രത്തിന്റെ സ്വഭാവത്രുപവൽക്കരണത്തിലൂടെ ഈയൊരു താത്വികപ്രശ്നത്തെ അഭ്രഗ്രഥിക്കുകയാണു ചെയ്തിരിക്കുന്നതു്. അപ്പുക്കുട്ടൻ ഈ പ്രശ്നത്തിന്റെ വ്യാഖ്യാതാവുമാത്രമാണ്. ആത്മഹത്യയെന്ന പരമലക്ഷ്യത്തെ സാക്ഷാൽക്കരിക്കാൻ അയാൾക്കു കഴിയുന്നില്ല. ജീവിതത്തിന്റെ അർത്ഥശൂന്യത അയാൾക്കു ബോദ്ധ്യപ്പെടുന്നുണ്ട്. തങ്കമ്മയുമായുള്ള പുനഃസമാഗമത്തിനുശേഷം അയാൾ ചിന്തിക്കുന്നു:

"ഞാൻ പരദേശിയാണ്, അപരിചിതനാണ്. അന്യനാണ്. വെറുമൊരു സങ്കല്പമാണു ഞാൻ. സൂര്യനിലെ പ്രകാശമായി ഞാൻ വന്നു. പൂക്കളുടെ ഗന്ധമായി വന്നു. മേഘങ്ങളുടെ ഗർജ്ജനമായി വന്നു. കിളികളുടെ രാഗമായി, പ്രകൃതിയുടെ വർണ്ണമായി, പ്രഭാതത്തിലെ ഹിമബിന്ദുവായി ഞാൻ വന്നു. അങ്ങനെതന്നെ മടങ്ങിപ്പോവുകയും ചെയ്യും."

ജീവിതത്തെപ്പററി ഇത്തരമൊരു വെളിപാടുണ്ടായതിനുശേഷവും അപ്പുക്കുട്ടനു് ആത്മഹത്യയെപ്പററി ചിന്തിക്കാൻ കഴി

(ശേഷം 63-ൽ)

* ജനയുഗം വാരിക, റിപ്പബ്ലിക് സ്പെഷ്യൽ 1977, പുറം 49, 50.

കേരള
ദിനേശ് ബീഡി
കണ്ണൂർ

# വയലാർ അവാർഡ് ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷിയ്ക്ക്

**ജ്ഞാ**നപീഠം കഴിഞ്ഞാൽ ഭാരതത്തിലെ ഏററവും വലിയ അവാർഡാണ് വയലാർ അവാർഡ്. അനശ്വരനായ വയലാർ രാമവർമ്മയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ഈ സാഹിത്യ അവാർഡ് ആദ്യമായി ലഭിക്കുന്നത് പ്രശസ്ത സാഹിത്യകാരിയായ ലളിതാംബിക അന്തർജ്ജനത്തിന്റെ "അഗ്നിസാക്ഷി"യ്ക്കാണ്. 25000 രൂപയാണ് സമ്മാനമായി നൽകുക കൂടാതെ കാനായി കുഞ്ഞിരാമൻ ഡിസൈൻചെയ്തിട്ടുള്ള പിച്ചളയിലുള്ള ഒരു സ്മരണികയും നൽകും.

വയലാർ രാമവർമ്മ ട്രസ്റ്റിന്റെ ചെയർമാനായ മുൻമുഖ്യമന്ത്രി അച്യുതമേനോനാണ് ഒക്ടോബർ 18-ന് അവാർഡ് പ്രഖ്യാപനം ചെയ്തത്. ജഡ്ജിംഗ് കമ്മിററി അംഗങ്ങളായ സുകുമാർ അഴീക്കോട്, കൈനിക്കര കുമാരപിള്ള, ജി. കുമാരപിള്ള എന്നിവരും എം. കെ. കുമാരൻ, പ്രതോപ്പിൽ ഭാസി, എസ്. കെ. നായർ എന്നിവരും ഇതുസംബന്ധിച്ച പത്രസമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

വയലാറിന്റെ രണ്ടാം ചരമവാർഷിക ദിനമായ ഒക്ടോബർ 27-ന് സെനററ ഹാളിൽ നടക്കുന്ന ചടങ്ങിൽവച്ച് ട്രസ്റ്റ് ചെയർമാൻ അച്യുതമേനോൻ അവാർഡ് സമ്മാനിക്കും. പ്രസിദ്ധ പിന്നണി ഗായകരായ യേശുദാസും മാധുരിയും ചേർന്ന് അന്ന് "വയലാർ ഗാനമേള" അവതരിപ്പിക്കും.

ലളിതാംബിക അന്തർജ്ജനത്തിന്റെ ഏക നോവലായ "അഗ്നിസാക്ഷി"ക്ക് ഈയിടെയാണ് കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചത്. 1976 ഡിസംബറിനു മുമ്പുള്ള തുടർച്ചയായ അഞ്ചുവർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധപ്പെടുത്തിയ മലയാളഭാഷയിലെ മൗലികകൃതികളിൽ നിന്നാണ് അവാർഡിനർഹമായ ഗ്രന്ഥം തെരഞ്ഞെടുത്തതെന്ന് അച്യുതമേനോൻ വിശദീകരിച്ചു.

ഇതിന് ആദ്യമായി വിവിധ തുറകളിൽ പ്രശസ്തരായ 251 ആളുകളോട് അവരുടെ അഭിപ്രായത്തിൽ പ്രസക്ത കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഏററവും നല്ല മൂന്നു മൗലിക കൃതികളുടെ പേരുകൾ നിർദ്ദേശിക്കാൻ അഭ്യർത്ഥിച്ചു.

നൂറോളം ആളുകൾ മറുപടി നൽകി. 85 പേർ മൂന്നു കൃതികൾ വീതം നിർദ്ദേശിച്ചു. ഇവയിൽനിന്ന് ഏററവും കൂടുതൽ അഭിപ്രായം ലഭിച്ച അഞ്ചു കൃതികൾ തെരഞ്ഞെടുത്ത് ഇരുപതുപേരുടെ പരിശോധനയ്ക്കായി അയച്ചു.

അവർ മൂന്നു കൃതികൾവീതം മുൻഗണനാക്രമത്തിൽ അയച്ചുതരണമെന്നാണാവശ്യപ്പെട്ടിരുന്നത്. അതിൽ 18 പേർ മൂന്നു കൃതികൾവീതം നിർദ്ദേശിച്ചു. അതിൽനിന്നാണ് ജഡ്ജിംഗ് കമ്മിററി അഗ്നിസാക്ഷി തെരഞ്ഞെടുത്തത്.

വയലാർ സ്മാരകനിധിയിൽ നിന്ന് ഈ അവാർഡിനായി പ്രത്യേകം നിക്ഷേപിച്ചിട്ടുള്ള 2,45,000 രൂപയുടെ പലിശ കൊണ്ടാണ് 25,000 രൂപ സമ്മാനമായി നൽകുന്നത്.

മറക്കുടകളിലെ മഹാനഗരമെന്ന് വിശേഷിപ്പിക്കപ്പെട്ട അന്തഃപുരജീവിതത്തിന്റെ അന്ധകാരത്തിൽനിന്ന് പൊട്ടുന്നനെ പൊട്ടിക്കിളിർത്ത് ഒടുവിൽ ഒരു ജ്വാലയായിമാറിയ ലളിതാംബിക അന്തർജ്ജനം, മലയാളസാഹിത്യത്തിനു നൽകിയ സേവനം ചെറുതല്ല. ആ സേവനത്തിനുള്ള അർഹിക്കുന്ന ബഹുമതിതന്നെയാണ് അഗ്നിസാക്ഷിയിലൂടെ മലയാളത്തിലെ ഈ അമ്മ നേടിയെടുത്തിരിക്കുന്നത്.

മലയാളത്തിലെ കവികളുടേയും കഥാകൃത്തുകളുടേയും നിരയിൽ ഏററവും മുന്നിൽ തലയുയർത്തി വിനയാന്വിതയായി നിൽക്കുന്ന ലളിതാംബികഅന്തർജ്ജനം 1909 മാർച്ച് 30-നാണ് ജനിച്ചത് കൊട്ടാരക്കരത്താലൂക്കിൽ കോട്ടവട്ടത്തിട്ടത്തിൽ കെ. ദാമോദരൻപോററിയാണ് പിതാവ്. മാതാവ് നങ്ങയ്യാഅന്തർജ്ജനം. 1927-ലാണ് വിവാഹിതയായത്. രാമപുരത്ത് അരമനഇല്ലത്തെ ശ്രീ. നാരായണൻ നമ്പൂതിരിയാണ് ഭർത്താവ്. സാഹിത്യരചനയിൽഅന്തർജ്ജനത്തിന് വലിയ പ്രോത്സാഹനം നൽകുന്ന ഒരാളാണ് ശ്രീ. നമ്പൂതിരി. ഏഴു മക്കൾ. വാഷിംഗ്ടനിൽ ഇൻഡ്യാഗവൺമെന്റിന്റെ വിദേശവകുപ്പിൽ ഉദ്യോഗസ്ഥനായ ഭാസ്കരകുമാർ മൂത്തമകൻ. എന്റെ കഥ നിന്റെ"യുമെഴുതി മലയാള കഥാസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠനേടിയ എൻ. മോഹൻ രണ്ടാമത്തെ മകൻ. കേരളത്തിലെ കൾച്ചറൽ ഡവലപ്പ്മെന്റ് ആഫീസർ. ഇളയ മകൻ രാജൻ ഐ. പി. എസ്. അഗർത്തല (ത്രിപുര)യിലെ D.S P.-യാണ്. ലീല, ശാന്ത, രാജം, മണി എന്നിവരും വിവാഹിതരാണ്. △

# BLUE TRO NIX

College of Engineering

**THE ONLY ONE OF ITS KIND WHICH GIVES THE MAXIMUM PRACTICAL TRAINING TO MASTER THE FOLLOWING ENGINEERING COURSES:–**

AIR CONDITIONING & REFRIGERATION, FITTER, MOTOR DRIVING, AUTOMOBILE ENGG:, DRIVING, WELDING TECHNOLOGY, MACHINIST, ELECTRICIAN, WIREMAN'S COURSE, PHOTOGRAPHY, TURNER, RADIO, TELIVISION ENGG:, OVERSEERS COURSE, MOTOR MECHANIC CUM DRIVER, PLUMBING COURSE, ELECTRONIC ENGG:, CIVIL ENGG., BUILDING TECHNOLOGY. ETC. ETC.

WE HAVE PRIDE AND PLEASURE TO ANNOUNCE THAT OUR BOYS ARE ESTABLISHING WORKSHOPS OF THEIR OWN AND BUILDING UP THEIR PROSPECTIVE FUTURE ABROAD. (DUBAI, ABUDHABI, MUSCUT, KUWAIT, IRAN, GERMANY, U.S.A., SOUDIARABIA, BAHRAIN, AJAMAN, SHARJAH, ETC.)

WE ASSURE YOU THAT WE WILL CHANGE YOUR PERSONALITY ALTOGETHER.

FOR CONFORMATION CONTACT OUR STUDENTS

THEY WILL SPEAK FOR BLUE TRO NIX

"BLUE TRO NIX'S INTENTION IS TO MAKE YOU A JOB GIVER THAN TO MAKE YOU A JOB HUNTER."

"Where ever you go tell, that you are a Bluetro nix product and feel the change of gravity in your personality. That is what we do for each and every one who joins with Blue tro nix"

## BLUE TRO NIX THE TALK OF THE TOWN

PRINCIPAL,
**M. S. Prakash Paniker**

BLUE TRO NIX, E. S. I. ROAD, PALLURUTHY,
NEAR SYRIAN CHURCH, COCHIN-628 006. S.INDIA.
Phone: 26926

Sreechakram, CHN-6/101/77


## എത്രയെത്ര സിദ്ധാർത്ഥൻമാരെ നാം മറന്നുകളയുന്നു.

"ധർമ്മപുരാണം" പൊളിററിക്കൽ സററയറെന്ന നിലയിൽ വളരെ ഏറെ അഭിനന്ദനമർഹിക്കുന്നു. പുതിയ മേച്ചിൽപ്പുറങ്ങളന്വേഷിക്കുന്ന എഴുത്തുകാരുടെ തൂലികകൾ എത്രയെത്ര സിദ്ധാർത്ഥന്മാരെ, എത്രയെത്ര രാഷ്ട്രപതിമാരെ മറന്നുകളയുന്നു. നമ്മുടെ സമൂഹത്തിലെ അനേകം വൃത്തികേടുകൾ വിജയൻ സാറിന് നിശിതമായി നിഷ്കളങ്കമായി വിമർശിക്കാനാവുന്നുണ്ട്. എൻെറ അനുമോദനങ്ങൾ! ഒന്നുമാത്രം— തീർത്ഥം നാട്ടിൻപുറങ്ങളിൽ മൂന്നാംകിടക്കാരോ നാലാംകിടക്കാരോ മാത്രം ഉപയോഗിച്ചേക്കാവുന്ന! "ഓക്കാനം വരുത്തുന്ന" ചില പദങ്ങൾ മനഃപൂർവ്വമെങ്കിലും ഒന്നൊഴിവാക്കാമായിരുന്നു.ഖസാക്കിൻെറ ഇതിഹാസം രചിച്ച ഒ. വി. വിജയൻെറ തൊപ്പിയിൽ ധർമ്മപുരാണത്തിൻെറ ഒരു തൂവൽകൂടി!

താങ്കൾക്കും മലയാളനാടിനും ഭാവുകങ്ങൾ നേരുന്നു!

കെ. ജെ. ഹേമകുമാരി,
കുറിച്ചിത്താനം

## വിപ്ളവം ഭാഷയിലാണെങ്കിൽ

വി. ബി. സി.

വാക്കുകൾ നോവുകളാവുന്നു. ദർശനം വല്ലാത്തൊരു ഭാരവും! രാഷ്ട്രവ്യവഹാരത്തിൻെറ പുത്തൻ ഭാഷ്യം നിറഞ്ഞ ഉള്ളോടെ വായിക്കുന്നു. പിന്നെ സാഹിത്യത്തിലെ വിപ്ളാവനേഷികളോട്; എഴുത്തുകാരൻ വിപ്ളവം വരുത്തേണ്ടതു് ഭാഷയിലാണെങ്കിൽ ഇതാ വിജയൻ സങ്കല്പങ്ങളെ തിരുത്തിയിരിക്കുന്നു.

ശ്രീകുമാർ എം.

## കാത്തിരിക്കുന്നു

ധർമ്മപുരാണത്തിൻെറ മൂന്നദ്ധ്യായങ്ങൾ വായിച്ചു. വായിക്കാൻ അറപ്പും— വെറുപ്പും ഉളവാക്കുന്ന ധർമ്മപുരാണം— അസാധാരണമായ ഒരനുഭൂതിതന്നെ. ബാക്കി ഭാഗങ്ങൾക്ക് സ്വസ്ഥത നഷ്ടപ്പെട്ട മനസ്സുകളോടെ കാത്തിരിക്കുന്നു.

ആസാദ് യു. ടി. മസ്ജിദ്.

## എൻെറ പ്രതീക്ഷ

"ധർമ്മപുരാണം" ആറദ്ധ്യായങ്ങൾ മാത്രമേ വായിച്ചുള്ളു എങ്കിലും വിജയൻ ആമുഖമായി പറഞ്ഞ ഒരു കാര്യത്തോട് എനിക്ക് വിയോജിപ്പുണ്ട്. അദ്ദേഹം പറഞ്ഞു നമ്മുടെ കുട്ടികൾ ഇതു വായിക്കരുതെന്നു. എനിക്കു തോന്നുന്നതു് നമ്മുടെ കുട്ടികളാണ് ഇതു വായിക്കേണ്ടതെന്നു്.

അവരതു വായിക്കട്ടെ. അവരുടെ മനസ്സുകളിൽ മുറിവുകൾ വീഴട്ടെ. ആ മുറിവുകൾ പഴുക്കട്ടെ. അവിടെ സമരം നടക്കട്ടെ. തീട്ടം തീനികളുടെ "സംസ്കാരവും" അവരുടെ ചിന്താശക്തിയും തമ്മിൽ.

പിന്നെ മുറിവുകൾ കരിയും. വടുക്കൾ വീണ ആ ഇളം മനസ്സുകൾക്ക് ഒരു പുതിയ ശക്തിയുണ്ടാകും. വിശുദ്ധിയുടെ ശക്തി. ആ ശക്തിയിലാണ് എൻെറ പ്രതീക്ഷ.

സന്തോഷ് ബാബു, ഇരിഞ്ഞാലക്കുട

## കാര്യമാക്കാനില്ല

പലരുടെയും മുഖം ചുളിയുന്നതു ഞങ്ങൾ കാണുന്നു. ഇളിഞ്ഞ ചിരിയും വലിഞ്ഞ മാംസപേശികളും പുളിച്ച ചിരിയും ഉള്ള ഈ മുഖങ്ങൾ എതിർപ്പിൻേറതല്ല. (അതിന്നവർ അശക്തരാണ്) അവഹേളിക്കപ്പെടുന്നവൻെറ മുഖത്തെ ഈ വൈകൃതബ്യം ഞാനിഷ്ടപ്പെടുന്നു.

ധർമ്മപുരി ദിഗന്ധങ്ങളിൽ മുഴങ്ങട്ടെ. ചളിയിൽ തല്ലുന്ന ഈ പണി കുറെ സ്വന്തം മുഖത്തും തെറിക്കും കാര്യമാക്കാനില്ല

ധർമ്മപുരിയുടെ പുരോഗതി കണ്ടുമരിക്കാമെന്ന ആഗ്രഹത്തോടെ.

എം. കെ. അശറഫ് കെ. കൊരാട്ടൻ
അബുദാബി

# വായനക്കാരുടെ കത്തുകൾ

# 27-10-1977 വ്യാഴാഴ്ച മുതൽ

**കേരളത്തിലെ 15 പ്രമുഖ കേന്ദ്രങ്ങളിൽ**

ശ്രീരാജേഷ് പിക്ചേഴ്സ്

# അപരാജിത

R.S.പ്രഭു · ശശികുമാർ

A JOLY RELEASE


(8 ൽ നിന്നും തുടർച്ച)

ടോയിൻബീതന്നെ തൻെറ മഹാഗ്രന്ഥത്തെ സംഗ്രഹിച്ചെഴുതി പ്രസാധനം ചെയ്തു. ചരിത്രസിദ്ധാന്തങ്ങൾക്ക യോജിച്ച പടങ്ങൾ ചേർത്തുകൊണ്ടുള്ള ഈ ഗ്രന്ഥം ചരിത്രദർശനത്തിൽ (Philosophy of history) ഒരു നാഴികക്കല്ലാണ് അതിലെ വിടെയോ ഇന്നത്തെ സാന്മാർഗ്ഗിക നിലവാരത്തെ അദ്ദേഹം അപഹസിച്ചിട്ടുണ്ട്. നാം പരിഷ്കാരമെന്നു വിളിക്കുന്നത് യഥാർത്ഥത്തിൽ ടെക്നോളജി, ശാസ്ത്രം അധികാരപ്രയോഗമാർഗ്ഗങ്ങൾ ഇവയിലുള്ള വളർച്ചമാത്രമാണെന്നും സദാചാരശാസ്ത്രത്തിൻെറ കാര്യത്തിൽ മനുഷ്യന് സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും ഒരു പുരോഗമനവും ഉണ്ടായിട്ടില്ലെന്നും ടോയിൻബി ചൂണ്ടിക്കാണിക്കുന്നു. സാഹിത്യത്തെസ്സംബന്ധിച്ചും ഇതു ശരിയാണ്. യേശുക്രിസ്തുവിനുമുൻപു ജീവിച്ചിരുന്ന വാല്മീകി, ഹോമർ, ഇവരുടെ സാഹിത്യസൃഷ്ടികളെക്കാൾ ഉത്കൃഷ്ടങ്ങളായ കലാശില്പങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ലല്ലോ. എന്നല്ല അനുനിമിഷം നാം അധ:പതിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനുള്ള ഒരു തെളിവാണ് വീക്ഷണം വാരികയിലെ "തവള" എന്ന ചെറുകഥ. (മുഹമ്മദ് ശശിധരൻ എഴുതിയതു്.) തടിമാടനായിട്ടും വിശാഖൻ കിടന്നു മൂത്രമൊഴിക്കുമായിരുന്നു. അവനെ അരുന്ധതി വിവാഹം കഴിച്ചു. അവൾ ഈസേപ്പ് കൊണ്ടുവരുന്ന തവളകളെ പൊരിച്ചുതിന്നു. അങ്ങനെയിരിക്കെ അവൾ ഗർഭിണിയായി; പെററു. കുട്ടി തവളതന്നെ അതിന് ഈസേപ്പിൻെറ ഛായ. തവളയെപ്പോലെ വിരൂപമായ ഇക്കഥ നമ്മുടെ സാഹിത്യത്തിൻെറ ജീർണ്ണതയെ വിളിച്ചുപറയുന്നു. മനുഷ്യൻ പരിഷ്കാരത്തിലേക്കും സംസ്കാരത്തിലേക്കും കുതിക്കുന്നതിനെയാണ് ടോയിൻബി വിപ്ളവമെന്നു വിളിക്കുന്നതു്. ആ വിപ്ളവത്തിൻെറ സൗരഭ്യത്തിൽ ദുർഗ്ഗന്ധം കലർത്തിവിടുന്ന ഇത്തരം ഹീനങ്ങളായ സൃഷ്ടികൾ.

* * *

ശണ്ഠകൂടിയാണ് ഭാര്യ ഭർത്താവിനെ പിണക്കുന്നതു്. പരുഷങ്ങളായ വാക്കുകൾ പ്രയോഗിച്ചാണ് ഭർത്താവ് ഭാര്യയുടെ വിരോധം ക്ഷണിച്ചുവരുത്തുക. മേലുദ്യോഗസ്ഥൻെറ കടുത്ത വാക്കുകളും യോഗ്യനുചേരാത്ത അംഗവിക്ഷേപങ്ങളും കീഴ്ജീവനക്കാരെ വേദനിപ്പിക്കുന്നു. മൃദുലമായി പെരുമാറുന്ന സ്ത്രീയെ എല്ലാവരും ഇഷ്ടപ്പെടുന്നു. സൗജന്യമാധുര്യം പ്രദർശിപ്പിക്കുന്ന പുരുഷനോട് എല്ലാവർക്കും ഇഷ്ടമാണ്. പക്ഷേ, സാഹിത്യത്തെക്കുറിച്ച് എഴുതുന്നവർക്ക് കടുത്ത വാക്കുകൾ പറയാതെ തരമില്ല. അയാളെ പലരും വെറുത്തെന്നു വരും. എങ്കിലും സത്യപ്രചാരണത്തിനുവേണ്ടിയുള്ള ആ യുദ്ധം ആദരണീയമത്രേ. △△△

(57–ൽ നിന്നും തുടർച്ച)

യുന്നില്ല. ആ തത്വശാസ്ത്രം ഉൾക്കൊള്ളാനും അയാൾക്കു കഴിവില്ല. അരാജകതത്വത്തിലേക്കാണ് അയാൾ വഴുതിവീഴുന്നതു്. നാടായ നാടൊക്കെ ലക്ഷ്യബോധമില്ലാതെ അയാൾ ചുററിനടന്നു. ജീവിതവും മരണവും തമ്മിലുള്ള അതിർത്തികൾക്കു നടുവിൽപ്പെട്ടുഴലുന്ന അയാൾ നഗരങ്ങളിലെ ഇടുങ്ങിയ, നാറുന്ന തെരുവുകളിലും നാറുന്നഓടകളിലും റയിൽവേസ്റ്റേഷനുകളിലും പാർക്കുകളിലും അഴുകിയ പാരിജാതപ്പൂവിൻേറയും അഴുകിയ ശരീരങ്ങളുടേയും ഗന്ധം നിറഞ്ഞ കുടുസ്സുമുറികളിൽ വേശ്യകളോടൊപ്പം ശയിച്ചും ചാരായം കുടിച്ചും താറാവിൻമുട്ടതിന്നും പെനിസിലിൻ കുത്തിവച്ചും ഓർമ്മകളുടെ വിഴുപ്പുകെട്ടുചുമന്നുകൊണ്ട് വികാരമില്ലാതെ നടന്നു.

പറങ്കിമല ഇരുളിലാണ്ടുകിടക്കുന്നു. അവിടുത്തെ പ്രഭാതം മരണമാണ്. ആ നിത്യമായ പ്രഭാതത്തെ അന്വേഷിച്ച് അപ്പുക്കുട്ടൻ അലയുന്നു. പറങ്കിമലയുടേയും ഈ പ്രപഞ്ചത്തിൻേറയും അപ്പുക്കുട്ടൻേറയും സകലമാനമനുഷ്യരുടേയും നിത്യസത്യമെന്നേയുള്ളു — മരണം. ജീവിതത്തിൻെറ രഹസ്യമന്വേഷിച്ച്, മരണമെന്ന സത്യമന്വേഷിച്ച്, എല്ലാവരും അലയുന്നു. അപ്പുക്കുട്ടൻെറ ദുഃഖം ഓരോ മനുഷ്യൻേറയും ദുഃഖമാണ്. ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഓരോ മനുഷ്യൻേറയും ദുഃഖം. പറങ്കിമല ഈ ലോകം തന്നെയാണ്— ഞാനും നിങ്ങളും ജീവിക്കുന്ന ലോകം.

---

പറങ്കിമല (നോവൽ) കാക്കനാടൻ വില ക: 9–50 പ്രസാധകർ: സഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം △△

ഗോപൻ

Edited Printed&Published By S. K. Nair at New India Printers Quilon-691013